# ജനപഥം നവംബർ 2012

## കവർ സ്റ്റോറി


6
സപ്തധാരാ പദ്ധതി
പൂർത്തീകരണത്തിന്റെ നിറവിൽ

14
തിരിഞ്ഞു നോക്കുമ്പോൾ
കെ.സി. ജോസഫ്, സാംസ്കാരികമന്ത്രി

16
സുരക്ഷിത ജനത
സുരക്ഷിത സംസ്ഥാനം
അടൂർ പ്രകാശ്, റവന്യൂ-ദുരന്തനിവാരണ മന്ത്രി





4
പഠനത്തിനൊപ്പം
തൊഴിൽ ശിക്ഷണം

20
വിശ്വമലയാള മഹോത്സവം
ചരിത്രത്തിലേയ്ക്ക് ഒരേട്
ദിവ്യ എസ്./ ഹൃദ്യ മേനോൻ

22
ഹൃദയത്തിൽതൊട്ട് ബെൻ ഒക്രി
കിരൺറാം

24
കൊടിയേറുന്നത്
മലയാളത്തനിമയുടെ വസന്തോത്സവം
മനോജ് കെ. പുതിയവിള

26
ഫോട്ടോ ഫീച്ചർ
വിശ്വമലയാള മഹോത്സവം





30
ഇന്നു ഭാഷയിതപൂർണം
പ്രൊഫ. കെ. ശശികുമാർ

32
ഉള്ളുചുട്ടെഴുതിയ കവിത
എസ്. ജോസഫ്

33
ചെമ്മീൻ: സാഹിത്യവും സിനിമയും
എം.സി. രാജനാരായണൻ

36
പാർലമെന്റിന് അറുപത്
നിയമസഭയ്ക്ക് നൂറ്റിഇരുപത്തിയഞ്ച്
എ.കെ. അഗസ്റ്റി

40
കുട്ടികളുടെ ചലച്ചിത്രമേള
കാർത്തിക് വി.ആർ.

44
ദേവഭൂമി ഉത്തരാഞ്ചൽ-യാത്രാവിവരണം
ഉണ്ണിക്കൃഷ്ണൻ ഉളിയക്കോവിൽ

42 ജില്ലകളിലൂടെ
46 വാർത്തയിൽ
48 പെൺജീവിതം
49 ശാസ്ത്രം/ഹരിതജാലകം
50 ചരിത്രത്തിലൂടെ
51 സമീക്ഷ
52 കാലത്തിനൊപ്പം

# പ്രതികരണം




## പ്രവാസം: മുഖലേഖനം അവസരോചിതം

*ഗൾഫ് പ്രവാസത്തിന്റെ 50 വർഷങ്ങൾ* എന്ന ഒക്ടോബർ ലക്കത്തിലെ കവർ സ്റ്റോറി മികവുറ്റതായിരുന്നു. പ്രതീക്ഷയ്ക്ക് വകയില്ലാതിരുന്ന കേരളത്തിന്റെ പച്ചപ്പിന് കാരണമാകും വിധത്തിൽ പ്രവാസിജീവിതത്തിലേക്ക് പറിച്ചുനടപ്പെട്ട മനുഷ്യരെക്കുറിച്ച് പ്രതിപാദിച്ചത് അവസരോചിതമായി. കേരളത്തിൽ സാഹചര്യങ്ങൾ മാറുകയും ആഗോളതലത്തിൽ നിന്ന് നിക്ഷേപകരെ തേടുകയും ചെയ്യുമ്പോൾ തീർച്ചയായും ആദ്യം പരിഗണിക്കപ്പെടേണ്ടവർ പ്രവാസി മലയാളികൾ തന്നെ. ഗൾഫ് പ്രവാസത്തിന്റെ ചരിത്രം വിശദീകരിച്ച മുസാഫിറിന്റെ പറിച്ചുനട്ട ജീവിതങ്ങൾ എന്ന ലേഖനം ആധികാരികവും ഹൃദ്യവുമായി. പ്രവാസ ജീവിതത്തിന്റെ വിവിധ വശങ്ങൾ പ്രതിപാദിച്ച എല്ലാ ലേഖകർക്കും ജനപഥത്തിനും അഭിനന്ദനങ്ങൾ. ഇത്തരത്തിലുള്ള വിജ്ഞാനപ്രദവും വസ്തുനിഷ്ഠവും വിശദവുമായ ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

**ദേവി. എസ്.**
*കുന്നപ്പുഴ, തിരുവനന്തപുരം*

## മലബാറും കേരള സർക്കാരും

ജനപഥം പൊതുവിൽ നല്ല മാസികയാണ്. നമ്മൾ വായിക്കാത്ത-കാണാത്ത-അറിയാത്ത പല കാര്യങ്ങളും ഗവൺമെന്റിന്റെ ഈ മാസികയിൽക്കൂടി നമുക്കു ലഭിക്കുന്നുണ്ട്. ജനപഥം ലക്കം 7 സെപ്റ്റംബർ മാസികയിൽ നിയമ (നിർമാണ) സഭയ്ക്ക് 125 വയസിന്റെ ചെറുപ്പം എന്ന ലേഖനം വളരെ രസകരമായിരുന്നു. പക്ഷെ അതിലൊരു ആക്ഷേപമുള്ളത്, കേരള സർക്കാർ മലബാറിനുവേണ്ടി എന്തൊക്കെയോ പാതി ചെയ്തുകൂട്ടുന്നതുപോലെ തന്നെ തോന്നി ഇതിൽ മലബാറിന്റെ ഭാഗത്ത് എഴുതിയ വിവരണവും. മദ്രാസ് നിയമസഭയിൽ മലബാറിൽനിന്ന് കോഴിപ്പുറത്ത് മാധവമേനോൻ മന്ത്രിയായിട്ടുണ്ട്. എന്റെ ഓർമ ശരിയാണെങ്കിൽ അദ്ദേഹം നിയമമന്ത്രിയോ മറ്റോ ആയിരുന്നു.

പിന്നെ, അഡ്വ. കുക്കു മാധവന്റെ ഡോക്ടർമാർ പ്രൊഫഷണൽ എത്തിക്സ് പഠിക്കേണ്ടതുണ്ടോ? എന്ന ലേഖനം, കേരളത്തിലെ എല്ലാ ഡോക്ടർമാരും വായിച്ചിരുന്നുവെങ്കിൽ എന്നാശിച്ചുപോകുകയാണ്. ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന് എല്ലാ ഭാവുകങ്ങളും.

**വിശ്വനാഥൻ ചെറോട്ട്**
*ചക്കോരത്ത്കുളം, കോഴിക്കോട്*

## മനസ്സിൽ തൊടുന്ന ഏകാന്തത

മലയാളിയുടെ അരനൂറ്റാണ്ടു പിന്നിട്ട പ്രവാസത്തിന്റെ ചെറു ചരിത്രം ഒക്ടോബർ ലക്കത്തിൽ വ്യത്യസ്ത ലേഖനങ്ങളിലൂടെ പ്രവാസി ജീവിതത്തിന്റെ സമഗ്ര കാഴ്ചപ്പാടാണ് നൽകിയത്. *ഏകാന്തതയുടെ അൻപതു വർഷങ്ങൾ* എന്ന ലേഖനം മനസ്സിൽ തൊടുന്ന ഒന്നായിരുന്നു. വരും കാലങ്ങളൽ വിദേശ കുടിയേറ്റത്തേക്കാൾ സ്വദേശത്തെ സാധ്യതകൾ തിരിച്ചറിയുകയാണു വേണ്ടത് എന്നതിനോട് ഏറെയോജിക്കുന്നു. ജനപഥത്തിന്റെ അണിയറ പ്രവർത്തകർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**വിദ്യ. കെ.കെ**
*തത്തമംഗലം*
*പാലക്കാട്*

## സാംസ്കാരികമന്ത്രിയുടെ വെബ്സൈറ്റ് നിലവിൽവന്നു

സാംസ്കാരികമന്ത്രി കെ.സി. ജോസഫിന്റെ വെബ്സൈറ്റ് നിലവിൽവന്നു. ചേംബറിൽ നടന്ന ചടങ്ങിൽ മന്ത്രി വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. ഗ്രാമവികസന-ആസൂത്രണ-നോർക്ക-വിവര പൊതുജനസമ്പർക്കം എന്നിങ്ങനെ മന്ത്രിയുടെ ചുമതലയിലുള്ള വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങളും, ബന്ധപ്പെട്ട വെബ്സൈറ്റുകളിലേക്കുള്ള ലിങ്കുകളും ഇതിൽ നൽകിയിട്ടുണ്ട്. www.minister.rdpc.kerala.gov.in എന്നതാണ് വെബ്സൈറ്റ് അഡ്രസ്. ഐ&പി.ആർ.ഡിയുടെ വെബ് ആന്റ് ന്യൂ മീഡിയ വിഭാഗമാണ് സൈറ്റ് രൂപകല്പന ചെയ്തത്. ഐ&പി.ആർ.ഡി സെക്രട്ടറി ടി.ജെ. മാത്യു, ഡയറക്ടർ എ. ഫിറോസ്, സി-ഡിറ്റിലെ ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2012

പുസ്തകം 1 ലക്കം 9

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**നാഫിഹ് എം.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **അശ്വതി വി.പി.,** പത്തനംതിട്ട
- **പ്രവീൺ എസ്.ആർ.,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1

**ഫോൺ: 0471- 2518171**




# പ്രതിജ്ഞകൾ പാലിച്ച് സപ്തധാരാ പദ്ധതികൾ

പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമ്പോഴാണ് സർക്കാരിന് ജനകീയതയും വിശ്വാസ്യതയും ആർജിക്കുവാൻ കഴിയുന്നത്. 2011 നവംബറിൽ സർക്കാർ സവിശേഷമായ ഏഴു പദ്ധതികൾ - സപ്തധാരാപദ്ധതികൾ - പ്രഖ്യാപിക്കുകയുണ്ടായി. സുതാര്യം, സുന്ദരം, സമൃദ്ധം, സുദൃഢം, ആരോഗ്യകരം, വിവരവിജ്ഞാനാധിഷ്ഠിതം, സംതൃപ്തം ഇങ്ങനെ ഏഴു വിഭാഗങ്ങളിലായി 664 പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി. ഇതിൽ 374 എണ്ണം പൂർണമായി നടപ്പിലാക്കി. 235 എണ്ണം നടപ്പിലാക്കിവരുന്നു. സപ്തധാരാപദ്ധതികളുടെ നടത്തിപ്പിൽ 91.71 ശതമാനം കൈവരിക്കാൻ കഴിഞ്ഞത് ഒരു സർക്കാരിനെ സംബന്ധിച്ച് വലിയ നേട്ടംതന്നെയാണ്.

സേവനാവകാശ നിയമം നിയമസഭ പാസാക്കി. നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇന്ന് കേരളം നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം മാലിന്യമാണ്. മാലിന്യ സംസ്കരണത്തിന് സിയാൽ മാതൃകയിൽ കമ്പനി രൂപീകരിക്കുവാൻ തീരുമാനമായി. മറ്റൊരു സ്വപ്നപദ്ധതിയായ കൊച്ചിയിലെ മെട്രോ റെയിലിന് തറക്കല്ലിട്ടു. ആദ്യഘട്ടത്തിന് 154 കോടി രൂപ അനുവദിക്കുകയും ചെയ്തു. തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികളിൽ കോഴിക്കോടിന്റെ സാധ്യതാപഠനം പൂർത്തിയായി. കണ്ണൂർ വിമാനത്താവളത്തിന്റെ പരിസ്ഥിതിപഠനം പൂർത്തിയായി. ഇങ്ങനെ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിപക്ഷവും നടപ്പിലാക്കുന്നതിനോ പുരോഗതി കൈവരിക്കുന്നതിനോ കഴിഞ്ഞുവെന്നത് ഒരു സർക്കാരിനെ സംബന്ധിച്ച് അഭിമാനിക്കാവുന്ന കാര്യമാണ്.

ഇതോടൊപ്പം കേരളപ്പിറവി ദിനത്തിൽത്തന്നെ നമ്മുടെ തനതു സംസ്കാരവും ഭാഷയും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും തിരൂരിൽ മലയാള സർവകലാശാല ആരംഭിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ യശസ്സേറ്റും. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല. ഇത് നമ്മുടെ സുവർണ്ണ മുഹൂർത്തമാണ്. ഭാഷയ്ക്കു മാത്രമായി ഒരു സർവകലാശാല.

ഗൃഹാതുര സ്മരണകളുണർത്തുന്ന കേരളപ്പിറവിക്ക് ഇപ്പോൾ 56 വയസായി. ഭാഷാടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിന് കേരളമെന്ന സംസ്ഥാനത്തിന് അതിർത്തികൾ നിശ്ചയിക്കപ്പെട്ടു. വി.പി. മേനോൻ എന്ന പ്രഗത്ഭനായ ഒരു മലയാളി ഉദ്യോഗസ്ഥന്റെ നിശ്ചയദാർഢ്യമായിരുന്നു അന്നു ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെടുവാൻ കാരണം. മലയാളമാണ് ഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്നതെങ്കിലും കന്നട, തമിഴ് ഭാഷാന്യൂനപക്ഷങ്ങളും ആദിവാസിഭാഷ സംസാരിക്കുന്നവരും നമ്മോടൊപ്പമുണ്ട്. മാത്രമല്ല ഒരു സംസ്ഥാനമെന്ന അതിർത്തിക്കുള്ളിൽ മലയാളമെന്ന ഭാഷ എത്രയോ ശബ്ദവൈജാത്യങ്ങളും പ്രയോഗവൈജാത്യങ്ങളും നിറഞ്ഞതാണെന്ന് നമുക്കറിയാം. നമുക്ക് 14 ജില്ലകളുണ്ട്. ഓരോ ജില്ലയ്ക്കും തനതായ നാട്ടുഭാഷയുണ്ട്. കണ്ണൂരിനും കാസർകോട്ടിനും തൃശൂരിനും കോട്ടയത്തിനും തിരുവനന്തപുരത്തിനും വ്യത്യസ്തമായ വായ്മൊഴിശൈലികളുണ്ട്. എത്രയോ വൈവിധ്യമാർന്നതാണ് അവയൊക്കെത്തന്നെയും. കൂടാതെ ഓരോ നാട്ടുമ്പുറത്തിനും തനതായ കലാരൂപങ്ങളുമുണ്ട്. ആഘോഷങ്ങളുമുണ്ട്. ഇങ്ങനെ വിവിധവും വ്യത്യസ്തവുമായ അനേകം സംസ്കാരങ്ങളുടെ കൂട്ടായ്മയാണ് കേരളം എന്ന പ്രദേശം.

കർമനിരതമായ ഒരു സർക്കാരിനെ സംബന്ധിച്ച് ആനന്ദനിമിഷങ്ങളാണിത്. കേരളം അരനൂറ്റാണ്ടുപിന്നിടുമ്പോൾ നമുക്ക് ഇനിയും ഒരുപാടു കാതം മുന്നോട്ടു സഞ്ചരിക്കുവാനുണ്ട്.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

# പഠനത്തിനൊപ്പം തൊഴിൽ ശിക്ഷണം



അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം സംസ്ഥാനതല ഉദ്ഘാടനം വഴുതക്കാട് വിമൺസ് കോളേജിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

**കേന്ദ്രസർക്കാരിന്റെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്ന നവീന പദ്ധതി ആദ്യമായി കേരളത്തിൽ നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സ്കൂൾ കോളേജ് വിദ്യാഭ്യാസത്തോടൊപ്പംതന്നെ ഏതെങ്കിലുമൊരു തൊഴിലിൽ വിദ്യാർഥിയെ പ്രാപ്തമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.**

പതിനഞ്ചുവർഷം വിദ്യാഭ്യാസം നടത്തിയാലും തൊഴിൽ ചെയ്യുന്നതിനുള്ള പ്രാപ്തി ഒരു വ്യക്തിക്ക് കൈവരുന്നില്ല എന്നതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ പ്രധാന ന്യൂനതകളിലൊന്ന്. നമ്മുടെ പൗരാണിക സങ്കല്പമനുസരിച്ച് വിദ്യയെന്നത് ജ്ഞാനവുമായി ബന്ധപ്പെടുത്തിയാണ് കണ്ടിരുന്നത്. ജ്ഞാനികൾ തൊഴിലുമായി ബന്ധപ്പെട്ടിരുന്നില്ലെന്നു മാത്രമല്ല അതിന് ജാതിക്രമത്തിൽ മറ്റു ജനവിഭാഗങ്ങളെ നിലനിർത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിരുന്നു. ജാതിക്രമത്തിലധിഷ്ഠിതമായ തൊഴിൽബന്ധം നിലനിന്നിരുന്ന സമൂഹമെന്ന നിലയിൽനിന്ന് നാം എത്രയോ മുന്നോട്ടുപോയിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കൊളോണിയൽ ഭരണവർഗം തുടക്കമിട്ട വിദ്യാഭ്യാസ സങ്കല്പത്തിൽനിന്ന് അടിസ്ഥാനപരമായി നമുക്ക് മുന്നോട്ടു പോകുന്നതിന് കഴിഞ്ഞില്ല. ഗുമസ്തരെ സൃഷ്ടിക്കുന്നതിനുള്ള വിദ്യാഭ്യാസ പദ്ധതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് നാളിതുവരെയുള്ള വിദ്യഭ്യാസ രീതി.

ജാതിക്രമത്തിൽ പൊളിച്ചെഴുത്തു നടന്നതോടുകൂടിത്തന്നെ കൊളോണിയൽ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. ജനാധിപത്യ സംവിധാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ജനതയ്ക്കാവശ്യമായ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് 15 വർഷം തുടർച്ചയായി വിദ്യാഭ്യാസം നടത്തിയാലും ഒരാൾക്ക് സ്വയം നിലനിൽക്കുന്നതിന് പ്രാപ്തിയില്ലാതാകുന്നത്.

## നവീന പദ്ധതി

കേരളം എന്നും ഭാരതത്തിന് മാതൃകയാണ്. ഇപ്പോൾ വീണ്ടും മറ്റൊരു പരീക്ഷണത്തിന് മുന്നിട്ടിറങ്ങിക്കൊണ്ട് ഭാരതത്തിന് മാതൃകയാകുവാൻ തയാറെടുക്കുന്നു. കേന്ദ്ര സർക്കാരിന്റെ അധീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്ന നവീന പദ്ധതി ആദ്യമായി കേരളത്തിൽ നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തോടൊപ്പം തന്നെ ഏതെങ്കിലുമൊരു തൊഴിലിൽ വിദ്യാർഥിയെ പ്രാപ്തമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.



## അധിക നൈപുണ്യ സമ്പാദന പദ്ധതി

നമ്മുടെ സംസ്ഥാനം മുൻകാലത്ത് ഗുണമേന്മയുള്ള മനുഷ്യശക്തിയുടെ ഉറവിടമായിരുന്നു. രാജ്യത്തിനുള്ളിലും പുറത്തും തൊഴിൽ വൈദഗ്ധ്യമുള്ളവരെ നൽകുവാൻ നമുക്കു കഴിഞ്ഞിരുന്നു. എന്നാൽ കാലാനുസൃതമായി നമ്മൾ തുടർന്നുവന്ന വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ നൈപുണ്യമേഖലയിൽ ഊന്നൽ നൽകിയിട്ടുള്ളതായിരുന്നില്ല. ഇത് സംസ്ഥാനത്ത് തൊഴിൽരാഹിത്യ പ്രശ്നത്തിന് കൂടുതൽ രൂക്ഷത നൽകി. തൊഴിൽ നൈപുണ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക മാത്രമാണ് ഈ പ്രശ്നത്തിനുള്ള പോംവഴി. അധീഷണൽ സ്കിൽ അക്വിസിഷൻ പരിപാടി ഉന്നത-പൊതുവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്നത് ഈയൊരു ലക്ഷ്യം മുൻനിർത്തിയാണ്.

സ്കൂൾ-കോളേജുതല അധ്യയനത്തോടൊപ്പം തന്നെ പ്രത്യേക തൊഴിൽ വൈദഗ്ധ്യം നേടുകയെന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, ആർട്സ്-സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നു. തുടക്കത്തിൽ ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ 140 സർക്കാർ സ്കൂളുകളിലും എല്ലാ സർക്കാർ ആർട്സ്-സയൻസ് കോളേജുകളിലും ഈ പദ്ധതി തുടങ്ങുന്നു.

> സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനൊപ്പം വ്യവസായ മേഖലയിലെ അക്രഡിറ്റേഷൻ ഏജൻസികളും ചേർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് അതതു തൊഴിൽ മേഖലയിലുള്ള സ്ഥാപനങ്ങളിൽ പരിഗണന ലഭിക്കും.

## പദ്ധതി എന്ത്? എവിടെ നടപ്പാക്കുന്നു?

ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത് പ്ലസ് വൺ ക്ലാസിലും ബിരുദതലത്തിൽ ഒന്നാം വർഷ ക്ലാസിലുമാണ്. 30 വിദ്യാർഥികൾ വീതമുള്ള രണ്ടു ബാച്ചുകൾ ഒരു വിദ്യാലയത്തിലുണ്ടാകും. അതതു വിദ്യാലയത്തിലെ കുട്ടികളെയാണ് പരിഗണിക്കുക. തൊഴിൽ നൈപുണ്യം നേടാനുള്ള കുട്ടികളുടെ വാസനയും താത്പര്യവും പരിഗണിച്ചായിരിക്കും കുട്ടികളെ ഈ കോഴ്സിലേക്ക് തിരഞ്ഞെടുക്കുക. 300 മണിക്കൂർ അധ്യായനമാണുള്ളത്. ഇതിൽ 180 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാനവിവരങ്ങളും ചേർന്ന് ഫൗണ്ടേഷൻ മോഡ്യൂൾ എല്ലാ വിദ്യാർഥികളും നിർബന്ധമായും പഠിച്ചിരിക്കണം. ശേഷമുള്ള 120 മണിക്കൂർ സ്കിൽ മോഡ്യൂൾ വിവിധ തൊഴിൽ മേഖലകളിൽ അധിഷ്ഠിതമായ പാഠ്യപദ്ധതിയുമായിരിക്കും. ഈ മോഡ്യൂളിന് രൂപം നൽകുന്നത് അതതു തൊഴിൽ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെയാണ്. ഉദാഹരണമായി ഐ.ടി. മോഡ്യൂളിന് രൂപം നൽകിയിട്ടുള്ളത് സോഫ്ട്‌വെയർ അസോസിയേഷനായ NASSCOM ആണ്. ഫിനാൻഷ്യൽ സർവീസസ് കോഴ്സിനുള്ള മോഡ്യൂളിന് രൂപം നൽകിയിട്ടുള്ളത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻഡ് വർക്ക്സ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയാണ്.

## തൊഴിൽ മേഖലകൾ

ഐടി, ഫിനാൻസ് സർവീസസ്, ഹോസ്പിറ്റാലിറ്റി, ഹോട്ടൽ മാനേജ്മെന്റ്, ഓർഗനൈസ്ഡ് റീട്ടെയിൽ, ഹെൽത്ത് കെയർ തുടങ്ങിയ തൊഴിൽ മേഖലകളാണ് കോഴ്സിനു തിരഞ്ഞെടുത്തിട്ടുള്ളത്. തുടക്കത്തിൽ ഐടി, ഫിനാൻസ് സർവീസസ് എന്നീ മേഖലകളിലായിരിക്കും കോഴ്സ് തുടങ്ങുക. തിയറിയേക്കാൾ പ്രാക്ടിക്കലിന് പ്രാമുഖ്യം നൽകുന്നതിനായി സിലബസിന്റെ 55 ശതമാനം പ്രാക്ടിക്കലിനായി നീക്കിവച്ചിട്ടുണ്ട്.

## അധ്യാപകർ-ട്രെയ്നർ

ഓരോ വിദ്യാർഥിയേയും ഒരു പ്രത്യേക തൊഴിൽ പരിശീലനം നൽകേണ്ടതിനാൽ തന്നെ അധ്യാപകർ ട്രെയ്നർ എന്നറിയപ്പെടുന്നു. ടെസ്റ്റുകളിലൂടെയും ഇന്റർവ്യൂകളിലൂടെയും യോഗ്യരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിവിധതലത്തിൽ തീവ്രപരിശീലനം നൽകും. അതിനായി വ്യവസായ സംഘടനകളായ NASSCOM, CII, ICWA, FICCI തുടങ്ങിയവയുടെ വിദഗ്ധരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തും.

## അധ്യയന സമയം

സ്കൂൾ-കോളേജ് സമയത്തിനു പുറത്തുള്ള സമയമായിരിക്കും അധ്യയന സമയമായി തിരഞ്ഞെടുക്കുക. ദിവസവും ഒരു മണിക്കൂറായി ഇത് നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവധി ദിവസങ്ങളിലും ശനിയാഴ്ചകളിലും കൂടുതൽ സമയം ക്ലാസുണ്ടാകും.

## വിലയിരുത്തൽ

ഫൗണ്ടേഷൻ മോഡ്യൂളിന്റെ വിലയിരുത്തൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പും സ്കിൽ മോഡ്യൂളിന്റെ വിലയിരുത്തൽ അതതു വ്യവസായമേഖലയിലെ അക്രഡിറ്റേഷൻ ഏജൻസികളും നടത്തുന്നതാണ്.

## സർട്ടിഫിക്കറ്റ്

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അതതു മേഖലയിലെ വ്യവസായ അക്രഡിറ്റേഷൻ ഏജൻസികളും ചേർന്നു നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കും. അതതു മേഖലകളിൽ തുടർവിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടായിരിക്കും.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനൊപ്പം വ്യവസായ മേഖലയിലെ അക്രഡിറ്റേഷൻ ഏജൻസികളും ചേർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് അതതു തൊഴിൽ മേഖലയിലുള്ള സ്ഥാപനങ്ങളിൽ പരിഗണന ലഭിക്കും. സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും എല്ലാ സർക്കാർ കോളേജുകളിലും നവംബർ ഒന്നിന് ക്ലാസുകൾ ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് www.ssdp.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ■



# സപ്തധാരാ പദ്ധതി പൂർത്തീകരണത്തിന്റെ നിറവിൽ

**യു.ഡി.എഫ് സർക്കാരിന്റെ ഒരു വർഷകർമപരിപാടിയിൽ 91.71 ശതമാനം നേട്ടം. 2011 നവംബർ മുതൽ 2012 ഒക്ടോബർ വരെയുള്ള കാലയളവിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന 664 പദ്ധതികളിൽ 374 എണ്ണം പൂർണമായി നടപ്പാക്കി. 235 എണ്ണം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സർക്കാർ അധികാരമേറ്റ ഉടൻ പ്രഖ്യാപിച്ച നൂറുദിനപരിപാടിയിൽ ഉൾപ്പെടുത്തിയ 107 പദ്ധതികളിൽ 102 എണ്ണം നടപ്പാക്കിയിരുന്നു.**

**കേരളത്തിന്റെ 'വികസനവും കരുതലും' എന്ന ലക്ഷ്യത്തിലേക്ക് ഏഴ് മേഖലകളിലായി 2011 നവംബർ 17നാണ് ഒരു വർഷകർമപരിപാടി പ്രഖ്യാപിച്ചത്. സമഗ്രവികസനം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച 'സപ്തധാരാ പദ്ധതി'കളുടെ മികച്ച പൂർത്തീകരണം വികസിത കേരളത്തിന് സുശക്തമായ അടിത്തറയാവും.**

**പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് ...**

## സപ്തധാരകൾ

1 സുതാര്യം – അഴിമതിരഹിതവും സുതാര്യവുമായ ഭരണം
2 സുന്ദരം – മാലിന്യനിർമാർജനവും പരിസ്ഥിതി സംരക്ഷണവും
3 സമൃദ്ധം – സാമ്പത്തികരംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ
4 സുദൃഢം – സുശക്തമായ അടിസ്ഥാനസൗകര്യങ്ങൾ
5 ആരോഗ്യകരം – മികച്ച ചികിത്സാ സൗകര്യങ്ങൾ എല്ലാവർക്കും
6 വിവര വിജ്ഞാനാധിഷ്ഠിതം – വിവരവിജ്ഞാന മേഖലയിൽ കുതിപ്പ്
7 സംതൃപ്തം – മാനവശേഷി വികസനവും സുരക്ഷയും ക്ഷേമവും



1. **സുതാര്യം**

**അഴിമതിരഹിതവും സുതാര്യവുമായ ഭരണം.**

27 പരിപാടികൾ പ്രഖ്യാപിച്ചതിൽ 17 എണ്ണം പൂർണമായി നടപ്പാക്കി. 9 എണ്ണം നടപ്പാക്കി വരുന്നു.

സേവനാവകാശ ബിൽ നിയമസഭ പാസാക്കി. നിയമം ഉടനെ നടപ്പാക്കും. അഴിമതിക്കെതിരേ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിസിൽ ബ്ലോവർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. മൂന്നു മാസത്തിനുള്ളിൽ അവ നടപ്പാക്കും.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ നടത്താൻ റീസ്ട്രക്ചറിങ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡിനെ (റിയാബ്) ചുമതലപ്പെടുത്തി.

സർക്കാരിൽ നിന്നു ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനാക്കുന്ന സംവിധാനവും സുതാര്യമായ രീതിയിൽ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടപ്പാക്കുന്നതിനുള്ള നയരൂപീകരണവും അവസാനഘട്ടത്തിൽ. ഫയലുകളുടെ നീക്കം നിരീക്ഷിക്കുന്നതിനായി നിലവിലുള്ള IDEAS (Information & Data Exchange Advanced System) സംവിധാനം സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കി. 982 പഞ്ചായത്തുകളിൽ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു. പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ഏതു വിഷയവും 9497900000 എന്ന നമ്പരിലേക്ക് അയയ്ക്കാൻ സംവിധാനം. നികുതി വകുപ്പിൽ ഇ-പേയ്മെന്റും പൊതുമരാമത്ത് ഉൾപ്പെടെ നാലു വകുപ്പുകളിൽ ഇ-ടെൻഡറും ഏർപ്പെടുത്തി. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ടോട്ടൽ ഫയൽ മൂവ്മെന്റ് സംവിധാനവും തിരുവനന്തപുരത്ത് മോട്ടോർ വെഹിക്കിൾ വകുപ്പിൽ ഇ പേയ്മെന്റും നിലവിൽ വന്നു. മറ്റു ജില്ലകളിൽ നടപ്പാക്കിവരുന്നു.

പൊതുമരാമത്ത് വകുപ്പിൽ പൂർണ്ണമായി ഇ-ടെൻഡറിംഗ് നടപ്പാക്കി. പൊതുമരാമത്ത്, ഊർജ്ജം, ജലവിഭവ വകുപ്പുകളിലും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തി. എല്ലാ വകുപ്പുകളിലും 25 ലക്ഷത്തിന് മുകളിലിലുള്ള പർച്ചേസും പ്രവൃത്തികളും ഇ-പ്രൊക്യൂർമെന്റ് വഴിയാക്കി. വനം, നിയമം, വിജിലൻസ് വകുപ്പുകൾ അദാലത്തുകൾ നടത്തി.

2. **സുന്ദരം**

**മാലിന്യനിർമാർജനവും പരിസ്ഥിതി സംരക്ഷണവും**

33 പരിപാടികൾ പ്രഖ്യാപിച്ചതിൽ 12 എണ്ണം പൂർണമായി നടപ്പാക്കി. 15 എണ്ണം നടപ്പാക്കി വരുന്നു.

മാലിന്യസംസ്കരണത്തിന് സിയാൽ മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചു. 26% സർക്കാരും 74% സ്വകാര്യകമ്പനിയുമാകും മുതൽ മുടക്കുക. ബസ് ഷെൽട്ടർ, കുടിവെള്ള വിതരണം, പൊതു ടോയ്‌ലറ്റ് എന്നീ സിയാൽ മോഡൽ കമ്പനികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിൽ സഞ്ചരിക്കുന്ന മാലിന്യ സംസ്കരണ യന്ത്രം പ്രവർത്തിച്ചു തുടങ്ങി. പ്രതിദിനം 15 ടൺ മാലിന്യം കത്തിച്ചുകളയും. ചാലയിൽ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന പുതിയ തെർമൽ പ്ലാന്റ് അടുത്ത മാർച്ചിൽ കമ്മീഷൻ ചെയ്യും. കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ പ്ലാന്റുകളുടെ ടെൻഡർ അന്തിമഘട്ടത്തിൽ. മാലിന്യ നിർമാർജന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന വ്യക്തികൾക്ക് 75% (5000 രൂപവരെ) സബ്സിഡി ലഭിക്കും. കമ്പോസ്റ്റ് നിർമാണത്തിന് 90% സബ്സിഡിയുണ്ട്. നിലവിലുള്ള പ്ലാന്റുകൾ ആധുനികവത്ക്കരിക്കാനുള്ള നടപടി പൂർത്തിയായി. മുൻ സർക്കാരിന്റെ കാലത്ത് ശുചിത്വമിഷന് നാലു കോടി രൂപ വകയിരുത്തിയിടത്ത് 2012–13ൽ 178 കോടി രൂപ വകയിരുത്തി. ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക, നിലവിലുള്ള പ്ലാന്റുകൾ ആധുനികവത്കരിക്കുക, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുക എന്നിവയാണു പരിപാടികൾ.

തെരഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിലെ 400 ഏക്കറിൽ ജൈവകൃഷി ആരംഭിച്ചു. സെസിന്റെ കീഴിൽ ഗ്രീൻ ടെക്നോളജി സെന്റർ തുറന്നു. 3,000 ബയോഗ്യാസ് പ്ലാന്റുകളും സ്കൂളുകളിലും അങ്കനവാടികളിലും 6,000 പുകരഹിത അടുപ്പുകളും നൽകി. 96 പഞ്ചായത്തുകളിൽ പ്ലാസ്റ്റിക്




**പച്ചക്കറി സംഭരണത്തിനും വിപണനത്തിനുമായി ഹോർട്ടിക്കൾച്ചർമിഷന് അനുവദിച്ച വാഹനത്തിന്റെ താക്കോൽ കൃഷിവകുപ്പ് മന്ത്രി കെ.പി. മോഹനൻ കൈമാറുന്നു**




**എമർജിങ് കേരളയുടെ ഉദ്ഘാടനം കൊച്ചിയിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് നിർവഹിക്കുന്നു**

നിർമാർജന യൂണിറ്റുകൾ ആരംഭിച്ചു.

എല്ലാ വീടുകളിലും കക്കൂസുള്ള രാജ്യത്തെ രണ്ടാമത്തെ നിർമൽ സംസ്ഥാനം എന്ന പദവിയിലേക്കു കേരളം നീങ്ങുന്നു. അവശേഷിക്കുന്ന 19 പഞ്ചായത്തുകളിൽ ഈ വർഷം ലക്ഷ്യം കൈവരിക്കും.

'എന്റെ മരം' പദ്ധതിയിൽ 1 മുതൽ 4 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് 2012 ജൂൺ വരെ 14.67 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു. ക്ഷേത്രക്കുളങ്ങൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നത പദ്ധതിക്കു തുടക്കമിട്ടു.

ജയിലുകളിൽ 85 ലക്ഷം രൂപ മുടക്കി ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ചു വരുന്നു. 5 കോർപ്പറേഷനുകളിലും 60 മുനിസിപ്പാലിറ്റികളിലും എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനു ടെൻഡർ നടപടികൾ പൂർത്തിയായി. ശ്രീകാര്യത്ത് എനർജി മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനു തറക്കല്ലിട്ടു. രാജ്യത്ത് ആദ്യത്തെ ഇൻസ്റ്റിറ്റ്യൂട്ട് ആണിത്. 3,050 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു.

### 3. സമൃദ്ധം

### സാമ്പത്തികരംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ

110 പരിപാടികളിൽ 72 എണ്ണം നടപ്പാക്കി. 35 എണ്ണം നടപ്പാക്കിവരുന്നു.

എമേർജിങ് കേരള വിജയകരമായി നടത്തി. അതിൽ ഉയർന്ന നിക്ഷേപ നിർദേശങ്ങളുടെ തുടർ നടപടികൾക്കായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ചീഫ് സെക്രട്ടറി അധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു. ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിക്കുന്നതാണ്. 2014ൽ വീണ്ടും എമേർജിങ് കേരള നടത്തും. എമേർജിങ് കേരളയുടെ തുടർച്ചയായി ഇലക്ട്രോണിക്സ് ആന്റ് ഹാർഡ് വെയർ, ഫുഡ് ആന്റ് ആഗ്രോ പ്രോസസിംഗ്, ലൈഫ് സയൻസസ്, പെട്രോ കെമിക്കൽ, ചെറുകിട ഇടത്തരം വ്യവസായങ്ങൾ എന്നിവയെക്കുറിച്ച് അന്തർദേശീയ സെമിനാറുകൾ നടത്തും.

കൊച്ചി മെട്രോ റെയിലിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. 4,500 കോടി രൂപയുടെ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുതൽ മുടക്കും. മേൽപ്പാലം പണിയുന്നതിനു സ്ഥലമെടുക്കാൻ കൊച്ചി നഗരസഭയ്ക്ക് 48 കോടി രൂപ നൽകി. ആദ്യഘട്ടം 154 കോടി രൂപ അനുവദിച്ചു.

തിരുവനന്തപുരം (5,100 കോടി)കോഴിക്കോട് (4,500 കോടി) മോണോ റെയിൽ പദ്ധതികളിൽ കോഴിക്കോടിന്റെ സാധ്യതാപഠനം പൂർത്തിയായി. കോഴിക്കോട് 14 കിലോമീറ്ററും തിരുവനന്തപുരത്ത് 22 കിലോമീറ്ററുമാണ് ദൈർഘ്യം. ഇരു പദ്ധതികൾക്കുമായി സംസ്ഥാന ബജറ്റിൽ 20 കോടി വകയിരുത്തി. തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിലിന്റെ വിശദപഠന റിപ്പോർട്ട് ഡി.എം.ആർ.സി. തയാറാക്കിവരുന്നു. സംസ്ഥാന ബജറ്റിൽ 50 കോടി രൂപ വകയിരുത്തി.

ദേശീയ ഗെയിംസ് 17 വേദികളുടെ നിർമാണ പ്രവർത്തനം അന്തിമഘട്ടത്തിലേക്ക്. 2,100 കോടിയുടെ സ്മാർട്ട് സിറ്റി പദ്ധതി പുരോഗമിക്കുന്നു. 5 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ആസ്ഥാനമന്ദിരത്തിന്റെ ശിലാസ്ഥാപനവും പവലിയന്റെ ഉദ്ഘാടനവും നടന്നു. സ്മാർട്സിറ്റിയുടെ മാർക്കറ്റിംഗ് കം സെയിൽസ് വിഭാഗം പ്രവർത്തനം ആരംഭിച്ചു. മാസ്റ്റർ പ്ലാനിനും അന്തിമരൂപമായി.

വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ റോഡ്, റെയിൽ, വെള്ളം എന്നിവയുടെ പണികൾ മുന്നോട്ട്. പദ്ധതിക്ക് 2012-13 ബജറ്റിൽ 224 കോടി രൂപ വകയിരുത്തി. പാരിസ്ഥിതിക പഠനം ഈ വർഷം തന്നെ പൂർത്തിയാകും. അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനുള്ള പദ്ധതി മുന്നോട്ട്. കേന്ദ്രസർക്കാർ നിയോഗിച്ച അഴീക്കൽ ടെക്നിക്കൽ കമ്മിറ്റി സ്ഥലം സന്ദർശിച്ചു. 60 ലക്ഷം രൂപ ചെലവാക്കി ഭൂമി ഏറ്റെടുത്തു. ചാനൽ ആഴം കൂട്ടുന്നതിനു ഡ്രഡ്ജിംഗ് നടത്തി.

കണ്ണൂർ വിമാനത്താവളത്തിന്റെ പരിസ്ഥിതിപഠനം പൂർത്തിയായി. വിശാലമായ പദ്ധതി രൂപരേഖ തയാറാക്കി. ടെൻഡർ നടപടികളുമായി മുന്നോട്ട്. 1,277 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുത്തു. കുറഞ്ഞ ഓഹരിവില 2,001,00 രൂപയിൽനിന്ന് 50,000 രൂപയാക്കി കുറച്ചു. എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ 334 ഏക്കറിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക്സ് പാർക്കിന് സ്ഥലമെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചു.




**കൊച്ചി മെട്രോ റെയിലിന്റെ ശിലാസ്ഥാപനചടങ്ങിൽ നിന്ന്**

കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായി. ദേശീയപാതയുടെ 50 കിലോമീറ്റർ ചുറ്റളവിലുള്ള വിവിധ സെന്ററുകളിലാണ് ഇത് വികസിപ്പിച്ചെടുക്കുന്നത്. സ്വകാര്യമേഖലയിൽനിന്ന് 50,000 കോടിയുടെയും കേന്ദ്രത്തിന്റെ 15,000 കോടിയുടെയും നിക്ഷേപമാണ് വ്യാവസായിക ഇടനാഴിയിൽ പ്രതീക്ഷിക്കുന്നത്. കളമശ്ശേരി ഹൈടെക് പാർക്കിന്റെ നിർമാണം തുടങ്ങി.

ദേശീയപാത 17-ലും 47-ലും സ്ഥലമെടുപ്പിനുള്ള കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചു. വാളയാർ-വടക്കാഞ്ചേരി ഭാഗത്തെ സ്ഥലം പൂർണ്ണമായി ഏറ്റെടുക്കുകയും പണി തുടങ്ങുന്നതിനു കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.

കെ.എസ്.ടി.പി. രണ്ടാം ഘട്ടം പദ്ധതിയിൽ 367 കി.മീ ദൈർഘ്യമുള്ള 7 റോഡുകളുടെ നവീകരണവുമായി മുന്നോട്ടു പോകും. ഇവയിൽ പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡ് ഒഴികെയുള്ളവയുടെ 98% സ്ഥലവും ഏറ്റെടുത്തു. ഈ പദ്ധതിയുടെ ജനറൽ ദർഘാസ് പ്രസിദ്ധീകരിച്ചു. 2013 ജനുവരിയിൽ കരാർ ഒപ്പുവെക്കും.

കെ.എസ്.ഐ.ഡി.സി.യും ഗെയിൽ ഗ്യാസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു. കമ്പനിയുടെ ബിസിനസ്സ് പ്ലാൻ പൂർത്തിയായി. സ്റ്റീൽ ഉൽപ്പാദന സംരംഭകർക്കു വേണ്ടി പാലക്കാട് കേന്ദ്രീകരിച്ച് ഗ്യാസ് പവർ പ്ലാന്റ് രൂപീകരിക്കുന്നതിനും കൊച്ചിയിൽ ഗ്യാസ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സി.എൻ.ജി. ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. ആളുകൾക്ക് ദ്രവരൂപത്തിൽ വാതകം എത്തിക്കാൻ സാധിക്കും.

വ്യവസായ സംരംഭങ്ങൾക്ക് ഓൺലൈൻ ഏകജാലക ക്ലിയറൻസ് നൽകാൻ കെ.എസ്.ഐ.ഡി.സി. വെബ്സൈറ്റ് ഡവലപ്പറെ നിയമിച്ചു. വകുപ്പുകളിൽ നിന്നും ക്ലിയറൻസിനുള്ള മാതൃക നിർമിക്കുകയും അപേക്ഷഫോറം ഡിജിറ്റൽ ആക്കുകയും ചെയ്തു. പഠിക്കുമ്പോൾ തന്നെ വ്യവസായ സംരംഭം തുടങ്ങാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന വിദ്യാർഥി സംരംഭക പദ്ധതിക്കു തുടക്കമായി. ഇതനുസരിച്ച് സംരംഭകന് നാലു ശതമാനം മാർക്കും ഹാജരിൽ 20 ശതമാനം ഇളവും നൽകും. തൃക്കാക്കര കിൻഫ്ര പാർക്കിൽ ഒരു ലക്ഷം ചതുരശ്രയടി സ്ഥലവും പാർക്കിന് സമീപം 25 സെന്റു സ്ഥലവും സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതിക്കു കൈമാറും. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി.

കൃഷിയിലും വ്യവസായത്തിലും സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ സ്വയംസംരംഭകമിഷന് തുടക്കംകുറിച്ചു. പതിനായിരം ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയാണു ലക്ഷ്യം. ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യക്ഷമായും അഞ്ചു ലക്ഷം പേർക്ക് പരോക്ഷമായും പദ്ധതിയിലൂടെ തൊഴിൽ ലഭിക്കും. വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം നേടാനും അവർക്കുള്ള കഴിവുകൾ മെച്ചപ്പെടുത്താനുമുള്ള തൊഴിൽ വൈദഗ്ധ്യ വികസന പദ്ധതി നടപ്പാക്കി. 300 മണിക്കൂർ തൊഴിൽ പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് സ്കിൽ സർട്ടിഫിക്കറ്റ് നൽകും.

കേരളത്തിന്റെ സ്വന്തം വിമാനകമ്പനിയായ എയർകേരളയുമായി മുന്നോട്ട്. ഓഹരി വില പതിനായിരം രൂപ. എയർ കേരളയുടെ 26% ഓഹരി സംസ്ഥാന സർക്കാരിനും സിയാലിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കുമാണ്. 74% ഓഹരി പൊതുജനങ്ങളിൽ നിന്ന് സമാഹരിക്കും.

### 4. സുദൃഢം

### സുശക്തമായ അടിസ്ഥാനസൗകര്യങ്ങൾ

193 പദ്ധതികളിൽ 87 എണ്ണം പൂർണമായി നടപ്പാക്കി. 91 എണ്ണം നടപ്പാക്കി വരുന്നു.



**തിരുവനന്തപുരം നഗരത്തിലെ റോഡ് വികസനപദ്ധതിയുടെ രണ്ടാംഘട്ട ഉദ്ഘാടനം വി.ജെ.ടി. ഹാളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ്, മന്ത്രി വി.എസ്. ശിവകുമാർ സമീപം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള 8,570 കിലോമീറ്റർ റോഡ് പൊതുമരാമത്ത് ഏറ്റെടുത്തു. 35.6 കോടി രൂപ ചെലവഴിച്ച് 155 തീരദേശ റോഡുകളുടെ നിർമാണവും പുനരുദ്ധാരണ പ്രവൃത്തിയും പൂർത്തീകരിച്ചു. 245 തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്കായി 70.06 കോടി രൂപയുടെ ഭരണാനുമതിയായി.

ശബരിമലയിൽ ബെയ്‌ലി പാലം പൂർത്തിയാക്കി. രണ്ടു ക്യൂ കോംപ്ലക്സുകൾ നിർമിച്ചു. നിലയ്ക്കൽ ബേസ് ക്യാമ്പിലെ പാർക്കിങ് സൗകര്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

11 മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങൾ പ്രഖ്യാപിച്ചു. ആലപ്പുഴ മാസ്റ്റർ പ്ലാൻ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 50 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇടുക്കി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസന പദ്ധതി പൂർത്തിയാക്കി.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 2000 കോടി രൂപ വായ്പ വിതരണം ചെയ്തു. സഹകരണ മേഖലയിൽ 50 ദീർഘകാല നിക്ഷേപ വായ്പകൾ നല്കി. 450 പുതിയ വ്യവസായ സംരംഭകർക്ക് പരിശീലനം നല്കി.

നാല് മെഗാവാട്ട് ശേഷിയുള്ള റാന്നി-പെരുനാട് ജലവൈദ്യുതി പദ്ധതി കമ്മിഷൻ ചെയ്തു. 69.6 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിവരുന്ന പെരിങ്ങൽകുത്ത്, മാങ്കുളം, അപ്പർ കല്ലട, വെള്ളത്തൂവൽ ജലവൈദ്യുത പദ്ധതികളുടെ നിർമാണം വിവിധ ഘട്ടങ്ങളിൽ. 2012 ആഗസ്റ്റ് 31 വരെ 2.98 ലക്ഷം കണക്ഷനുകൾ നൽകുകയും 1556 കി.മീ. 11 കെ.വി. ലൈൻ നിർമിക്കുകയും ചെയ്തു. 1957 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റുകയും 2590 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്തു.

പാട്ടത്തിനു നൽകുന്ന സ്ഥലത്ത് ആധുനിക സിനിമ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് കൊടുങ്ങല്ലൂർ, ചെങ്ങന്നൂർ, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികൾ കെ.എസ്.ഡി.എഫ്.സി.ക്ക് അപേക്ഷ സമർപ്പിച്ചു.

ചേർത്തല JICA പദ്ധതി പൂർത്തീകരിച്ചു. ഇതിൽ ഏറ്റെടുത്ത19 കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയായി. ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 98% പണി പൂർത്തിയാക്കി. ഇടമലയാർ ജലസേചന പദ്ധതി 85% പൂർത്തീകരിച്ചു. കണ്ണൂർ മണ്ഡപം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി പൂർത്തിയായി. തിരുവനന്തപുരം സിറ്റിയിലെ പൈപ്പ് പൊട്ടലിനു പരിഹാരമായി അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള ഒൻപതു കി.മീറ്ററിൽ 1200 എം.എം. മൈൽഡ് സ്റ്റീൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനു 49.11 കോടി രൂപ അനുവദിച്ചു.

കണ്ണൂർ ടെക്സ്റ്റൈൽ ഡെവലപ്മെന്റ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചു. കോമൺ ഡൈയിങ് പ്ലാന്റിന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ




**കേരളസ്വയം സംരംഭകമിഷൻ ആദ്യബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം ധനകാര്യ മന്ത്രി കെ.എം. മാണി ഇന്ത്യൻ ഓവർസീസ് ബാങ്ക് റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിർവഹിക്കുന്നു**

നടക്കുന്നു. കൊച്ചി, പാലക്കാട്, കാസർകോഡ് ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രോജക്ടുകൾ പുരോഗമിക്കുന്നു. കൊച്ചിയിൽ പൈപ്പിടുന്നതിന് കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ അനുമതി ലഭിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നു. പാലക്കാട് പദ്ധതി നടപ്പാക്കാൻ ജല അതോറിറ്റിയെ ചുമതലപ്പെടുത്തി. മലമ്പുഴയിൽ നിന്നും വെള്ളം എടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദമായ രൂപരേഖ പൂർത്തിയായി.

മലപ്പുറത്ത് മെഡിസിറ്റി, സ്കിൽ ഡെവലപ്മെന്റ് സെന്റർ എന്നിവയുടെ രൂപരേഖ അന്തിമഘട്ടത്തിൽ. അവിടെ ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ കാമ്പസ് സ്ഥാപിക്കുന്നതിനു 70 ഏക്കർ സ്ഥലം ഇൻകൽ ലഭ്യമാക്കും. കാൻസർ ഹോസ്പിറ്റൽ തുടങ്ങുവാനുള്ള നടപടികൾ കൈക്കൊണ്ടു.

വിത്തുമുതൽ വിപണിവരെയുള്ള സൗകര്യങ്ങൾ കർഷകർക്കു നൽകുന്ന നിറവ് പദ്ധതിക്ക് 12 നിയോജക മണ്ഡലങ്ങളിൽ തുടക്കം കുറിച്ചു. കൂത്തുപറമ്പ്, പേരാമ്പ്ര, നാദാപുരം, ബാലിശ്ശേരി, കൽപ്പറ്റ, കോട്ടയ്ക്കൽ, കൊടുങ്ങല്ലൂർ, പറവൂർ, തൊടുപുഴ, പാലാ, ചെങ്ങന്നൂർ, പത്തനാപുരം എന്നിവിടങ്ങളിലാണ് ഇതു നടപ്പാക്കുന്നത്.

കെ.എസ്.ആർ.ടി.സി 625 ബസ് ചേസിസിനുള്ള പർച്ചേസ് ഓർഡർ നൽകി. 554 ബസുകൾ പുറത്തിറക്കി. തമ്പാനൂർ, കോഴിക്കോട്, തിരുവല്ല ബസ് ടെർമിനലുകളുടെ ജോലികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം നഗരത്തിൽ 21 പുതിയ റിങ് റോഡ് സർവീസുകൾ ആരംഭിച്ചു.

സാറ്റലൈറ്റ് സർവെയുടെ സഹായത്തോടെ ഭൂവിസ്തൃതി നിർണയത്തിനും സ്കെച്ചുകൾ തയ്യാറാക്കുന്നതിനും 46 വില്ലേജുകളിൽ ലാന്റ് ഇൻഫർമേഷൻ മിഷൻ സ്ഥാപിച്ചു. 773 വില്ലേജുകളിൽ സർവെ പൂർത്തിയായി.

ഉൾനാടൻ മത്സ്യോത്പാദനം മൂന്നു ലക്ഷം ടണ്ണായി വർധിപ്പിക്കുന്നതിനു മത്സ്യസമൃദ്ധി പദ്ധതി ആരംഭിച്ചു. എല്ലാ നിത്യോപയോഗ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭിക്കുന്നതിനു സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കുന്ന പ്രക്രിയ തുടങ്ങി. എല്ലാത്തരം മെഷീനറികളും നിർമിക്കുന്നതിന് ആലപ്പുഴയിൽ കയർ യന്ത്ര നിർമാണ ഫാക്ടറിക്കു തുടക്കം. തൊണ്ടുസംഭരണ പദ്ധതി പരിഷ്ക്കരിച്ച് ഉത്തരവായി. പ്രതിദിനം എട്ടു മണിക്കൂർ കൊണ്ട് 60 കി.ഗ്രാം കയർ ഉത്പ്പാദിപ്പിക്കാൻ കഴിയുന്ന യന്ത്രം ഉടൻ തന്നെ ഉദ്ഘാടനം ചെയ്യും. അന്താരാഷ്ട്ര കയർ ഫെയർ (കയർ കേരള) ആലപ്പുഴയിൽ നടത്തി. അടുത്ത വർഷവും സംഘടിപ്പിക്കുന്നതാണ്.

ഉത്തരവാദ ടൂറിസം പദ്ധതി കുമ്പളങ്ങി, അമ്പലവയൽ, ബേക്കൽ എന്നീകേന്ദ്രങ്ങളിൽക്കൂടി നടപ്പാക്കി വരുന്നു. കർഷകർക്ക് കൃത്യസമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിന് 61 ഫാർമേഴ്സ് സർവീസ് സെന്ററുകൾക്ക് തുക അനുവദിച്ചു. കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന ഉത്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50-തിലധികം ദീർഘകാല സംരംഭക വായ്പ നൽകി.

ത്രിവേണി ബ്രാൻഡ് മിനറൽ വാട്ടർ വിപണിയിലിറക്കി. കാർഷിക സെൻസസ് ഒന്നാം ഘട്ടം പൂർത്തിയാക്കി. ക്ഷീര സംഘങ്ങളിലെ പാൽ സംഭരണം സുതാര്യമാക്കുന്ന ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ സംഘങ്ങളിൽ സ്ഥാപിച്ചുവരുന്നു.

തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതുൾപ്പെടെയുള്ള സമഗ്ര പാക്കേജിന് ഉടനെ ഭരണാനുമതി നൽകും. ജനപങ്കാളിത്തത്തോടെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി പ്രകാരം നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗങ്ങൾ എന്നീ വിളകൾ 723.56 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 2,300 ടൺ പച്ചക്കറി, 2,000 ടൺ വാഴക്കുല, 6,700 ടൺ കിഴങ്ങു വർഗങ്ങൾ എന്നിവയുടെ അധിക ഉത്പാദനം പ്രതീക്ഷിക്കുന്നു.

ഏലത്തിന് ഒരു കോടി രൂപയുടെ ഫണ്ട് രൂപീകരിച്ചു. 35,000 ടൺ നെല്ല് അധികം ഉൽപാദിപ്പിച്ചു. കരനെൽകൃഷി നടപ്പാക്കിയ സ്ഥലങ്ങളിൽ നിന്നും 10,000 ടൺ നെല്ലും തരിശുഭൂമി കൃഷി യോഗ്യമാക്കിയതു വഴി 12,000 ടണ്ണും നെല്ല് അധികമായി ഉത്പാദിപ്പിച്ചു. മുപ്പതിനായിരം നെൽ കർഷകർക്ക് വായ്പ പലിശരഹിതമാക്കുന്നതിന് 33 കോടി രൂപ അനുവദിച്ചു.

വയനാട് ജില്ലയിൽ 5158 ഹെക്ടറിൽ ജൈവകുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പാക്കി. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളും മറ്റും യഥാസമയം ചെയ്യുന്നതിന് കർമസേന രൂപീകരിച്ച് 780 പേർക്ക് പരിശീലനം നൽകി. കൃഷി വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികളുടെ ധനസഹായം കർഷകർക്ക് ബാങ്കുകൾ വഴി നൽകുന്ന പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കി. മറ്റു ജില്ലകളിൽ തുടക്കം കുറിച്ചു. കർഷകരിൽ നിന്ന് നേരിട്ട് ഇടനിലക്കാരുടെ ചൂഷണം ഇല്ലാതെ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ 61 കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചു. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഉല്പന്നങ്ങളുടെ ലേലം നടത്തി വരുന്നു. നടപ്പു സാമ്പത്തിക വർഷം 50,000 പശുക്കുട്ടികളെ സംരക്ഷിക്കുന്നതിന് സഹായം നൽകി.

80 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് ഓരോ അംഗത്തിനും 25,000 രൂപ ധനസഹായത്തോടെ പശുവും ആടും നൽകി. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്തുടനീളം നടപ്പാക്കി. മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്റ്റ് 14 പഞ്ചായത്തുകളിൽ നടപ്പാക്കി. അത്യുൽപാദന ശേഷിയുള്ള വിത്തുകാളകളേയും പശുക്കളേയും ഉൽപാദിപ്പിക്കുന്ന 8.47 കോടിയുടെ ഹൈടെക് ബുൾ മദർ ഫാം മാട്ടുപ്പെട്ടിയിൽ പൂർത്തിയാക്കി.

1500 പുതിയ കൺസ്യൂമർ സ്റ്റോറുകൾ തുറന്നു. 80 പുതിയ ത്രിവേണി സ്റ്റോറുകൾ, 80 സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർ മാർ

ക്കറ്റുകൾ, അഞ്ച് ഒഴുകുന്ന ത്രിവേണി സ്റ്റോർ, 125 നീതി മെഡിക്കൽ സ്റ്റോർ, നാലു നീതി മെഡിക്കൽ വെയർഹൗസ് എന്നിവ ആരംഭിക്കാനുള്ള പ്രക്രിയയിൽ.

പത്തിന അവശ്യ നിത്യോപയോഗ സാധനങ്ങൾ വിൽക്കാൻ 2,000 വിൽപ്പന കേന്ദ്രങ്ങളും, 20 കൺസ്യൂമർ യൂണിറ്റുകളും 5,000 ഉത്സവകാല ചന്തകളും ആരംഭിക്കാനുള്ള പ്രക്രിയയിൽ.

### 5. ആരോഗ്യകരം

### മികച്ച ചികിത്സാ സൗകര്യങ്ങൾ എല്ലാവർക്കും

36 പരിപാടികൾ പ്രഖ്യാപിച്ചതിൽ 25 എണ്ണം പൂർണമായി നടപ്പാക്കി. 10 എണ്ണം നടപ്പാക്കി വരുന്നു.

സർക്കാർ ആശുപത്രികളിൽ 952 ഇനം ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി തുടങ്ങി. ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമിക, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ വഴി നൽകുന്ന പദ്ധതിക്കു തുടക്കം.

കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗമുള്ളവരും മൂന്നു ലക്ഷത്തിൽ താഴെ വരുമാനം ഉള്ളവരുമായ ബി.പി.എൽ വിഭാഗങ്ങൾക്ക് രണ്ടു ലക്ഷം രൂപ വരെ ലഭിക്കുന്ന കാരുണ്യ ധനസഹായ പദ്ധതി നടപ്പാക്കി.

കാസർകോഡ്, മഞ്ചേരി, ഇടുക്കി, കോന്നി എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ നടപടി ആരംഭിച്ചു. ഇവയുടെ പ്രോജക്ട് റിപ്പോർട്ട് തയാറായി. പാലക്കാട്ട് പട്ടികജാതി വകുപ്പിന്റെയും ഹരിപ്പാട്ട് പ്രവാസികളുടെയും ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജുകൾ തുടങ്ങും.

സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്നവർക്ക് പ്രസവ ചികിത്സ, ഗർഭകാല ശുശ്രൂഷ, നവജാത ചികിത്സ എന്നിവ സൗജന്യമായി നൽകുന്നു.

60 പുതിയ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. എല്ലാ ജില്ലാ ആശുപത്രികളിലും ഡയാലിസിസ്സിന് സംവിധാനം ഒരുക്കാനുള്ള ഉത്തരവായി. രാഷ്ട്രീയ സ്വസ്ത് ഭീമയോജനയുടെ പരിധിയിൽ ഉൾപ്പെടാത്ത രോഗങ്ങളുടെ സൗജന്യ ചികിത്സയ്ക്ക് കേരള ആരോഗ്യ ശ്രീ എന്ന പദ്ധതി ആരംഭിക്കുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 23 സർക്കാർ സ്വകാര്യ സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലും ഈ പദ്ധതി നടപ്പാക്കും. ബധിര -മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിന് അഞ്ചു ലക്ഷം രൂപ ചെലവു സർക്കാർ വഹിക്കുന്ന കോക്ലിയൽ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കി. 51 എണ്ണം പൂർത്തിയാക്കി. നവംബർ 30 നു 90 എണ്ണം പൂർത്തിയാകും.

ഇ.എസ്.ഐ കോർപ്പറേഷൻ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ എല്ലാ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കി. നടപ്പു വർഷത്തേക്ക് ആവശ്യമുള്ള മുഴുവൻ മരുന്നുകളും മൂന്നു സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ട്. ഫാക്ടറികളിൽ 40 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

### 6. വിവര വിജ്ഞാനാധിഷ്ഠിതം

### വിവരവിജ്ഞാന മേഖലയിൽ കുതിപ്പ്

35 പദ്ധതികൾ പ്രഖ്യാപിച്ചതിൽ 26 എണ്ണം പൂർണമായി നടപ്പാക്കി. 8 എണ്ണം നടപ്പാക്കി വരുന്നു.

ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം തയ്യാറാക്കി. കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മൂന്നു ലക്ഷം ചതുരശ്രഅടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. കോഴിക്കോട് സൈബർ പാർക്കിൽ മൂന്നു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണി ആരംഭിച്ചു. തൃശൂർ കൊരട്ടി ഐ.ടി. പാർക്കിൽ മൂന്നു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം സജ്ജമാക്കി. ടെക്നോപാർക്കിൽ 26 ഏക്കറിലായി നിർമിക്കുന്ന 10 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ടി.സി.എസ്. ഡവലപ്മെന്റ് സെന്ററിന്റെ ഒന്നാം ഘട്ട പണി മുന്നോട്ട്.

കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ കംപ്യൂട്ടറൈസേഷൻ നടപ്പാക്കുന്നു. എല്ലാ സർക്കാർ ഗസ്റ്റ് ഹൗസുകളിലും ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിന്റെ സോഫ്ട്‌വെയർ തയാറായി. ഐ.ടി., ഭക്ഷ്യ പൊതുവിതരണം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ പേപ്പർലെസ് ഓഫീസ് സംവിധാനത്തിന് തുടക്കം. സാങ്കേതിക സർവകലാശാല സ്ഥാപിക്കുന്നതിന് 150 ലക്ഷം രൂപ അനുവദിച്ചു.

എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് ഓൺലൈൻ വഴി അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. എൽ.ടി. ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലുകൾ ഓൺലൈൻ അടയ്ക്കാൻ തിരുവനന്തപുരം നഗരത്തിൽ നടപടിയായി. എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ് ഓൺലൈനിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം കേരളമൊട്ടാകെ വൈകാതെ നിലവിൽ വരും.

മലപ്പുറം ജില്ലയിൽ നടപ്പാക്കിയ അക്ഷയ പദ്ധതി മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിച്ചു. നിലവിൽ 2004 അക്ഷയ കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്. മ്യൂസിയം മൃഗശാലയിൽ സന്ദർശകർക്ക് എളുപ്പത്തിൽ ടിക്കറ്റ് വാങ്ങുന്നതിന് ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്ക് സ്ഥാപിക്കുന്നതിന് നടപടി.

എല്ലാ ഐ.ടി.ഐ. കളിലും virtual class room ആരംഭിച്ചു. Placement portal വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി 34 ഐ.ടി.ഐ.കളിൽ നടപ്പാക്കി. മോട്ടോർ വാഹന വകുപ്പിലും ജലഗതാഗതവകുപ്പിലും ഇ-ഗവേർണൻസ് ഏർപ്പെടു



എയർകേരള ആലോചനായോഗം

ത്തുന്നു. കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ കംപ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നു.

റവന്യൂ വകുപ്പിൽ സർട്ടിഫിക്കറ്റ് സേവനം, സാമ്പത്തിക സേവനം, ഭൂരേഖകളുമായി ബന്ധപ്പെട്ട സേവനം എന്നിവ ഓൺലൈൻ ആക്കിവരുന്നു.

### 7. സംതൃപ്തം

#### മാനവശേഷി വികസനവും സുരക്ഷയും ക്ഷേമവും

230 പരിപാടികൾ പ്രഖ്യാപിച്ചതിൽ 135 എണ്ണം പൂർണമായും നടപ്പാക്കി. 70 എണ്ണം നടപ്പാക്കി വരുന്നു.



പോലീസ് കംപ്ലയിന്റ് അതോറിറ്റി മന്ദിരം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വഴുതയ്ക്കാട് ഉദ്ഘാടനം ചെയ്യുന്നു. ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സമീപം

തിരൂരിൽ മലയാളം സർവകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. പ്രഥമ വൈസ് ചാൻസലറായി മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാറിനെ നിയമിച്ചു. മലയാളം നിർബന്ധ ഭാഷയും ഒന്നാം ഭാഷയുമാക്കി ഉത്തരവായി. മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടിയുള്ള ശ്രമം തുടരുന്നു. വിശ്വമലയാള മഹോത്സവം വിജയകരമായി അരങ്ങേറി.

പതിനായിരം മത്സ്യത്തൊഴിലാളികൾക്ക് 6% പലിശനിരക്കിൽ ഒരാൾക്ക് 10,000 രൂപവീതം നൽകുന്ന 60 കോടി രൂപയുടെ പദ്ധതി മത്സ്യഫെഡ് നടപ്പാക്കി. വയനാട്, പാലക്കാട്, മലപ്പുറം എന്നീ പിന്നാക്ക ജില്ലകളിലെ 1549 പ്രാചീന ഗോത്രവർഗങ്ങളെയും ആദിവാസി കുടുംബങ്ങളെയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തി.

തിരുവനന്തപുരം സിറ്റി പോലീസിൽ സ്വിഫ്റ്റ് ആക്ഷൻ ടീം അനുവദിച്ചു. അടിയന്തരസാഹചര്യം നേരിടാൻ സജ്ജമായ കമാൻഡോകളാണ് ഇതിലുള്ളത്. 150 പോലീസ് സ്റ്റേഷനുകളിൽ കൂടി വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കാനും സംസ്ഥാന പ്രത്യേക സുരക്ഷാ സേന രൂപീകരിക്കാനും ഉത്തരവിട്ടു. സി.ബി.ഐ മാതൃകയിൽ സർക്കാരിന്റെ കീഴിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കുന്നതിനു ഡി.ജി.പി. ചെയർമാനായി കമ്മിറ്റി രൂപീകരിച്ചു. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ പോലീസ് പരാതി സ്വീകരിക്കുന്നതിന് തിരുവനന്തപുരത്ത് ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ തുടക്കം കുറിച്ചു. മറ്റു ജില്ലകളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കും.

തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ അതീവ സുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിച്ചു. തുറന്ന ജയിലുകളായ ചീമേനിയിൽ ഡയറി ഫാമും, നെട്ടുകാൽത്തേരിയിൽ പന്നി വളർത്തൽ കേന്ദ്രവും ആരംഭിച്ചു. തടവുകാർ യന്ത്രസഹായത്താൽ ഉണ്ടാക്കുന്ന ചപ്പാത്തി, തിഹാർ ജയിൽ മാതൃകയിൽ വാണിജ്യ അടിസ്ഥാനത്തിൽ വിപണം നടത്തുന്നു. തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും ജയിൽ ചപ്പാത്തി പദ്ധതി നടപ്പാക്കി. വൈദ്യുതീകരിക്കാത്ത വീടുകളിൽ പതിനായിരം ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2012 മാർച്ച് 31വരെ 2631 കോടി രൂപയുടെ കാർഷിക വായ്പ നൽകി. സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം-2011 അംഗീകരിച്ച് ഉത്തരവിറക്കി. സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡ് രൂപീകരിച്ചു. കൃഷിഭൂമിയിൽ ഇറങ്ങുന്ന കാട്ടാനകളെ തുരത്താൻ സ്ഥിരം ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. പാലക്കാട്, വയനാട്, കണ്ണൂർ, നിലമ്പൂർ, കോഴിക്കോട്, മണ്ണാർകാട്, പേപ്പാറ, റാന്നി എന്നീ സ്ഥലങ്ങളിൽ ദ്രുതകർമ സേനയുടെ പ്രവർത്തനം ആരംഭിച്ചു.

ഇരുപതിനായിരം പേർക്ക് കൈവശാവകാശ രേഖയും 1977 ജനുവരി ഒന്നിന് മുമ്പ് കുടിയേറിയ 4,900 പേർക്ക് പട്ടയവും നൽകി. സംസ്ഥാനത്തൊട്ടാകെ 33.50 ലക്ഷം കിസാൻ കാർഡുകൾ വിതരണം നടത്തി. ഈ കാർഡുകൾക്ക് 2011-12 ൽ 3099 കോടി രൂപ ബാങ്ക് വായ്പ നൽകി.

നെല്ലിന് സംഭരണവില 15 രൂപയാക്കി. കുട്ടനാട്ടിൽ പമ്പിങ്ങിന് ചെലവാക്കുന്ന മുഴുവൻ തുകയും സബ്സിഡിയായി നല്കും. നെല്ലിനു ഹെക്ടറിന് 1500 രൂപ സബ്സിഡി നൽകിയതു 4000 രൂപയാക്കി. ഒരു ഹെക്ടർ വാഴകൃഷിക്ക് 1000 രൂപയും ഒരു ഹെക്ടർ തെങ്ങുകൃഷിക്ക് 17,500 രൂപയും നൽകുന്നതാണ്. സർവീസ് ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് അഞ്ചു ശതമാനം പലിശ സബ്സിഡി ഏർപ്പെടുത്തി. എല്ലാ വിളകളെയും ഉൾപ്പെടുത്തിയ സമഗ്ര കാർഷിക ഇൻഷുറൻസ് നിലവിൽ വന്നു.

ഗ്രീൻഹൗസ് നിർമിക്കാൻ കർഷകർക്ക് മൊത്തം ചെലവിന്റെ 75% ഗ്രാൻഡായി അനുവദിച്ചു. 25% തുക സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ അനുവദിക്കും. സർ

## ഒന്നാമതെത്തിയ കേരളം

ശാന്തിയും സമാധാനവും നിറഞ്ഞ ക്രമസമാധാനസ്ഥിതി ഉറപ്പുവരുത്തുന്ന ഭരണനിർവഹണത്തിന്റെ മേഖലയിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമതെത്തി കേരളം മാതൃകയാകുന്നു. ഇന്ത്യയിലെ ഏറ്റവും അഭിവൃദ്ധിനേടിയ 20 വൻ സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനവും കേരളത്തിനുണ്ട്. ഗുജറാത്ത് മാത്രമാണ് സംസ്ഥാനത്തിന് മുന്നിലുള്ളത്. ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെ കണ്ടെത്താൻ *ഇന്ത്യാ ടു ഡേ* നടത്തുന്ന വാർഷിക സർവേയിലാണ് കേരളത്തിന്റെ ഈ മുന്നേറ്റം. കഴിഞ്ഞവർഷത്തെ യഥാക്രമം ഒൻപത്, നാല് റാങ്കുകളിൽനിന്നാണ് കേരളം ഏറെ ശ്രദ്ധാർഹമായ മികവ് നേടിയിരിക്കുന്നത്. അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ 14 ാം സ്ഥാനത്ത് നിന്ന് മൂന്നാമതും നിക്ഷേപത്തിൽ 12 ൽ നിന്ന് എട്ടിലേക്കും കൃഷിയിൽ 13 ൽ നിന്ന് നാലിലേക്കും ആരോഗ്യരംഗത്ത് 14 ൽ നിന്ന് എട്ടിലേക്കും ഉയരാൻ കേരളത്തിനു കഴിഞ്ഞതായി സർവേ സൂചിപ്പിക്കുന്നു. കേന്ദ്രസർക്കാരിന്റെ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പഠനവും റാങ്കിങ്ങും.

ക്കാരിന്റെ കൃഷി ഫാമുകളിൽ റൈസ് പാർക്കുകളും കോക്കനട്ട് ബയോ പാർക്കുകളും നിർമ്മിക്കുന്നു.

അംഗീകൃത തോട്ടങ്ങളിലെ തോട്ടവിളകൾ ഇല്ലാത്ത അഞ്ചുശതമാനം സ്ഥലം ഹൈടെക് കൃഷിക്കും ഫാം ടൂറിസത്തിന് വിനിയോഗിക്കാൻ അനുമതി. അഞ്ചു ശതമാനം സ്ഥലത്തിന്റെ 90% കൃഷിയും അനുബന്ധ സൗകര്യങ്ങൾക്കും ഉപയോഗപ്പെടുത്തണം. അഞ്ചു ശതമാനത്തിന്റെ 10% മാത്രമാണ് ഫാം ടൂറിസത്തിനു വിനിയോഗിക്കാവുന്നത്. തോട്ടഭൂമിയുടെ പരമാവധി പത്തേക്കർ മാത്രമേ ഫാം ടൂറിസത്തിന് വിനിയോഗിക്കാൻ കഴിയുകയുള്ളൂ.

വിവിധ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കുടുംബങ്ങളിലെ ഗൃഹനാഥന് പ്രതിമാസ പെൻഷൻ 400 രൂപയായി വർധിപ്പിച്ചു. 80 കഴിഞ്ഞവർക്കുള്ള വാർധക്യകാല പെൻഷൻ 400 രൂപയിൽ നിന്ന് 900 രൂപ ആക്കി. 80% ൽ കൂടുതൽ വൈകല്യമുള്ളവരുടെ വികലാംഗരുടെ പെൻഷൻ 400ൽ നിന്ന് 700 രൂപയായും സാധാരണ വൈകല്യമുള്ളവരുടെ പെൻഷൻ 400ൽ നിന്ന് 525 രൂപയായും ഉയർത്തി. വിധവാ പെൻഷൻ 400 രൂപയിൽ നിന്ന് 525 രൂപയാക്കി. 50 വയസിൽ കൂടുതലുള്ള അവിവാഹിതരായ സ്ത്രീകൾക്കു പെൻഷൻ 400 രൂപയിൽ നിന്ന് 525 രൂപയാക്കി. വാർധക്യകാല പെൻഷൻ 55,979 പേർക്കും അഗതിപെൻഷൻ 6.82 ലക്ഷം പേർക്കും, വികലാംഗർ പെൻഷൻ 2.52 ലക്ഷം പേർക്കും വൈകല്യമുള്ളവർക്കുള്ള പെൻഷൻ 39,460 പേർക്കും ലഭിക്കുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് എൻ.സി.സി. യിലെ അംഗങ്ങൾക്കു നൽകുന്ന മാതൃകയിൽ ഗ്രേസ് മാർക്ക് നൽകും. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുന്നവർക്ക് 10 ശതമാനം, എ നേടുന്നവർക്ക് ഏഴു ശതമാനം, ബി നേടുന്നവർക്ക് അഞ്ചു ശതമാനം മാർക്കും ലഭിക്കും.

ശ്രീനാരായണഗുരുദേവനെക്കുറിച്ചുള്ള രചനകളും അദ്ദേഹത്തിന്റെ ആശയങ്ങളും അടുത്ത അധ്യയനവർഷം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നു. നാല്, ആറ് ക്ലാസുകൾ ഒഴിച്ചുള്ള ഒന്നു മുതൽ 12 വരെയുള്ള ക്ലാസുകളിലെ മലയാളം സാമൂഹികപാഠം വിഷയങ്ങളിലായിരിക്കും ഗുരുദേവനെക്കുറിച്ചുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുക. സംസ്കൃത പഠനം ഒന്നാം ക്ലാസ് മുതൽ ആരംഭിക്കും. ഇപ്പോൾ അഞ്ചാം ക്ലാസ് മുതലാണ് സംസ്കൃതം ഐച്ഛിക വിഷയമായി പഠിപ്പിക്കുന്നത്.

കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശകൾ നടപ്പാക്കി. മരിച്ചവരുടെ ആശ്രിതർക്കും പൂർണമായി കിടപ്പിലായവർക്കും അഞ്ചു ലക്ഷം രൂപ വീതവും നൽകും. ഇതിനു 100 കോടിയോളം രൂപ ബാധ്യത വരും. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എംപ്ലോയ്മെന്റ് നിയമനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും അനുവദിച്ചു.

> സി.ബി.ഐ മാതൃകയിൽ സർക്കാരിന്റെ കീഴിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കുന്നതിനു ഡി.ജി.പി. ചെയർമാനായി കമ്മിറ്റി രൂപീകരിച്ചു. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ പോലീസ് പരാതി സ്വീകരിക്കുന്നതിന് തിരുവനന്തപുരത്ത് ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ തുടക്കം കുറിച്ചു. മറ്റു ജില്ലകളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കും.

പാൻമസാല നിരോധിച്ച് കേരളം മാതൃക കാട്ടി. എല്ലാ പട്ടികവർഗക്കാർക്കും തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗത്തിൽപ്പെട്ട എല്ലാ വിഭാഗങ്ങളുടേയും സമഗ്ര വിവര വ്യൂഹം തയ്യാറാക്കി. ആദിവാസി ഭൂമി വിതരണം ലക്ഷ്യത്തിലേക്ക്. കരടുയുവജനനയം പ്രസിദ്ധീകരിച്ചു.

ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ കോട്ടയം സെന്ററിൽ ഈ അധ്യയനവർഷം ക്ലാസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ക്യാംപസിൽ സ്ഥലസൗകര്യം ഏർപ്പെടുത്തി.

പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതുൾപ്പെടെയുള്ള സമഗ്ര പാക്കേജിന് ഉടനടി ഭരണാനുമതി നൽകും.

പ്രവാസി മലയാളി ക്ഷേമത്തിനായുള്ള സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായം പതിനായിരം രൂപയിൽ നിന്നും ഇരുപതിനായിരം രൂപയാക്കി.

കേരള കലാമണ്ഡലത്തിന് യു.ജി.സി. യുടെ വിശേഷാൽ പദവിയായ 12 ബി പദവി ലഭ്യമാക്കി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായുള്ള 175 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അംബേദ്ക്കർ കൃതികൾ 40 വാല്യങ്ങൾ പ്രസിദ്ധീകരിച്ചു.

പാർപ്പിടനയത്തിന് അന്തിമ രൂപം നൽകി. ഭവന നിർമാണ മേഖലയിൽ പ്രത്യേകിച്ചും ഫ്ളാറ്റ് നിർമാണ രംഗത്ത് ഉയർന്നു വന്നിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അർധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ സംസ്ഥാന ഹൗസിങ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് കേരള അപ്പാർട്ട്മെന്റ് റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ്-2012 അന്തിമഘട്ടത്തിൽ. വെള്ളത്തിൽ കൂടിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കാൻ മാരിടൈം ബോർഡ് രൂപീകരണത്തിനും ഉടനേ ഓർഡിനൻസ്.

പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റത്തിനു തുടക്കമിടുന്ന വിദ്യാർഥി-അധ്യാപക അനുപാതമായ 1:30 നടപ്പാക്കി. 10,503 അധ്യാപകർക്കു പ്രയോജനം ലഭിച്ചു. വിദ്യാർഥികളുടെ തലയെണ്ണൽ നിർത്തലാക്കി. എയ്ഡഡ് സ്കൂൾ അധ്യാപകരെ ഇനി മുതൽ സർക്കാരിന്റെ അംഗീകാരം നേടിയശേഷം മാത്രമേ നിയമിക്കാവൂ.

കോളേജുകളിലും സ്കൂളുകളിലും നിയമ സഹായ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു. സ്ഥിരമായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് സംവിധാനം. സഞ്ചരിക്കുന്ന ലോക് അദാലത്തുകൾ നിലവിൽ വന്നു.

958 ഗ്രാമപഞ്ചായത്തുകളിൽ ആശ്രയ പദ്ധതി നടപ്പിലാക്കി. അവിവാഹിത അമ്മമാർക്ക് പ്രതിവർഷം 1000 രൂപ ധനസഹായം, നിരാലംബരായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുന്ന നിർഭയപദ്ധതി എന്നിവ ആരംഭിച്ചു.

തിരുവനന്തപുരം, എറണാകുളം ജില്ലകളെ നോക്കുകൂലി വിമുക്തമായി പ്രഖ്യാപിച്ചു. മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന 14 സ്ക്വാഡുകൾക്കു പുറമേ 17 സ്ക്വാഡുകൾ കൂടി രൂപീകരിച്ചു.

ഗുരുവായൂർ ക്ഷേത്രത്തിൽ സ്കാനർ ഉൾപ്പെടെയുള്ള സെക്യൂരിറ്റി ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ആധുനിക സുരക്ഷാ ഉപകരണങ്ങളോടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി നടപ്പാക്കി.

വിമുക്ത ഭടൻമാരെ ഉൾപ്പെടുത്തി ഭൂസംരക്ഷണ സേനയുടെ പാസ്സിങ് ഔട്ട് പരേഡ് നടത്തി. ഫോഴ്സിന്റെ പ്രവർത്തനം ദേവികുളം, പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിൽ.

കുട്ടികൾക്കുവേണ്ടിയുള്ള നിയമ സഹായം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങി. അട്ടപ്പാടിയിൽ പുതിയ ആർട്സ് & സയൻസ് കോളേജ് അനുവദിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിൽ 340 വീടുകൾ തീർത്തു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 5612 വീടുകൾ പൂർത്തിയാക്കി. ■

കെ.സി. ജോസഫ്
സാംസ്കാരിക മന്ത്രി







# തിരിഞ്ഞു നോക്കുമ്പോൾ

**1956** നവംബർ ഒന്നിന് ഭാഷാടിസ്ഥാനത്തിൽ ജന്മമെടുത്ത കേരള സംസ്ഥാനത്തിന് ഈ വർഷം 56 തികയുകയാണ്. കേരള സംസ്ഥാന രൂപീകരണം ഒരു ജനതയുടെ വലിയ ആഗ്രഹ പൂർത്തീകരണമായിരുന്നു. തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർന്ന് കേരളം രൂപീകരിച്ചപ്പോൾ തെക്കൻ തിരുവിതാംകൂർ ഒഴിവായതിന്റെ വേദന കേരളപ്പിറവിയോടൊപ്പം നാം അനുഭവിക്കേണ്ടിവന്നു. സാങ്കേതികമായി നവംബർ ഒന്നിനാണ് കേരളം രൂപപ്പെട്ടതെങ്കിലും കേരളം ഉൾപ്പെടുന്ന ഭൂപ്രദേശം ഇവിടെത്തന്നെ ഉണ്ടായിരുന്നതാണല്ലോ.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും തുടർന്നും കേരളം കൈവരിച്ച നവോത്ഥാന മൂല്യങ്ങൾ അതേ ആർജവത്തോടെയും ജാഗ്രതയോടെയും സംരക്ഷിക്കുവാൻ നമുക്ക് കഴിയേണ്ടതാണ്. അതുപോലെ സാമൂഹിക-ആരോഗ്യ-രാഷ്ട്രീയ രംഗങ്ങളിൽ കഴിഞ്ഞ അര നൂറ്റാണ്ടു കാലയളവിൽ നാം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്.

മൂല്യാധിഷ്ഠിത രാഷ്ട്രിയ നിലപാടുകൾ സ്വീകരിച്ചിരുന്ന ഒരു തലമുറയുടെ പിൻമുറക്കാരായ നമ്മുക്ക് ആദർശരാഷ്ട്രീയത്തിന്റെ ചില നുറുങ്ങുകൾ മാത്രമേ സംരക്ഷിക്കുവാൻ കഴിയുന്നുള്ളു. സാധാരണക്കാരായ ജനങ്ങളുടെ ആവശ്യങ്ങൾക്കൊപ്പം നിന്നുകൊണ്ട് സാമൂഹിക ഉത്തരവാദിത്വങ്ങൾ നിറവേറ്റിയിരുന്ന കാലത്തിൽനിന്ന് മാറി ലോകം ചുരുങ്ങുകയും, ആവശ്യങ്ങൾ ആർത്തികളായി പരിണമിക്കുകയും ചെയ്തിരിക്കുകയാണ്.



ആരോഗ്യ-വിദ്യാഭ്യാസരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളിൽ അഭിമാനിക്കുന്നവരാണ് നാം. കേരള മോഡൽ വികസനം വളരെയേറെ പ്രകീർത്തിക്കപ്പെട്ടതാണ്. പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ മാത്രമുണ്ടായിരുന്ന നമ്മുടെ സംസ്ഥാനം ആരോഗ്യപരിപാലനത്തിൽ ഇന്ത്യയ്ക്ക് മാതൃകയായിരുന്നു. മാരക രോഗങ്ങളെ നിയന്ത്രിക്കുന്നതിനു മാത്രമല്ല ജനന-മരണ നിരക്കുകളിൽ സന്തുലനം പാലിക്കുന്നതിനും കഴിഞ്ഞു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഗ്രാമീണ ജനതയുടെ ആരോഗ്യസംരക്ഷണത്തിനും പരിപാലനത്തിനുമുള്ള കേന്ദ്രങ്ങളായിരുന്നു. പൂർണമായും നിർമാർജനം ചെയ്ത രോഗങ്ങളുടെ മടങ്ങിവരവ് നമ്മളിൽ ആശങ്കയും ഭീതിയും വിതച്ചിരിക്കുകയാണ്. ആരോഗ്യപരിപാലനത്തിന് വൻകിട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ടെങ്കിലും കേരളത്തിലെ സാധാരണക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ അവശേഷിക്കുന്നു. സൗകര്യങ്ങൾ കൂടിയതിനനുസരിച്ച് ആരോഗ്യം മെച്ചപ്പെട്ടില്ല. നമ്മുടെ ഭക്ഷണക്രമത്തിലും ജീവിതരീതിയിലും സംഭവിച്ച മാറ്റം ആരോഗ്യത്തെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്.

വിദ്യാഭ്യാസരംഗത്ത് കൈവരിച്ച നേട്ടങ്ങൾ മാറുന്ന സമൂഹത്തിന്റെ ആവശ്യത്തിനുസരിച്ച് നിലനിർത്തിക്കൊണ്ടു പോകാൻ കഴിഞ്ഞില്ല. ഉന്നത വിദ്യാഭ്യാസരംഗത്താണ് നമുക്ക് മുന്നോട്ടുപോകാൻ കഴിയാതെ പോയയത്. ശാസ്ത്രസാങ്കേതിക രംഗത്തെ മാറ്റത്തിന് അനുസൃതമായി ആഗോള തൊഴിൽദാന മേഖലയിലെ ആവശ്യങ്ങൾക്കനുസരിച്ചും പഠനസൗകര്യം ഏർപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞില്ല. ഇതിന്റെ ഫലമായി പുതിയ കോഴ്സുകൾ പഠിക്കാൻ കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് കുത്തൊഴുക്കുതന്നെയുണ്ടായി. ഇതിലേക്കായി ആയിരക്കണക്കിനു കോടി രൂപ കേരളത്തിനുപുറത്ത് ചെലവഴിക്കുവാൻ നമ്മുടെ കുട്ടികൾ നിർബന്ധിതരായി. സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുമതിനൽകാൻ എ.കെ. ആന്റണിയുടെ ഗവൺമെന്റ് തീരുമാനിച്ചത് ഈ സ്ഥിതിക്ക് മാറ്റംവരുത്തുവാൻ സഹായകമായി.

കഴിഞ്ഞദിവസം നിയമസഭയിലെ പ്രസംഗത്തിൽ രാഷ്ട്രപതി ആഹ്വാനം ചെയ്തതുപോലെ ഒരു 'രണ്ടാം കേരള മോഡൽ' വികസന സമീപനം സ്വീകരിക്കാൻ സമയമായി. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെയെങ്കിലും അഭിപ്രായ സമന്വയത്തിലൂടെ ഇത് രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ ഭൂപ്രകൃതിയുടെ സഹജമായ ലാവണ്യം നിരന്തരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തോടുകളും കുളങ്ങളും നദികളും മറ്റ് ജലസ്രോതസുകളും ഒക്കെത്തന്നെ മലിനമായിക്കൊണ്ടിരിക്കുന്നു. പ്രകൃതിയെക്കുറിച്ചുള്ള കരുതൽ തീരെയില്ലാതായി. വിശാലമായ പറമ്പുകളും മുറ്റങ്ങളും നിറഞ്ഞ നമ്മുടെ ഗ്രാമീണ കേരളം അന്യംനിന്നുകൊണ്ടിരിക്കുന്നു. ഇതുവരെയും മാലിന്യം നമുക്കൊരു പ്രശ്നമായിരുന്നില്ല. മാറിയ ജീവിത സാഹചര്യങ്ങൾകാരണം മാലിന്യം ഇന്ന് ഗുരുതരമായ ഒരു ആരോഗ്യപ്രശ്നമായിമാറിയിരിക്കുകയാണ്. നാം നേരിട്ടിട്ടില്ലാത്ത വലിയൊരു പ്രതിസന്ധിയാണിത്. പൊതുവഴിയിൽ മാത്രമല്ല, നദികളും കായലുകളും ഓടകളും തോടുകളും പൊതുനിരത്തുകളും മാലിന്യങ്ങൾ തള്ളുന്ന ഇടങ്ങളായിത്തീർന്നിരിക്കുന്നു. നമ്മുടെ വൃത്തിബോധം അന്യന്റെ പറമ്പ് വൃത്തിഹീനമാക്കുന്ന തരത്തിലായിത്തീർന്നിരിക്കുന്നു. ഇതിന് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്. മാലിന്യങ്ങൾ വലിയ രോഗവാഹിനികളായി പരിണമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മികച്ച ആരോഗ്യപരിചരണ കേന്ദ്രങ്ങളും സൗകര്യങ്ങളുമുണ്ടെങ്കിലും ജനങ്ങൾക്കു ലഭിക്കുന്ന സേവനങ്ങൾ പൂർണമല്ല. ഏറ്റവും ദരിദ്രനായ മനുഷ്യന്റെ ആരോഗ്യവും സംരക്ഷിക്കപ്പെടുമ്പോൾ മാത്രമേ വ്യക്തിയുടെ സമാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കിയെന്ന് നമുക്ക് അഭിമാനിക്കാൻ കഴിയൂ.

ജാതിരഹിതമായ, ഉച്ചനീചത്വങ്ങളില്ലാത്ത ഒരു സമൂഹ നിർമിതിക്കായി പരിശ്രമിച്ച ഒരു തലമുറയുടെ സ്വപ്നങ്ങൾ ഇന്നെവിടെയാണ് എന്നത് നാം ഓരോരുത്തരും ചിന്തിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു മതത്തിന്റെയോ, ജാതിയുടെയോ മൂല്യങ്ങൾ പൊതു സമൂഹത്തിൽ ആധിപത്യം നേടുന്നത് ഒട്ടും ഭൂഷണമല്ല. ജാതിവിവേചനങ്ങൾക്ക് അതീതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനാണ് നവോത്ഥാനകാല സങ്കല്പം. പക്ഷെ കാലം കാത്തുവച്ച സാമൂഹിക മാറ്റം പൊതുസ്വപ്നങ്ങൾക്ക് അനുയോജ്യമല്ലെന്ന് നാമിന്നറിയുന്നു. പക്ഷെ എന്തൊക്കെ സാമൂഹിക അസ്വസ്ഥതകൾ രൂപപ്പെട്ടിട്ടുണ്ടെങ്കിലും വ്യത്യസ്തതകളും വിശ്വാസങ്ങളും സഹവർത്തിത്വത്തിലൂടെ കഴിയുന്നതിൽ ഭാരതത്തിനുതന്നെ നാം മാതൃകയാണ്.

തൊണ്ണൂറുകളിൽ ആരംഭിച്ച ഉദാരവത്കരണനയങ്ങൾ സാമ്പത്തികരംഗത്ത് വലിയ കുതിച്ചുചാട്ടങ്ങൾക്ക് വഴിതെളിച്ചു. എല്ലാ ജനവിഭാഗം ജനങ്ങളുടെയും ഉയിർത്തെഴുന്നേൽപ്പിന് രാസത്വരകമായി ശാസ്ത്രസാങ്കേതിക രംഗത്ത് വൻ വളർച്ച സാക്ഷ്യം വഹിച്ച ദശകമാണ് കഴിഞ്ഞുപോയത്.

ഭാഷയിലും സംസ്കാരത്തിലും പുതിയൊരു ഉണർവ് എങ്ങും ദൃശ്യമാണ്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല യാഥാർഥ്യമായി. നമ്മുടെ വലിയൊരു സ്വപ്നമായിരുന്നു അത്. നമ്മുടെ ഭാഷയ്ക്ക് പുതിയ ചക്രവാളങ്ങൾ തുറന്നുകിട്ടുവാൻ ഇത് സഹായകമാകും. കേരളത്തിന്റെ 56 ാം പിറന്നാളിൽത്തന്നെ ഇത് യാഥർഥ്യമായതിൽ നമുക്കഭിമാനിക്കാം. പുതിയ സാങ്കേതിവിദ്യയുടെ കാലത്ത് ഭാഷാഭിമാനികളുടെ ഒരു തലമുറ ശക്തമായി വളർന്നുവരുന്നവെന്നത് വളരെ സന്തോഷം നൽകുന്നകാര്യമാണ്. ഇന്റർനെറ്റിന്റെ അനിഷേധ്യമായ വ്യാപനം പുതുതലമുറ മലയാളികളെ മലയാളത്തിലേക്കും നമ്മുടെ തനതു സംസ്കാരത്തിലേക്കും പ്രകിതികേന്ദ്രിതമായ വികസന സങ്കല്പത്തിലേക്കും നയിക്കുന്നുവെന്നാണ് ഞാൻ മനസിലാക്കുന്നത്. നാം എന്നും ഉയർത്തിപ്പിടിച്ചിട്ടുള്ള സഹജീവി സ്നേഹവും വിശാലമായ മാനുഷിക കാഴ്ചപ്പാടുകളുമാണ് ഭാവിയുടെ പ്രതീക്ഷകൾ.

ഗൾഫ് പ്രവാസം തുറന്നിട്ട സാധ്യതകൾ കേരളീയ ഗ്രാമങ്ങളിൽനിന്ന് ദാരിദ്ര്യം തൊഴിലില്ലായ്മയും ഒരു പരിധിവരെ തുടച്ചുനീക്കുന്നതിന് സഹായകമായി. പുതിയ ആശയങ്ങളും ജീവിതരീതികളും ഗ്രാമീണ ജീവിതങ്ങളോട് ചേർത്തുവയ്ക്കുന്നതിനും ഈ പ്രവാസി സമൂഹത്തിനുകഴിഞ്ഞു.


മനുഷ്യന്റെ ഇന്നത്തെ ശരാശരി ആയുസ് 77 വയസാണ്. മധ്യവയസ് പിന്നിട്ട ഒരു പ്രദേശത്തിന്റെ ആരോഗ്യം സൂക്ഷ്മമായി പരിരക്ഷിക്കേണ്ട സമയമാണിത്. മനുഷ്യനാണെങ്കിൽ ഷുഗറും പ്രഷറും മറ്റു രോഗങ്ങളും കാരണമായി ആരോഗ്യസംരക്ഷണത്തിൽ കൂടുതൽ ജാഗ്രത കാണിക്കുന്ന പ്രായമാണിത്. അതുപോലെ തന്നെയാണ് നമ്മുടെ നാടിന്റെ അവസ്ഥയും. രോഗങ്ങൾ അനവധിയുണ്ട്. അവയെ കണ്ടെത്തി ഫലപ്രദമായി ചികിത്സനടത്തി പരിപാലിച്ചുകൊണ്ടുപോകേണ്ട ഉത്തരവാദിത്വം നമുക്കെല്ലാമുണ്ട്. എങ്കിലും എല്ലാ പ്രതിസന്ധികളിലും പ്രതീക്ഷയുടെ തുരുത്ത് നാം കാണാറുണ്ടല്ലോ. അതുകൊണ്ട് ഇനിയങ്ങോട്ട് വളരെ ശ്രദ്ധയോടെയും സൂക്ഷ്മമായും സാമൂഹിക ശരീരം കാത്തുസൂക്ഷിക്കുവാൻ നമുക്കുകഴിയട്ടെ. നമുക്ക് പ്രകൃതി കനിഞ്ഞു നൽകിയ മനോഹാരിതയെ സംരക്ഷിച്ചു നിർത്താനും മനുഷ്യജീവിതം കുറേക്കൂടി അർഥവത്താക്കുവാനും കഴിയട്ടെ. ■

■ അടൂർ പ്രകാശ്
റവന്യൂ-ദുരന്തനിവാരണ മന്ത്രി



# സുരക്ഷിത ജനത സുരക്ഷിത സംസ്ഥാനം






## അന്താരാഷ്ട്ര ദുരന്തനിവാരണദിനം ഉയർത്തുന്ന ചില ചിന്തകൾ

മാനവരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തെയും ജീവജാലങ്ങളുടെ സ്വൈര്യജീവിതത്തെയും എന്നും അലോസരപ്പെടുത്തിയിട്ടുള്ള പ്രതിഭാസങ്ങളാണ് ദുരന്തങ്ങൾ. പ്രകൃതി അതിന്റെ അനന്തമായ വിഭവങ്ങൾ സമൃദ്ധമായി നൽകി ഊട്ടി വളർത്തുമ്പോൾതന്നെ പരീക്ഷണങ്ങളുടെ വേലിയേറ്റവും തീർക്കാറുണ്ട്. പ്രകൃതിയും മനുഷ്യനുമായി നടക്കുന്ന നിരന്തരമായ ചെറുത്തു നിൽപ്പിന്റെയും പുരോഗതിക്കായി മാനവരാശി നടത്തുന്ന സാഹസികമായ പ്രവർത്തനങ്ങളിൽ നിന്നും അവനു നേരിടേണ്ടി വരുന്ന മനുഷ്യപ്രേരിത ദുരന്തങ്ങളുടെ തിക്താനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ വേണം ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനപ്രകാരം നാം ആചരിക്കുന്ന ദുരന്ത നിവാരണ ദിനത്തെ കാണുവാൻ.

പ്രകൃതി എന്ന അതുല്യ പ്രതിഭാസത്തിന്റെ ഒരു ഘടകം മാത്രമാണ് മനുഷ്യൻ എന്ന അടിസ്ഥാന തത്ത്വത്തെ അംഗീകരിച്ചുകൊണ്ടുമാത്രമേ പ്രകൃതിദുരന്തങ്ങളും അവയുടെ അതിജീവനവും എന്ന വിഷയത്തെ ഫലപ്രദമായി സമീപിക്കുവാൻ കഴിയൂ. കനത്ത മഴയിലും ഉരുൾപൊട്ടലിലും കുത്തിയൊലിച്ചെത്തിയ മഴവെള്ളത്തിൽ നിറഞ്ഞു കവിഞ്ഞ് അപകടഭീഷണി ഉയർത്തിയ കണ്ണൂർ പഴശ്ശി ഡാമിന്റെ ചിത്രം നമ്മുടെ കൺമുൻപിൽ നിന്നും മറഞ്ഞിട്ടില്ല. വൻനാശം വിതച്ച ഉരുൾപൊട്ടലിൽ കോതമംഗലത്തെ കടവൂരും, കോഴിക്കോട്, കണ്ണൂർ ജില്ലകളുടെ മലയോരമേഖലകളും നടുങ്ങിയപ്പോൾ കേരളം മുഴുവൻ ഭീതി പരന്നു. കേരളം ഒരു ബഹുദുരന്ത സാദ്ധ്യതാ മേഖലയായി കണക്കാക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. കാലവർഷം, വരൾച്ച, വെള്ളപ്പൊക്കം, ഇടിമിന്നൽ, ചുഴലിക്കാറ്റ്, ഭൂചലനം, ഉരുൾപൊട്ടൽ, കടലാക്രമണം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യജീവനും സ്വത്തിനും ഇതരജീവജാലങ്ങൾക്കും ആവാസ വ്യവസ്ഥയ്ക്കും വലിയ ആഘാതമാണ് സൃഷ്ടിക്കുന്നത്.

ദൈവത്തിന്റെ സ്വന്തം നാട് എന്ന് പുകഴ്പെറ്റ കേരളം, 44 നദികളും മനോഹരമായ കാടും കടൽത്തീരവും ഇടനാടും മലനാടും പ്രകൃതിരമണീയമാക്കുന്ന ഈ സംസ്ഥാനം ലോകത്തിലെ തന്നെ ഏറ്റവും മനോഹരമായ പ്രദേശങ്ങളിൽ ഒന്നാണ് എന്ന് ഏതൊരു മലയാളികൾക്കും അഭിമാനത്തോടുകൂടി പറയാം. ചരിത്ര പരമായി വടക്കേ ഇന്ത്യയിലും മറ്റു സംസ്ഥാനങ്ങളിലും ഉണ്ടാകുന്ന തീവ്രതയോടുകൂടി കേരളത്തെ പ്രകൃതി ദുരന്തങ്ങൾ ഗ്രസിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ദൈവത്തിന്റെ സ്വന്തം നാട് എന്ന പേര് കേരളത്തിന് അന്വർഥവുമായിരുന്നു. എന്നാൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി കേരളം നിരവധി ദുരന്തങ്ങളെ നേരിടേണ്ടിവരുന്നു. ദുരന്ത ആഘാതത്തിന് ഏറെ വിധേയരാകുന്നത് കുട്ടികളും സ്ത്രീകളും ആണെന്നതു കൊണ്ടുതന്നെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് മുൻപത്തെക്കാളും പ്രസക്തിയും വർധിച്ചു വരുന്നു. ദുരന്തങ്ങൾ സംഭവിക്കുന്നതിനു മുമ്പുള്ള തയാറെടുപ്പ്, ദുരന്ത സമയത്തുള്ള രക്ഷാപ്രവർത്തനങ്ങൾ, ദുരന്തശേഷമുള്ള ആശ്വാസ പ്രവർത്തനങ്ങൾ എന്നീ മൂന്നു ഘട്ടങ്ങളിലും ഫലപ്രദമായി പ്രവർത്തിക്കു

വാൻ നമുക്കു കഴിയണം. ആയതിലേയ്ക്കുള്ള കൂട്ടായ പരിശ്രമത്തിൽ സർക്കാരിനോടൊപ്പം മാധ്യമങ്ങളും സന്നദ്ധ സംഘടനകളും വിദ്യാർഥി- യുവജന സമൂഹങ്ങളും പൊതുജനങ്ങളും എല്ലാം അണിചേരേണ്ടത് ആവശ്യമാണ്.

ദുരന്തങ്ങളായി മാറാവുന്ന പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ചുള്ള അവബോധമാണ് ദുരന്തനിവാരണ പ്രവർത്തനത്തിലെ ആദ്യപടി. ഉദാഹരണത്തിന് വെള്ളപ്പൊക്കത്തിന്റെ കാര്യമെടുക്കാം. മാനവരാശിക്ക് ജീവനാശവും ധനനഷ്ടവും വരുത്തിവയ്ക്കുന്നുണ്ടെങ്കിലും വെള്ളപ്പൊക്കം വാസ്തവത്തിൽ പ്രകൃതിയുടെ ഒരു സ്വയം സന്തുലന സംവിധാനമാണ്. മാലിന്യങ്ങൾ തുടച്ചു നീക്കുന്നതിനും മണ്ണിന് കൂടുതൽ ഇളക്കവും വളക്കൂറും നൽകുന്നതിനും അതുപകരിക്കുന്നു. വെള്ളപ്പൊക്കത്തിലൂടെ നദികളിലെ ഓക്സിജന്റെ അളവിൽ വർധനവുണ്ടാവുകയും ആവാസ വ്യവസ്ഥയുടെ സന്തുലനാവസ്ഥയെ സഹായിക്കുകയും ചെയ്യുന്നു. എങ്കിലും മനുഷ്യന്റെ സ്വൈര്യജീവിതത്തെ ഇതു തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. അതിനാൽ വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ മതിയായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. പ്രധാനമായി അപകട സാഹചര്യത്തിൽ വേഗം എത്തിച്ചേരാവുന്ന സുരക്ഷാ കേന്ദ്രങ്ങളും അവിടേക്കുള്ള വഴിയും കുടുംബത്തിലെ എല്ലാവരും അറിഞ്ഞിരിക്കണം. വിലപിടിപ്പുള്ള സാധനങ്ങളും പ്രധാന രേഖകളും നനയാത്തവിധം ഭദ്രമായി സൂക്ഷിക്കുകയും ആവശ്യമെങ്കിൽ സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റുകയും ചെയ്യണം. വെള്ളപ്പൊക്ക ഭീഷണി ഉണ്ടെങ്കിൽ വൈദ്യുതി-പാചകവാതകബന്ധങ്ങൾ വിച്ഛേദിക്കണം. രോഗബാധ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം, തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

മഴക്കാലത്തോടനുബന്ധിച്ച് ഏറെ നാശം വിതയ്ക്കാറുള്ള മറ്റൊരു പ്രതിഭാസമാണ് ഉരുൾപൊട്ടൽ. മണ്ണിന്റെയും പാറയുടെയും സ്വാഭാവികമായ സന്തുലിതാവസ്ഥ തകരാറിലാക്കുന്ന ഏതു ശക്തിയും ഉരുൾ പൊട്ടലിനു വഴി തെളിച്ചേക്കാം. കുത്തനെയുള്ളതും മണ്ണും കല്ലും കലർന്ന ഭൂപ്രകൃതി ഉള്ളതുമായ കുന്നിൻ പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഏതുതരം ഇടപെടലും ഉരുൾപൊട്ടലിന്റെ സാദ്ധ്യത വർധിപ്പിക്കും. ഇത് മരം വെട്ടി കൃഷിഭൂമി ആക്കുന്നതാകാം, പാറപൊട്ടിക്കലാകാം, അശാസ്ത്രീയമായ മണ്ണെടുപ്പാകാം, റോഡുവെട്ടുന്നതാകാം, കൃഷിക്കുവേണ്ടി കുന്നിൻ ചരിവുകളിൽ തിട്ടകൾ നിർമിക്കുന്നതും നീർച്ചാലുകൾ വഴിതെളിച്ചു വിടുന്നതുമാകാം. ഭൂവിനിയോഗത്തിൽ കുറച്ച് ശ്രദ്ധയും സൂക്ഷ്മതയും ഉണ്ടെങ്കിൽ മനുഷ്യർ വിചാരിച്ചാൽ ഏറെ നിയന്ത്രിക്കാൻ പറ്റുന്ന ഒന്നാണ് ഉരുൾ പൊട്ടൽ കൊണ്ടുണ്ടാകുന്ന ജീവനാശവും കെടുതികളും. പ്രകൃതിയുടെ സ്വാഭാവിക



**അന്താരാഷ്ട്ര ദുരന്തനിവാരണ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. മന്ത്രി അടൂർപ്രകാശ് സമീപം**

പ്രതിഭാസമായിരുന്ന ഉരുൾപൊട്ടലിന് നദികളിലേയ്ക്ക് മണ്ണും മണലും കൊണ്ടെത്തിക്കുന്നതിലും പുഴകളുടെ ആവാസ വ്യവസ്ഥിതിയെ സംരക്ഷിക്കുന്നതിലും ഗണ്യമായ സ്ഥാനമുണ്ട്. കേരളത്തിലെ മഴയുടെ തോത് കഴിഞ്ഞ 100 വർഷത്തിനിടയിൽ വലിയ അളവിൽ വർധിക്കുകയോ കുറയുകയോ ചെയ്തിട്ടില്ലെങ്കിലും മനുഷ്യന്റെ മരണത്തിന് കാരണമാകുന്ന ഉരുൾപൊട്ടലുകളുടെ എണ്ണം ഗണ്യമായി വർധിച്ചുവരുന്നതായി പഠനങ്ങൾ കാണിക്കുന്നു.

മലഞ്ചരിവുകളിൽ മനുഷ്യവാസം ഏറിയതും വനഭൂമിയെ കൃഷിഭൂമിയാക്കി മാറ്റിയതും ഉരുൾപൊട്ടൽ കൊണ്ടുണ്ടാകുന്ന മരണം വർധിക്കുന്നതിൽ നിർണായകമായ പങ്കു വഹിക്കുന്നുണ്ട്. ഉരുൾപൊട്ടൽ മേഖലയിൽ ഒറ്റപ്പെട്ട കനത്ത മഴയെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ടത് മണിക്കൂറുകളോളം തുടരുന്ന മഴയെയാണ്. ദിവസങ്ങളോളം നിർത്താതെ പെയ്യുന്ന മഴ, അത് ചെറിയ അളവിലാണെങ്കിലും ഉരുൾപൊട്ടലിന് ഉതകുന്ന സാഹചര്യം സൃഷ്ടിക്കാൻ പ്രാപ്തമാണ്.

> ഭൂവിനിയോഗത്തിൽ കുറച്ച് ശ്രദ്ധയും സൂക്ഷ്മതയും ഉണ്ടെങ്കിൽ മനുഷ്യർ വിചാരിച്ചാൽ ഏറെ നിയന്ത്രിക്കാൻ പറ്റുന്ന ഒന്നാണ് ഉരുൾപൊട്ടൽ കൊണ്ടുണ്ടാകുന്ന ജീവനാശവും കെടുതികളും.

അറുന്നൂറ്റി അൻപതു കി. മീറ്ററോളം തീരപ്രദേശമുള്ള കേരളത്തിൽ പലപ്പോഴും അതിരൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടാറുണ്ട്. അതിവിശാലമായ ഒരു സാമ്പത്തിക മേഖല കൂടിയായ തീരദേശത്ത് കടലാക്രമണം മൂലം ഗുരുതരമായ പ്രതിസന്ധിയുണ്ടാകുന്നതു കൂടാതെ ജീവനും മനുഷ്യവാസത്തിനും ഭീഷണിയാവുകയും ചെയ്യുന്നു. ഈ ഓണക്കാലത്തുപോലും കേരളം കടലാക്രമണ ഭീഷണിയിലായിരുന്നു. കണ്ടൽക്കാടുകൾ പോലെ പ്രദേശത്തിനിണങ്ങിയ സസ്യാവരണം (Bio-Shielding) തീർത്തുകൊണ്ട് കടൽതീരത്തെ ശക്തിപ്പെടുത്താവുന്നതാണ്. കടൽഭിത്തി നിർമാണത്തിലൂടെ തീരശോഷണത്തെ ഒരു പരിധി വരെ നാം ചെറുത്ത് നിന്നിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ മനുഷ്യവാസം തീരത്തിനോടടുത്താണ് ഏറ്റവും കൂടുതൽ എന്നുള്ളതുകൊണ്ട് തീരസംരക്ഷണം കേരളത്തിൽ പ്രാധാന്യം അർഹിക്കുന്നു. തീരപ്രദേശത്തെ ഗൃഹനിർമാണ ശൈലിയിൽ എന്തെങ്കിലും മാറ്റം വരുത്തുക വഴി കടലാക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ കുറയ്ക്കുവാൻ കഴിയുമോയെന്നു പരിശോധിക്കേണ്ടതുണ്ട്.

ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവചന പ്രകാരം കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഈ വർഷം ജൂൺ അഞ്ചിന് ആരംഭിക്കുകയും സാധാരണഗതിയിലുള്ളതായിരിക്കയും ചെയ്യേണ്ടതായിരുന്നു. എന്നാൽ ജൂൺ-ജൂലൈ മാസങ്ങളിലെ വർഷപാതതോത് പരിശോധിക്കുമ്പോൾ കേരളത്തിൽ ലഭിച്ച മഴ മുൻ വർഷങ്ങളെ അപേക്ഷിച്ച് 39 ശതമാനം കുറവാണെന്നു കാണുന്നു. കേരളത്തിൽ ജൂൺ-ജൂലൈ മാസങ്ങളിൽ 125 സെന്റീമീറ്റർ മഴ ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും ഈ കാലയളവിൽ കേവലം 76.09 സെന്റീമീറ്റർ വർഷപാതമാണ് ഉണ്ടായത്.

മഴ വ്യതിയാനത്തിന്റെ തോത് അനുസരിച്ച് വരൾച്ചാ കാഠിന്യം ഐ.എം.ഡി. തരംതിരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| കഠിന വരൾച്ച | - | 50% മഴ കുറവ് |
| വരൾച്ച | - | 26–50% മഴ കുറവ് |
| മിതമായ വരൾച്ച | - | 0–26% മഴ കുറവ് |

കേരളത്തിൽ സ്ഥാപിച്ചിരിക്കുന്ന 68 മഴ മാപിനികളിൽ നിന്ന് വിവരം ശേഖരിച്ച് ഈ വിഷയത്തിൽ അപഗ്രഥനം നടത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 492 വില്ലേജുകളിൽ കഠിന വരൾച്ച (50% കുറവ്) ഉണ്ടാകുമെന്നും 1070 വില്ലേജുകൾ വരൾച്ചാ ബാധകമാകാമെന്നും (26–50%) കണക്കാക്കുന്നു.

വരൾച്ചയെ നേരിടാനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു തുടങ്ങണം. നീർത്തട വികസനപരിപാടികൾ നടപ്പിലാക്കുക, മഴവെള്ള സംഭരണ മാർഗങ്ങൾ അവലംബിക്കുക, ഭൂജല പരിപോഷണമാർഗങ്ങൾ സ്വീകരിക്കുക, തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക, ജലസ്രോതസ്സുകൾ മലിനമാക്കാതിരിക്കുക, പുഴയോരങ്ങളിലെ മണ്ണെടുപ്പും മണ്ണൊലിപ്പും തടയുക, ശരിയായ മണ്ണ്-ജല സംരക്ഷണം ഉറപ്പാക്കുന്ന കൃഷിരീതികൾ സ്വീകരിക്കുക, വനവൽക്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ മാർഗങ്ങളിലൂടെ വരൾച്ചയെ നേരിടാൻ കഴിയും.

വേനൽക്കാലത്ത് സ്വീകരിക്കേണ്ട മറ്റൊരു മുൻകരുതൽ സൂര്യാഘാതത്തിനെതിരെയാണ്. കടുത്ത ചൂടിനോട് ദീർഘനേരത്തെ ശാരീരിക സമ്പർക്കം ഒഴിവാക്കുക. ആവശ്യാനുസരണം ശുദ്ധജം കുടിക്കുക, ദ്രവ രൂപത്തിലുള്ള ആഹാരപദാർഥങ്ങൾ കഴിക്കുക, നിർജലീകരണം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക, നനച്ച തുണി പിഴിഞ്ഞ് ശരീരം തുടയ്ക്കുക, രോഗാവസ്ഥയുള്ളവർ ശാരീരികാദ്ധ്വാനമുള്ള പ്രവൃത്തികൾ ഒഴിവാക്കുക എന്നിവ പ്രധാനമാണ്. വെള്ളയോ ഇളം നിറത്തിലുള്ളതോ ആയ കട്ടി കുറഞ്ഞതും അയഞ്ഞതും കാലാവസ്ഥയ്ക്ക് അനുയോജ്യമായതുമായ വസ്ത്രങ്ങൾ ധരിക്കുക എതും പ്രധാനമാണ്.

നമ്മുടെ ഭൂവിനിയോഗം കേരളത്തിലെ ദുരന്തസാധ്യതകളെ ഗണ്യമായി വർധിപ്പിക്കുന്നതായി ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. ഈ രംഗത്ത് മുന്നേറ്റം കൈവരിക്കുവാൻ സാമൂഹിക കൂട്ടായ്മയും അവബോധവും അത്യന്താപേക്ഷിതമാണ്.

നാം സ്വീകരിക്കുന്ന ഗൃഹനിർമാണ ശൈലി പോലും ദുരന്ത ലഘൂകരണത്തെ മുന്നിൽക്കണ്ടുകൊണ്ടാണോ എന്ന് ഗൗരവമായി ചിന്തിക്കണം. കേരളത്തിൽ വെള്ളപ്പൊക്ക വരൾച്ചാ സാധ്യതകൾ വർധിക്കുന്നതിനും നമ്മുടെ ഗൃഹനിർമാണരീതി സ്വാധീനം ചെലുത്തുന്നുണ്ട്. 100 വർഷത്തെ മഴയുടെ തോത് പരിശോധിച്ചാൽ കേരളത്തിൽ മഴയുടെ അളവ് വർധിക്കുകയോ കുറയുകയോ ചെയ്തില്ലെന്നു കാണാം. എന്നാൽ ഓരോ മഴക്കാലത്തും വെള്ളപ്പൊക്കവും അതിന്റെ തീവ്രതയും വർധിച്ചുവരുന്നു. കൂടാതെ ഓരോ വേനൽക്കാലത്തും ജലദൗർലഭ്യം വർധിച്ചുകൊണ്ടിരിക്കുന്നു. 1918 നുശേഷം ഒരു പക്ഷേ കേരളം കണ്ട ഏറ്റവും തീവ്രമായ വരൾച്ച നാം ഈ വരുന്ന വേനൽക്കാലത്ത് നേരിടേണ്ടി വന്നേക്കാം. ഇതിന്റെ കാരണങ്ങൾ അന്വേഷിച്ചാൽ നാം ചെന്നെത്തുന്നത് കേരള ജനത അനുവർത്തിച്ചു വരുന്ന ഭൂവിനിയോഗ ശൈലിയിലാണ്. പഴമക്കാർ വീടിന്റെ മേൽക്കൂരയിൽ വീഴുന്ന വെള്ളം വീടിന്റെ ഉള്ളിൽ നടുത്തളത്തിൽ തന്നെ ഭൂമിയിലേക്ക് ഇറങ്ങുവാൻ അനുവദിച്ചിരുന്നു. മധ്യവർഗവും കർഷകരും അവരവരുടെ വീടിന്റെ പരിസരത്ത് ലഭിക്കുന്ന ജലം പാഴായി പോകാതിരിക്കുവാനും കൃഷിയുടെ ആവശ്യങ്ങൾക്ക് ഉപയോഗപെടുത്തുവാനും വേണ്ടി കുളങ്ങളിലും മറ്റും പരമാവധി ശേഖരിച്ചു വയ്ക്കാനും ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇന്ന് ഒരു തുള്ളിവെള്ളം പോലും ഇത്തരം മലഞ്ചരുവുകളിൽ കൃഷി ചെയ്യുമ്പോഴും ഗൃഹനിർമാണം നടത്തുമ്പോഴും ചെറു ചാലുകളെ തടഞ്ഞുനിർത്താതെ ജലത്തിനു സ്വതന്ത്രമായി ഭൂമിയിൽ ആഴ്ന്നിറങ്ങുവാനും ഒഴുകുവാനുമുള്ള അവസ്ഥ സൃഷ്ടിച്ചാൽ 2001 ൽ അമ്പൂരിയിൽ ഉണ്ടായതുപോലുള്ള വലിയ നാശനഷ്ടം വരുത്തുന്ന ഉരു പൊട്ടലുകൾ കുറച്ചുകൊണ്ടുവരുവാൻ സാധിക്കും. മഴവെള്ള ശേഖരണം, ജലത്തിന്റെ പുനരുപയോഗം, വനവൽക്കരണം എന്നിവയെല്ലാം വെള്ളപ്പൊക്കത്തെയും വളർച്ചയെയും ഉരുൾപൊട്ടലിനെയും പ്രതിരോധിക്കുവാൻ സഹായകരമായ സാമൂഹിക പ്രവർത്തനങ്ങളാണ്.

മഴമേഘങ്ങൾ ഉരുണ്ടുകൂടി വരുമ്പോൾ




**ദുരന്ത നിവാരണം സംബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന മോക്ഡ്രില്ലിൽ നിന്നും**

ഉയരമുള്ള മരങ്ങളുടെ കീഴിൽ നിൽക്കാതിരിക്കുകയും വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കാതിരിക്കുകയും ഇരുമ്പു അയകളിൽ ഇട്ടിരിക്കുന്ന വസ്ത്രങ്ങൾ എടുക്കാൻ ശ്രമിക്കാതിരിക്കയും ചെയ്താൽ മിന്നലേറ്റുള്ള ദുരന്തങ്ങൾ കുറയ്ക്കുവാൻ സാധിക്കും.

സ്വന്തം വീടിന്റെ പരിസരത്ത് ആഴ്ന്നിറങ്ങാത്തവിധം വീടുകളുടെ മുറ്റം പൂർണമായും കോൺക്രീറ്റ് ചെയ്യുന്നതായി കാണുന്നു. ഇതുവഴി മുമ്പ് ഭൂമിയിലേക്ക് ആഴ്ന്നിറങ്ങിയിരുന്ന ജലം ഇന്ന് നിരത്തുകളിലും നദികളിലും മറ്റും എത്തുകയും അതുവഴി നദീതീരങ്ങളിലും പാടശേഖരങ്ങളിലും കായലോരങ്ങളിലും വെള്ളപ്പൊക്കത്തിന് കാരണമാകുകയും ചെയ്യുന്നു. ഇങ്ങനെ ഒഴുകിപ്പോകുന്ന വെള്ളത്തിന്റെ 30% എങ്കിലും മണ്ണിൽ ആഴ്ന്നിറങ്ങിയിരുന്നതാണ് എന്നോർത്താൽ വരൾച്ചയുടെ കാരണവും മറ്റൊന്നല്ല എന്നു ബോധ്യപ്പെടും.

20 ഡിഗ്രി ചരിവിൽ കൂടുതലുള്ള മലമ്പ്രദേശത്ത് ഗൃഹ നിർമാണം നടത്തുമ്പോൾ വീടിന്റെ വശങ്ങളിൽ ഒരു മീറ്റർ ഉയരത്തിൽ കൂടുതലായി മണ്ണുവെട്ടി നിറുത്താതിരിക്കുകയാണെങ്കിൽ 2005 ൽ മൂന്നാറിലെ അന്തോണിയാർ കോളനിയിൽ ഉണ്ടായതുപോലുള്ള മണ്ണിടിച്ചിലുകൾ ഒഴിവാക്കാൻ സാധിക്കും.

ഭൂചലനം മനുഷ്യനാൽ നിയന്ത്രിക്കുവാൻ സാധ്യമല്ലെങ്കിലും അതുമൂലമുള്ള നാശനഷ്ടങ്ങൾ ഗണ്യമായി കുറക്കുവാൻ കഴിഞ്ഞെന്നു വരും. കെട്ടിട നിർമാണ ചട്ടങ്ങൾ പാലിക്കുവാൻ നമ്മുടെ സമൂഹം പ്രതിജ്ഞാബദ്ധമായാൽ ഭൂകമ്പദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ സുഗമമാവും. വ്യക്തമായ ധാരണയുണ്ടെങ്കിൽ അഗ്നിബാധ മുതൽ സൂനാമി വരെയുള്ള ഏതു ദുരന്തത്തെയും നേരിടാൻ പ്രാപ്തിയുള്ള സമൂഹമായി മാറാൻ നമുക്ക് കഴിയും. ദുരന്തം ഏതുതരത്തിലുള്ളതായാലും അതിനെ പ്രതിരോധിക്കുവാൻ ഉതകുന്ന


ശേഷി വർധിപ്പിക്കൽ (Capacity Building) പരമപ്രധാനമാണ്. അതിനു സർക്കാരിന്റെ എല്ലാ വകുപ്പുകളും അതോടൊപ്പം സന്നദ്ധ സംഘടനകളും മാധ്യമങ്ങളും പൊതുസമൂഹവും ഉണർന്നു പ്രവർത്തിക്കണം.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഉയർന്ന ജനസാന്ദ്രതയും മൂലം നമ്മുടെ സംസ്ഥാനം ഒരു ബഹുമുഖ ദുരന്ത സാദ്ധ്യതാമേഖലയായി കണക്കാക്കപ്പെടുന്നു. 2012ലെ കാലവർഷം വളരെ കുറഞ്ഞ ദിവസങ്ങളിൽ മാത്രമാണ് കേരളത്തിൽ ശക്തമായിരുന്നതെങ്കിലും കോതമംഗലത്തും കോഴിക്കോടും കണ്ണൂരും ഉരുൾപൊട്ടലിനും മറ്റു താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനും കാരണമായി. കൂടാതെ ചെറിയ തോതിലുള്ള ഭൂചലനങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇടയ്ക്കിടയ്ക്ക് സംഭവിച്ചുകൊണ്ടുമിരിക്കുന്നു.

സമൂഹത്തിന്റെ സുരക്ഷാസംവിധാനങ്ങൾക്ക് നേരെയുള്ള ചൂണ്ടുപലകകളാണ് ഓരോ ദുരന്തങ്ങളും. പ്രകൃതി ദുരന്തങ്ങളാണെങ്കിലും മനുഷ്യപ്രേരിത ദുരന്തങ്ങളാണെങ്കിലും ആത്യന്തികമായി ഇവ മനുഷ്യനും പരിസ്ഥിതിക്കും വളരെയേറെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയാണ്. 2005 ൽ ദേശീയ ദുരന്തനിവാരണ നിയമം നിലവിൽ വന്നതു മുതൽ ദുരന്ത പ്രതിരോധത്തിലും ദുരന്ത ആഘാത ലഘൂകരണത്തിലും ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പ് നേതൃത്വം നൽകി വരികയാണ്.

2009 ൽ കരുനാഗപ്പള്ളി പുത്തൻതെരുവിലും 2012 ഓഗസ്റ്റ് മാസം കണ്ണൂർ ചാലയിലും ഉണ്ടായ എൽ.പി.ജി ദുരന്തങ്ങൾ നമ്മുടെ ഏവരുടേയും കണ്ണുകൾ തുറപ്പിക്കേണ്ട ദുഃഖകരമായ സംഭവങ്ങളായിരുന്നു. എൽ.പി.ജി, അമോണിയ, ആസിഡുകൾ തുടങ്ങിയ രാസവസ്തുക്കളുമായി പോയ ടാങ്കറുകളും ബുള്ളറ്റുകളും ഇതിനുമുൻപും പല തവണ അപകടത്തിൽപെട്ടിട്ടുണ്ട്. നിയമങ്ങളും സുരക്ഷാനടപടികളും ഏറെയുണ്ടായിട്ടും സംസ്ഥാനത്ത് ഗ്യാസ് ടാങ്കറുകളും ബുള്ളറ്റുകളും അപകടത്തിൽപ്പെട്ടിട്ടുള്ള ദുരന്തങ്ങൾ പതിവാകുകയാണ്. 1934-ലെ പെട്രോളിയം ആക്റ്റ്, 1948-ലെ ഫാക്ടറീസ് ആക്റ്റ്, 1968 -ലെ ഇൻസെക്റ്റിസൈഡ് ആക്റ്റ്, 1968 -ലെ പരിസ്ഥിതി സംരക്ഷണ ആക്റ്റ്, 1984 -ലെ എക്സ്പ്ലോസീവ്സ് ആക്ട് തുടങ്ങിയവയാണ് ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നിയമങ്ങൾ. രാസവസ്തുക്കൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് സുരക്ഷിതമായി കൊണ്ടുപോകേണ്ടത് എങ്ങനെയെന്ന് നിഷ്കർഷിക്കുന്ന നിയമങ്ങൾ വേറെയും നിലവിലുണ്ട്. നാറ്റ്പാക്ക് (National Transportation and Research Centre) നടത്തിയ പഠനം അനുസരിച്ച് രാജ്യത്ത് ഏറ്റവും അധികം റോഡപകടങ്ങൾ സംഭവിക്കുന്ന സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനമാണ് കേരളത്തിന്. കേരളത്തിൽ പ്രതിവർഷം 4,000 പേർ റോഡപകടങ്ങളിൽ മരിക്കുകയും 40,000 പേർക്ക് ഗുരുതരമായി പരിക്കുകളുണ്ടാകുകയും ചെയ്യുന്നു. ഇതിനെല്ലാം പുറമെ 600 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് സർക്കാരിന് ഓരോ വർഷവും ഇതു മൂലം ഉണ്ടാകുന്നത്. ചാല ദുരന്തത്തിനുശേഷം സംസ്ഥാനത്തെ രാസപദാർഥങ്ങളുടെ ഗതാഗതം സുരക്ഷിതമാക്കുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരികയാണ്. പക്ഷേ ദുരന്ത ലഘൂകരണം എന്നത് ഇത്തരം നടപടികളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. പൊതുജനങ്ങളും തദ്ദേശവാസികളും ദുരന്ത സാദ്ധ്യതകളെക്കുറിച്ച് അറിഞ്ഞിരിക്കുകയും സമയോചിതമായി പെരുമാറുകയും ചെയ്താലേ അപകടങ്ങളുടെ ആഘാതം കുറക്കുവാൻ കഴിയൂ. ഈ വർഷം അന്താരാഷ്ട്ര തലത്തിൽ ദുരന്ത ലഘൂകരണ ദിനാചരണത്തിൽ മുഖ്യ വിഷയമാക്കിയിരിക്കുന്നത് Women and Girls The Invisible Force of Resilience' എന്നതാണ്. ദുരന്ത മുഖത്ത് ഏറെ ആഘാതം അനുഭവിക്കേണ്ടി വരുന്നത് മിക്കപ്പോഴും സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. ആയതിനാൽ ദുരന്ത ആഘാതത്തിൽ നിന്ന് ഫിനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽപ്പ് നടത്തുവാൻ സ്ത്രീ സമൂഹത്തെ ശാക്തീകരിക്കേണ്ടതായുണ്ട്. ഒരു സ്ത്രീയ്ക്ക് അഥവാ പെൺകുഞ്ഞിന് നൽകുന്ന ശാക്തീകരണം ഒരു കുടുംബത്തിന്റെ, ഒരു സമൂഹത്തിന്റെ തന്നെ ശാക്തീകരണമായി മാറും. അതിനാൽ ഈ വർഷത്തെ ദുരന്ത ലഘൂകരണ ആചരണത്തിന്റെ മുഖ്യ വിഷയം അതീവ പ്രസക്തി ഉള്ളതാണ്.

ഈ സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് രാസദുരന്തങ്ങളെ നേരിടുന്നതിനു വേണ്ടി വിവിധ മാർഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകം പുറത്തിറക്കുന്നത് പ്രസക്തമായ ഉദ്യമമാണ്. ലളിതമായ രീതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ഈ പുസ്തകം പൊതുജനങ്ങൾക്കും, ദുരന്തനിവാരണ ഉദ്യോഗസ്ഥർക്കും, വിദ്യാർഥികൾക്കും പ്രയോജനപ്രദമാകും.



തീർത്ഥങ്കർ റോയ്

Oxford University Press അടുത്തകാലത്ത് പ്രസിദ്ധീകരിച്ച തീർത്ഥങ്കർ റോയിയുടെ "Natural Disasters and Indian History' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വളരെ ശ്രദ്ധേയമായ ഒരു പ്രമേയം മുന്നോട്ടു വയ്ക്കുന്നുണ്ട്. ദുരന്തങ്ങളെ അതിജീവിക്കാൻ മനുഷ്യൻ പരസ്പര സഹകരണവും സഹാനുഭൂതിയും വളർത്തണം എന്നതാണ് ആ ആശയം. സമൂഹം അണുകുടുംബങ്ങളായി മാറുന്ന ഇന്നത്തെ ലോകത്ത് ദുരന്തങ്ങളെ നേരിടാൻ കൂട്ടായ പരിശ്രമങ്ങൾക്കും സഹകരണത്തിനുമേ കഴിയൂ.

വിദ്യാർഥികളെ ബോധവൽകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കോളേജുകളിൽ സുരക്ഷാ ക്ലബ്ബുകൾ ആരംഭിക്കുകയാണ്. അതിന്റെ ആദ്യപടിയായി നാലു കോളേജുകളെ അതിനായി തെരഞ്ഞെടുത്തു കഴിഞ്ഞു.

ദുരന്തനിവാരണത്തിനായി കേരള സർക്കാർ സ്വീകരിക്കുന്ന ഊർജിതമായ നടപടികളുടെ ഭാഗമായാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന് രൂപം നൽകാൻ ഓഗസ്റ്റ് 14 ന് കൂടിയ മന്ത്രിസഭ തീരുമാനമെടുത്തിട്ടുള്ളത്. കൂടാതെ കോഴിക്കോട്. കണ്ണൂർ ജില്ലകളിലെ മിന്നൽ പ്രളയത്തിൽ കെടുതി അനുഭവിച്ചവർക്ക് ബൃഹത്തായ ആശ്വാസ പദ്ധതികളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും കഴിവതും എത്തിച്ചേരുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നുണ്ട്.

ഈ ശ്രമത്തിൽ എന്നും മുന്നിട്ടു നിന്നിട്ടുള്ളവരാണ് മാധ്യമങ്ങൾ. ദുരന്ത മുഖത്ത് ജീവൻ പണയപ്പെടുത്തിപ്പോലും വാർത്തകൾ ജനങ്ങളിൽ എത്തിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ്. ഈ തിരിച്ചറിവാണ് ദുരന്ത നിവാരണ ദിനത്തിൽ മാധ്യമ അവാർഡുദാനവും സംഘടിപ്പിക്കുവാൻ പ്രേരിപ്പിച്ചത്.

സുരക്ഷിത ജനത, സുരക്ഷിത സംസ്ഥാനം അതാണ് നമ്മുടെ ലക്ഷ്യം. ഈ സർക്കാരിന്റെ മുഖമുദ്രയായ കരുതലും വികസനവും എന്ന പ്രവർത്തന ശൈലി മുൻനിർത്തികൊണ്ടുതന്നെ സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എല്ലാ അർഥത്തിലും ശക്തമാക്കുവാനും ആധുനികവൽക്കരിക്കാനും ഏവർക്കും സുരക്ഷ ഉറപ്പാക്കാനുമുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുസമൂഹത്തിന്റെ സമ്പൂർണ സഹകരണം സർക്കാർ ഈ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിക്കുന്നു. ■

■ ദിവ്യ എസ്. / ഹൃദ്യ മേനോൻ എം.കെ.





# വിശ്വമലയാള മഹോത്സവം ചരിത്രത്തിലേയ്ക്ക് ഒരേട്

തുഞ്ചനുറങ്ങുന്ന കേരളമണ്ണിന്റെ സംസ്കൃതിയും മാതൃഭാഷാ മഹത്വവും വിശ്വത്തിനുമുന്നിൽ വിളിച്ചോതിയ ത്രിദിന വിശ്വമലയാള മഹോത്സവം ചരിത്രത്തിലേക്ക്. ഒക്ടോബർ 30 മുതൽ നവംബർ ഒന്നുവരെ ആയിരുന്നു സമ്മേളനം. 1977 ലാണ് ആദ്യമായി ലോക മലയാള സമ്മേളനം സംഘടിപ്പിച്ചത്. 35 വർഷങ്ങൾ പിന്നിട്ട് 2012ൽ ഇതിനു പിന്തുടർച്ചയുണ്ടായത് സാംസ്കാരികവകുപ്പിന്റെയും കേരള സാഹിത്യ അക്കാദമിയുടെയും സംയുക്ത ആഭിമുഖ്യത്തിലും. ഭാഷയുടെ ഈ മഹോത്സവത്തിന് നാന്ദികുറിക്കാനെത്തിയത് ഭാരതത്തിന്റെ പ്രഥമ പൗരൻ പ്രണബ് കുമാർ മുഖർജിയാണെന്നത് അഭിമാനകരമായി. സാഹിത്യത്തിലൂടെ വിസ്മയം വിരിയിച്ച മലയാളം എഴുത്തുകാരുടെയും ഇതരഭാഷാ എഴുത്തുകാരുടെയും ഭാഷാ സ്നേഹികളുടെയും വിദ്യാർഥികളുടെയും സംഗമവേദിയായി മഹോത്സവം.

മലയാളത്തിന്റെ എഴുത്തിന് പുതിയ മാനങ്ങൾ നൽകിയ സാഹിത്യാചാര്യന്മാരായ എം.ടി. വാസുദേവൻ നായർ, ഒ.എൻ.വി. കുറുപ്പ്, അടൂർ ഗോപാലകൃഷ്ണൻ, ടി. പത്മനാഭൻ, സുഗതകുമാരി, പി. ഗോവിന്ദപിള്ള, കാവാലം നാരായണപ്പണിക്കർ, ഡോ. പുതുശേരി രാമചന്ദ്രൻ എന്നിവരെ ഒരു വേദിയിൽ ആദരിക്കാൻ സാധിച്ചതും സാമൂഹിക യാഥാർഥ്യങ്ങളുടെ പൊള്ളുന്ന ഉള്ളറിഞ്ഞ് അവയെ തൂലികയിലൂടെ ലോകത്തെ അറിയിച്ച ബുക്കർ പ്രൈസ് ജേതാവും നൈജീരിയൻ എഴുത്തുകാരനുമായ ബെൻ ഒക്രിയുടെ സാന്നിധ്യവും ഇന്ത്യയിലെ ഇതര എഴുത്തുകാരുമായി സംവദിക്കാനുള്ള വേദിയൊരുക്കിയതുമെല്ലാം വിശ്വമലയാള മഹോത്സവത്തെ ചരിത്രത്തിന്റെ ഭാഗമാക്കി.

## ഭാഷ കാലാനുസൃതമാകണം

കാലാനുസൃതമായ മാറ്റത്തിന് ഭാഷ വിധേയമായില്ലെങ്കിൽ ഏതു ഭാഷയുടെയും പ്രസക്തിയും ജനകീയതയും നഷ്ടപ്പെടുമെന്ന് ഉദ്ഘാടന വേദിയിൽ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി പറഞ്ഞു. പുരോഗതിക്കും വളർച്ചയ്ക്കുമായി ആധുനിക സങ്കേതങ്ങൾ സ്വീകരിക്കുമ്പോൾ ഭാഷയുടെ മൗലികത നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കണം. മഹത്തായ സാംസ്കാരിക പാരമ്പര്യവും ചരിത്രവും അവകാശപ്പെടാവുന്ന ഭാഷയാണ് മലയാളം. സാഹിത്യത്തിന്റെയും കലയുടെയും മേഖലകളിൽ അദ്വിതീയമായ സ്ഥാനമാണ് മലയാളത്തിനുള്ളത്. അതേസമയം പുതിയ തലമുറയുടെ ആവശ്യങ്ങൾകൂടി പരിഗണിക്കാൻ സജ്ജമായാൽ മാത്രമേ ഏതു ഭാഷയ്ക്കും നിലനിൽക്കാനാകുകയുള്ളു എന്നും രാഷ്ട്രപതി പറഞ്ഞു.

വിശ്വമലയാള മഹോത്സവത്തിൽ ഉരുത്തിരിയുന്ന ആശയങ്ങൾ മലയാള ഭാഷയുടെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തേകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രത്യാശിച്ചു. ലോകത്തിനുമുന്നിൽ തലയുയർത്തി നിൽക്കാൻ കരുത്തുള്ള മലയാള ഭാഷ സാർവത്രികമായി ഉപയോഗിക്കപ്പെടണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതിനനുസരിച്ച് ഭാഷാപരമായ ഓജസ്സും തേജസ്സും മലയാളത്തിന് വർധിക്കും. വിശ്വമലയാള മഹോത്സവം ഒരു തുടർപ്രക്രിയ ആക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.




ഗവർണർ എച്ച്.ആർ. ഭരദ്വാജ് അധ്യക്ഷനായിരുന്നു. മന്ത്രിമാരായ കെ.എം. മാണി, പി.കെ. അബ്ദുറബ്ബ് എന്നിവരും ആശംസകൾ നേർന്നു. മലയാള ഭാഷയുടെ വികാസത്തിനും വളർച്ചയ്ക്കും ഉതകുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞതായി സാംസ്കാരികവകുപ്പു മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, കേന്ദ്രമന്ത്രിമാരായ കെ.സി. വേണുഗോപാൽ, ശശിതരൂർ, മന്ത്രി വി.എസ്. ശിവകുമാർ, മേയർ അഡ്വ. കെ. ചന്ദ്രിക, ജ്ഞാനപീഠ ജേതാക്കളായ എം.ടി. വാസുദേവൻ നായർ, പ്രൊഫ. ഒ.എൻ.വി. കുറുപ്പ്, എം.എൽ.എമാരായ കെ. മുരളീധരൻ, പാലോട് രവി, സംഘാടക സമിതി ചെയർമാൻ പെരുമ്പടവം ശ്രീധരൻ തുടങ്ങിയവർ സംബന്ധിച്ചു.

## മാതൃഭാഷക്ക് തുല്യം മാതൃഭാഷ മാത്രം

മഹോത്സവത്തിന്റെ ഭാഗമായി നാം നമ്മുടെ ഭാഷ, മാതൃഭാഷാധ്യയനം, മലയാളത്തിന്റെ വിമർശന കാലങ്ങൾ, ആദാനപ്രദാനം മലയാളത്തിൽ എന്നീ വിഷയങ്ങളെ അധികരിച്ച് വിവിധ വേദികളിൽ നടന്ന സെമിനാറുകൾ ഭാഷയുടെ അനിർവചനീയമായ ശ്രേഷ്ഠത ഉയർത്തിക്കാണിച്ചു. ഭാഷയ്ക്കു പകരംവയ്ക്കാൻ ലോകത്ത് മറ്റൊന്നില്ല എന്നത് അംഗീകരിക്കപ്പെടണം എന്ന വസ്തുതയാണ് അബ്ദുസമദ് സമദാനി മുന്നോട്ടുവച്ചത്. ഭാഷയുടെ പരിവർത്തനത്തെ മരണത്തിൽനിന്ന് വേർതിരിച്ചുകാണണം, ഇപ്പോൾ സംഭവിക്കുന്നത് ഭാഷാ പരിവർത്തനമാണ് മരണമല്ല എന്ന് ഭാഷാ പണ്ഡിതനായ സ്കറിയ സക്കറിയ അഭിപ്രായപ്പെട്ടു. ഡോ. ഡി. ബാബുപോളിന്റെ അഭിപ്രായത്തിൽ അന്ധമായ അനുകരണമല്ല, അനല്പമായ ഭാഷാഭിമാനമാണ് മലയാളികൾ കാത്തുസൂക്ഷിക്കേണ്ടത്. ഭാഷയുടെ ശുദ്ധിയിലും മേന്മയിലും ശ്രദ്ധ അനിവാര്യമാണെന്നും ഭാഷാധ്യായനത്തിൽ സാങ്കേതികവും ദുർഗ്രഹവുമായ പദങ്ങൾ ഒഴിവാക്കി സരളമായ ഭാഷ സ്വീകരിച്ചാൽ കുട്ടികൾക്ക് ഭാഷാപഠനം ആസ്വാദ്യമായിത്തീരുമെന്നും ബി. ഹൃദയകുമാരി പറഞ്ഞു.

മഹോത്സവത്തിന്റെ ഭാഗമായി നാം നമ്മുടെ ഭാഷ, മാതൃഭാഷാധ്യയനം, മലയാളത്തിന്റെ വിമർശന കാലങ്ങൾ, ആദാനപ്രദാനം മലയാളത്തിൽ എന്നീ വിഷയങ്ങളെ അധികരിച്ച് വിവിധ വേദികളിൽ നടന്ന സെമിനാറുകൾ ഭാഷയുടെ അനിർവചനീയമായ ശ്രേഷ്ഠത ഉയർത്തിക്കാണിച്ചു.

## മർത്യഭാഷയിൽ ഒതുങ്ങാത്ത കവിത

മനുഷ്യനെ ഞെരിച്ചമർത്തുന്ന സാമൂഹിക തിന്മയും അവൻ സ്വപ്നം കാണുന്ന പ്രതീക്ഷാ നിർഭരമായ ഭാവിയും ഉദ്ഘോഷിക്കുന്ന കവിതാ ശകലങ്ങൾ കവിയും കവിതയും, മലയാളത്തിന്റെ കവിതാ കാലങ്ങൾ എന്നീ സെഷനുകളിലായി പ്രതിധ്വനിച്ചു. ക്ലാസിക്കൽ ഭാഷാ പദവിക്ക് അർഹമായ മലയാളത്തോട് മലയാളികൾക്കുള്ള അഭിമാനം കുറവാണ്. ഇതിനൊരു മാറ്റം അനിവാര്യമാണെന്ന നിർദേശമാണ് ജ്ഞാനപീഠ ജേതാവായ ഒ.എൻ.വി. കുറുപ്പ് മുന്നോട്ടുവച്ചത്. സംവേദനക്ഷമതയുള്ളവർക്കു മാത്രമേ കവിത ആസ്വദിക്കുവാൻ കഴിയുകയുള്ളൂ. അവർണ്ണനീയമായ കവിത അനുഭവവേദ്യം മാത്രമാണെന്ന് സുഗതകുമാരി പറഞ്ഞു. കൂടംകുളം ജനതയുടെ പോരാട്ടത്തിന്റെയും ആറന്മുളയിലെ വയലുകൾ നികത്തുന്നതിന്റെയും വേദനകൾ പങ്കുവച്ച സുഗതകുമാരി *ഇത് മർത്യഭാഷയിലൊതുങ്ങില്ല* എന്ന കവിത ചൊല്ലി. 1977 ലെ ലോകമലയാള സമ്മേളനത്തിന് നേതൃത്വം വഹിച്ചപ്പോഴുണ്ടായ എതിർപ്പുകൾക്കും പ്രതിഷേധങ്ങൾക്കും മറുപടിയായി രചിച്ച *വിഷപക്ഷിയോട്* എന്ന കവിത ഡോ. പുതുശേരി രാമചന്ദ്രൻ അവതരിപ്പിച്ചു. നീലംപേരൂർ മധുസൂദനൻ നായർ, ടി.പി. ശ്രീധരനുണ്ണി, പി.പി. രാമചന്ദ്രൻ, ഡോ. കവടിയാർ രാമചന്ദ്രൻ, ഇന്ദ്രബാബു, സെബാസ്റ്റ്യൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ചെമ്മനം ചാക്കോ, ശ്രീകുമാരൻ തമ്പി, ഡി. വിനയചന്ദ്രൻ, അൻവർ അലി തുടങ്ങിയവർ കവിതാ സെമിനാറുകളിൽ പങ്കെടുത്തു.

### കഥയുടെ രസതന്ത്രം

കഥക്കൂട്ടുകളുടെ ഉറവിടവും അതിനു പിന്നിലെ ഊർജവും ആസ്വാദക ഹൃദയങ്ങളിലേക്കെത്തിക്കാൻ കഥ പറച്ചിലിന്റെ രസതന്ത്രം, മലയാളത്തിന്റെ കഥാ കാലങ്ങൾ, മലയാളത്തിന്റെ നോവൽകാലങ്ങൾ എന്നീ സെഷനുകൾക്കു കഴിഞ്ഞു. നല്ല ചെറുകഥകൾ കാലത്തെ അതിജീവിക്കുമെന്നു ടി. പത്മനാഭൻ ഓർമിപ്പിച്ചപ്പോൾ ശക്തമായ പ്രമേയം ലളിതഭാഷയിൽ അവതരിപ്പിച്ച ബെന്യാമിന്റെ *ആടുജീവിതം* പോലുള്ള രചനകൾ മലയാളത്തിലുണ്ടാകുന്നത് പ്രതീക്ഷ ഉണർത്തുന്നതായി സേതു പറഞ്ഞു.

കഥയിലെ രസവും തന്ത്രവും കഥാകാരന്റെ ഉള്ളിൽത്തന്നെയാണ്. വരികൾക്കിടയിൽ വായിക്കാൻ കഴിയുന്നതാണ് കഥയുടെ രസം. ചുറ്റുപാടുകളെക്കുറിച്ചുള്ള അന്വേഷണമാണ് തന്റെ കഥയിൽ പ്രമേയങ്ങളായതെന്നുമാണ് അക്ബർ കക്കട്ടിലിന് പറയാനുണ്ടായിരുന്നത്. മനുഷ്യമനസ്സുകളെ ആഴത്തിൽ സ്പർശിക്കുവാനുള്ള കഴിവാണ് കഥയുടെ ശക്തിയെന്നും *ജുമൈല, എൻമകജെ* തുടങ്ങിയ തന്റെ രചനകളെ മുൻനിർത്തി അംബികാ സുതൻ മാങ്ങാട് വിവരിച്ചു.

നോവലുകൾ ജീവിതം തന്നെയാണെന്നും സാമൂഹിക അവസ്ഥകളെ ചോദ്യംചെയ്യുകയും നവീകരിക്കുകയും ചെയ്ത സമ്പന്നമായ നോവൽ ശാഖയാണ് മലയാളത്തിനുള്ളതെന്നും പെരുമ്പടവം ശ്രീധരൻ സൂചിപ്പിച്ചു.

### നാടകവും സിനിമയും

അഭിനയത്തിന്റെ പരിച്ഛേദമായ നാടകവും അതിന്റെ ഉപോത്പന്നമായി വളർന്നുവന്ന സിനിമയുമായിരുന്നു മലയാളത്തിന്റെ നാടക കാലങ്ങൾ, നാം നമ്മുടെ സിനിമ എന്നീ സെഷനുകൾക്കാധാരം. പാരമ്പര്യത്തെ അംഗീകരിക്കാതെ നാടകത്തെപ്പറ്റി സംസാരിക്കാൻ സാധ്യമല്ലായെന്ന യാഥാർഥ്യമാണ് നാടകാചാര്യൻ കാവാലം നാരായണപ്പണിക്കർ തുറന്നുപറഞ്ഞത്. ശരീരഭാഷയ്ക്കും ആംഗിക അഭിനയത്തിനും പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു തനതു നാടകവേദി കേരളത്തിൽ വളരണമെന്ന അഭിപ്രായവും അദ്ദേഹം പങ്കുവെച്ചു.

പുതുതലമുറ സിനിമകൾ മലയാള

■ **കിരൺറാം**

# ഹൃദയത്തിൽ തൊട്ട് ബെൻ ഒക്രി



തന്നെ കാണാനെത്തിയവരുടെ ഹൃദയത്തിൽ തൊട്ടതിനുശേഷമാണ് ബെൻ ഒക്രി മടങ്ങിയത്. ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന്റെ വേദിയിൽ തിങ്ങിനിറഞ്ഞിരുന്നവർ ഒരേ ശ്വാസത്തിൽ ബെൻ ഒക്രിയെ കേട്ടിരുന്നു. വിദ്യാർഥികളും തലമുതിർന്നവരുമുൾപ്പെടുന്ന വൻ നിര അദ്ദേഹത്തിന്റെ കയ്യൊപ്പുവാങ്ങാനും നിരയായി നിന്നിരുന്നു. വിശ്വമലയാള മഹോത്സവത്തിന്റെ രണ്ടാം ദിനത്തിൽ 'ബെൻ ഒക്രിയുമൊത്ത്' ചടങ്ങിനെത്തിയതായിരുന്നു അദ്ദേഹം. പങ്കെടുത്തവർക്ക് അത് മഹോത്സവത്തിലെ മറക്കാനാവാത്ത നിമിഷങ്ങളായി. മാനവവിഭവശേഷി സഹമന്ത്രിയും എഴുത്തുകാരനുമായ ശശിതരൂർ ബെൻ ഒക്രിയെ സദസിന് പരിചയപ്പെടുത്തി.

ശശിതരൂരിന്റെ ചോദ്യങ്ങൾക്ക് ഞൊടിയിടയിൽ ഉത്തരംനൽകിയ ബുക്കർ സമ്മാനജേതാവ് തന്റെ അമ്മയെക്കുറിച്ചെഴുതിയ കവിത വായിച്ചു, വീണ്ടും സംവാദം തുടർന്നശേഷം ഓപ്പൺഫോറത്തിൽ ഉയർന്ന ചോദ്യങ്ങൾക്ക് തന്മയത്വ

ഭാഷയെയും സംസ്കാരത്തെയും മലിനീകരിക്കുന്നുവെന്ന് അടൂർ ഗോപാലകൃഷ്ണൻ ഖേദം പ്രകടിപ്പിച്ചു. തമിഴ്, ഹിന്ദി ചലച്ചിത്രങ്ങളുടെ അന്ധമായ പിന്തുടർച്ചയാണ് മലയാള സിനിമകളുടെ നിലനിൽപ്പിനാധാരം എന്ന മിഥ്യാബോധമാണ് ഇന്ന് നിലനിൽക്കുന്നതെന്നും അടൂർ കൂട്ടിച്ചേർത്തു.

## അന്യഭാഷയും മലയാളവും

മലയാളം മറ്റു ഭാഷകളേയും അംഗീകരിക്കുകയും മാനിക്കുകയും ചെയ്യുന്നുവെന്നതിന്റെ തെളിവായിരുന്നു ബെൻ ഒക്രി, ശർമിള റേ, ഇന്ദിരാ പാർഥസാരഥി എന്നിവരുമായുള്ള മുഖാമുഖവും അന്യഭാഷാ-പ്രവാസി എഴുത്തുകാരുടെ സമ്മേളനവും. കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിലാണ് താൻ എഴുതുന്നതെങ്കിലും ആ ഭാഷയിലൂടെ തന്റെ നാടിന്റെ സംസ്കാരമാണ് താൻ പ്രതിഫലിപ്പിക്കുന്നതെന്നും ബുക്കർ പുരസ്കാര ജേതാവ് ബെൻ ഒക്രി പറഞ്ഞു. വളരെ സമ്പന്നമായ സാഹിത്യനിരയാണ് ആഫ്രിക്കയ്ക്കുള്ളത്, തന്റെ ആശയങ്ങളെ ലളിതവത്കരിക്കാൻ ആഫ്രിക്കൻ മിത്തുകളും വിശ്വാസങ്ങളും ഏറെ സഹായകമായിട്ടുണ്ടെന്നും ബെൻ ഒക്രി പറഞ്ഞു. മലയാളത്തിൽ പരിജ്ഞാനമില്ലെങ്കിലും പരിഭാഷപ്പെടുത്തിയ കൃതികളിലൂടെ മലയാളത്തിന്റെ നൈപുണ്യം താൻ തിരിച്ചറിയുന്നുവെന്ന് വിഖ്യാത ബംഗാളി എഴുത്തുകാരി ശർമിള റേ അഭിപ്രായപ്പെട്ടു. ഇതിനോടനുബന്ധിച്ചു നടന്ന പ്രവാസി എഴുത്തുകാരുടെ സമ്മേളനത്തിൽ പ്രവാസികളുടെ റഫറൻസ് ഗ്രന്ഥമായ *ഇൻട്രോഡക്ഷൻ ടു കേരള സ്റ്റഡീസി*ന്റെ രണ്ടു വാല്യങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു.

ഇന്ദിരാ പാർഥസാരഥി, ഡോ. സിർപ്പി ബാലസുബ്രഹ്മണ്യം, ഡോ. സിദ്ധലിംഗ പട്ടാൻഷെട്ടി, ഹേമാ പട്ടാൻഷെട്ടി, അനിതാ നായർ, അസ്മോ പുത്തൻചിറ, ഐസക് ജോൺ പട്ടാണിപ്പറമ്പിൽ തുടങ്ങിയവരും പങ്കെടുത്തു.

## മലയാളം നവമാധ്യമത്തിലൂടെ

നവമാധ്യമത്തിലെത്തിനിൽക്കുന്ന മലയാളഭാഷയെ കൂടുതൽ ജനകീയവത്കരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഭാഷാ കംപ്യൂട്ടിങ്, നവമാധ്യമ സംസ്കാരം എന്നീ സെമിനാറുകൾ സംഘടിപ്പിച്ചു. ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസൃതമായി മലയാളഭാഷയെ സജ്ജമാക്കണമെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ നിർദേശിച്ചു. ഭാഷയുടെ തനിമയും സൗന്ദര്യവും നിലനിർത്തിക്കൊണ്ടുള്ള മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്നും ഭാഷാവിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും ആഭിമുഖ്യത്തിൽ ഭാഷാനവീകരണത്തിനായി ഒരു സ്ഥിരം സംവിധാനം അത്യാവശ്യമായിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മലയാളത്തെ ഇംഗ്ലീഷുമായി അന്യായമായി താരതമ്യം ചെയ്യുന്ന പ്രവണത ഭാഷയുടെ വികസനത്തെ സഹായിക്കില്ലെന്നും മലയാളം കംപ്യൂട്ടിങ്ങിന്റെ പ്രശ്നങ്ങൾ മലയാളിയുടെ മനോഭാവത്തിന്റെ പ്രശ്നമാണെന്നും കേരള സർവകലാശാല ബയോ ഇൻഫർമാറ്റിക്സ് തലവൻ ഡോ. അച്യുത് ശങ്കർ അഭിപ്രായപ്പെട്ടു.

നവമാധ്യമങ്ങൾ പ്രതീക്ഷക്കൊത്ത് ഉയരുന്നില്ലെന്ന ഖേദം പ്രശസ്ത മാധ്യമപ്രവർത്തകൻ ശശികുമാർ പ്രകടിപ്പിച്ചു. പി.കെ. സുഭാഷ്, എൻ.പി. രാജേന്ദ്രൻ, കെ.എ. മുരളീധരൻ, അശോക് കുമാർ, വി.കെ. ഭദ്രൻ, ജോർജ് തോട്ടം, ഒ. അബ്ദുറഹ്മാൻ എന്നിവരും സെമിനാറിൽ പങ്കെടുത്തു.

മഹോത്സവത്തോടനുബന്ധിച്ച് പുരസ്കാരദാനവും 56 പുസ്തകങ്ങളുടെ പ്രകാശനവും നടന്നു. കേരളനടനം, മോഹിനിയാട്ടം, സംഘനൃത്തം, ചവിട്ടുനാടകം, കേരളീയ തനതു കലകളുടെ രംഗാവതരണമായ നാട്ടറിവ്, മുൻനിര ഗായകർ അണിനിരന്ന *നാഴിയുരിപ്പാലുകൊണ്ട്* എന്ന ഗാനസന്ധ്യ തുടങ്ങിയവ ഭാഷയുടെ ഉത്സവത്തെ കേരളകലാപാരമ്പര്യത്തിന്റെ ആഘോഷമാക്കി.

കേരളപ്പിറവിദിനംകൂടിയായ വിശ്വമലയാള മഹോത്സവത്തിന്റെ അവസാന ദിനത്തിൽത്തന്നെ തിരൂരിൽ മലയാളം സർവകലാശാല യാഥാർഥ്യമായത് അതിനെ ഭാഷയുടെ സുവർണദിനം കൂടിയാക്കി. അധികം വൈകാതെ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവിയും ലഭിക്കുമെന്ന് പ്രത്യാശിക്കാം. ■

ത്തോടെ ഉത്തരം നൽകി. അച്ഛനെക്കുറിച്ചെഴുതിയ കവിത വായിച്ചാണ് അദ്ദേഹം സംസാരത്തിന് വിരാമമിട്ടത്.

മാതൃഭാഷയിൽ ഇംഗ്ലീഷ് അധിനിവേശം നടക്കുന്നത് നാം അതിന് അനുവദിക്കുമ്പോൾ മാത്രമാണെന്ന് ഒരു ചോദ്യത്തിനു മറുപടിയായി ബെൻ ഒക്രി പറഞ്ഞു. മറ്റൊരു ഭാഷ കീഴ്പ്പെടുത്തുമ്പോൾ മാതൃഭാഷയെ കൊല്ലാൻ നാംതന്നെ അനുവാദം കൊടുക്കുകയാണ്. ചരിത്രം എന്തുതന്നെയായിരുന്നാലും അതിനെ അധിക്ഷേപിക്കുന്നതിനുപകരം സത്യത്തെ ഉൾക്കൊള്ളണം. ഒപ്പം മാതൃഭാഷയെ സംരക്ഷിക്കാൻ എന്തുചെയ്യണമെന്നതും ചിന്തിക്കണം. നമ്മുടെ കുട്ടികൾക്കുള്ളിൽ മാതൃഭാഷാ സ്നേഹം വളർത്തണം. കഥകളിലൂടെ കവിതയിലൂടെ അവർ ഭാഷ നിലനിർത്തണമെന്നും അമ്മയിൽനിന്നും കഥകൾകേട്ട് എഴുത്തിന്റെ ലോകത്തെത്തിയ ആഫ്രിക്കൻ എഴുത്തുകാരൻ പറഞ്ഞു. ഉപദേശങ്ങളും മനസിലാക്കാൻ പ്രയാസമുള്ള കാര്യങ്ങളും കഥകളിലൂടെ അമ്മ പറഞ്ഞുതന്നിട്ടുണ്ട്. ഡിക്കൻസും ജയിൻ ഓസ്റ്റിനും ഉപയോഗിച്ചിരുന്ന ഭാഷ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ ആഫ്രിക്കയുടെ സംസ്കാരവും പ്രശ്നങ്ങളും പുറംലോകത്തെ അറിയിക്കാൻ ബെൻ രൂപപ്പെടുത്തിയതാകട്ടെ ലളിതമായ ഭാഷയാണ്.

സ്നേഹവും ദേഷ്യവും തന്റെ എഴുത്തിലുണ്ടെന്നു സമ്മതിച്ച അദ്ദേഹം സ്വപ്നങ്ങൾ വിഫലമാകുന്നതിൽ ദേഷ്യമുണ്ടാകുമെന്നറിയിച്ചു. രാജ്യത്തെ പുരോഗതിയിലേക്കു നയിക്കേണ്ടിയിരുന്ന പദ്ധതികൾ നടക്കാതെവരുന്നതും മറ്റും ദേഷ്യമുണ്ടാക്കിയിട്ടുണ്ട്. സ്നേഹിക്കുന്ന ഹൃദയത്തിൽനിന്നാണ് ക്ഷോഭമുണ്ടാകുകയെന്നും അദ്ദേഹം ഓർമിപ്പിച്ചു.

യാഥാർഥ്യങ്ങൾക്ക് വിവിധ വശങ്ങളുണ്ട്. എല്ലാവരും എല്ലാ വശങ്ങളും കാണുന്നില്ല. ചിലതുമാത്രം കണ്ട് ചിലത് കാണാതെപോകുന്നു. കഥകളിലൂടെ കവിതകളിലൂടെ യാഥാർഥ്യത്തെ ചിത്രീകരിക്കാനാണ് ശ്രമം.

ഹൃദയത്തിലുള്ള ആഫ്രിക്കയെ മോചിപ്പിക്കണമെന്ന് ബെൻ എഴുതിയ വരികൾ ഉദ്ധരിച്ച് അഭിപ്രായം ചോദിച്ച മന്ത്രി തരൂരിനെ അതിശയത്തോടെയാണ് ബെൻ അഭിനന്ദിച്ചത്. മന്ത്രിയുടെ ഗവേഷണപാടവവും ആഴത്തിലുള്ള വായനയും അഭിനന്ദനമർഹിക്കുന്നതായി പറഞ്ഞ അദ്ദേഹം തന്റെ നാടിനെക്കുറിച്ച് വാചാലനായി. ആഫ്രിക്കയുടെ യഥാർഥ ചിത്രം പുറംലോകമറിഞ്ഞിട്ടില്ല. അവിടെ അധികാരത്തിനുവേണ്ടിയുള്ള യുദ്ധങ്ങൾ സാധാരണയാണ്, ക്ഷാമവും പട്ടിണിയും പ്രകൃതിദുരന്തങ്ങളുമുണ്ട്. എന്നാൽ അവിടെ വിവാഹാഘോഷങ്ങളും ഉത്സവങ്ങളും കമ്പോളവുമൊക്കെയുണ്ട്. ഗോത്രങ്ങളും ഗോത്രഭാഷകളുംകൊണ്ട് സമ്പന്നമായ സംസ്കാരമുണ്ട്. ഇവയൊന്നും ചിത്രീകരിക്കപ്പെടുന്നില്ല. ആഫ്രിക്കയോടുള്ള ഇരുണ്ട മനോഭാവം മാറണമെന്നും ബെൻ ഒക്രി പറഞ്ഞു.

മാജിക്കൽ റിയലിസം പോലുള്ള മുദ്രകൾ ചാർത്താൻ ഇഷ്ടപ്പെടാത്ത എഴുത്തുകാരൻ സദസിൽനിന്നുയർന്ന താങ്കൾക്ക് ഭൂതങ്ങളെ അനുഭവപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് മറുപടിപറഞ്ഞതിങ്ങനെ. "പകൽ വെളിച്ചത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ ഞാനില്ല". സാംസ്കാരികമന്ത്രി കെ.സി. ജോസഫ് ബെൻ ഒക്രിയെ പൊന്നാട ചാർത്തി ഉപഹാരം നൽകി ആദരിച്ചു. ■

മനോജ് കെ. പുതിയവിള



# കൊടിയേറുന്നത് മലയാളത്തനിമയുടെ വസന്തോത്സവം

ലോകമലയാളം എന്ന പ്രയോഗം ഉണ്ടായിട്ടു കാലമേറെ ആയെങ്കിലും ഇപ്പോഴാണു സാക്ഷാൽ ലോകമലയാളം ഉണ്ടായത്. ഇരുപതാം നൂറ്റാണ്ടിന്റെ വിസ്മയമായ ഇന്റർനെറ്റും പുതിയ നൂറ്റാണ്ടിലെ ഭാഷാവിപ്ലവമായ യൂണിക്കോഡും മലയാളത്തെ മലയാളി ഉള്ളിടത്തെല്ലാം എത്തിച്ചിരിക്കുന്നു! വിക്കിപീഡിയയിൽ ആംഗലം കഴിഞ്ഞാൽ ഏറ്റവും പ്രാമുഖ്യമുള്ള ഭാഷയായി മലയാളം ഉയർന്നിരിക്കുന്നു. നമ്മുടെ പുതുതലമുറ സൈബർലോകത്തു മലയാളത്തിന്റെ വസന്തം തീർക്കുകയാണ്. പുതിയ സാഹിത്യം, പുതിയ ചിന്തകൾ, പുതിയ ഭാവുകത്വം, പുതിയ കൂട്ടായ്മ,... ആകെക്കൂടി ഒരു ഉണർവ്!

ഈ പുത്തൻ ഉണർവിനെ ഏറ്റവും മഹത്തരമാക്കുന്നത് ഇതിന്റെ മുഴുവൻ അടിത്തറയായി ഉയർന്നുനില്ക്കുന്നത് നമ്മുടെ മാതൃഭാഷയുടെ സൗന്ദര്യവും ഓജസും ആത്മാവും ഒക്കെയായ, മനോഹരമായ തനതുലിപിസഞ്ചയമാണ് എന്നതാണ്. മലയാളിയുടെ ഏറ്റവും മഹനീയമായ ആത്മസത്ത!

നമ്മുടെ ഏറ്റവും പുതിയ തലമുറവരെ നാം പഴയലിപി എന്നു തെറ്റായി വിളിക്കുന്ന ആ തനതുലിപിയിലേക്ക് അത്യാവേശപൂർവം വരികയാണ്. ഐറ്റി അറ്റ് സ്കൂളിൽ പഠിക്കുന്ന 25 ലക്ഷത്തോളം കുട്ടികൾ ടൈപ്പ് ചെയ്യുന്നത് ആ ലിപിയാണ്. കൂട്ടക്ഷരങ്ങളും പലതരം ചുനിപ്പുകളും കുനിപ്പുകളും എല്ലാമുള്ള സാക്ഷാൽ മലയാളം. അവരുടെ പാഠപുസ്തകങ്ങളിൽ പുതിയ ലിപിയാണ് ഉള്ളതെങ്കിലും അവർക്ക് ഇഷ്ടം തനതുലിപിയാണെന്ന് അടുത്തിടെ ഒരു ലേഖനത്തിൽ വായിച്ചത് ഓർക്കുന്നു.

ഈ കുട്ടികൾക്കു മാത്രമല്ല, ഔപചാരികവിദ്യാഭ്യാസം പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടവർക്കായി നടത്തുന്ന കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയായ 'അക്ഷയ'യിൽ ഉപജീവനത്തിനായി മലയാളം കംപ്യൂട്ടിങ് പരിശീലിക്കുന്ന പതിനായിരക്കണക്കിനു കുട്ടികൾ മുഴുവൻ പഠിക്കുന്നതും തനതുലിപി തന്നെ. അവരിൽ പലരും ഈ ലിപി സ്വയം എഴുതിപ്പഠിക്കുന്നുപോലും ഉണ്ട്!

ഇത് ഇളംമുറയുടെ മാത്രം കാര്യമല്ല. 1974 മുതൽ പാഠപുസ്തകത്തിൽ അച്ചടിച്ചുതുടങ്ങിയ പരിഷ്ക്കരിച്ച ലിപി പഠിച്ചുവളർന്ന ഇന്നത്തെ യുവാക്കളും മദ്ധ്യവയസ്ക്കരും തനതു ലിപിയുമായി ഇണങ്ങിക്കഴിഞ്ഞു. തനതുലിപി കാണാൻപോലും ഇടവരരുത് എന്ന നിർബന്ധത്തോടെ നമ്മൾ പരിഷ്ക്കാരലിപി പഠിപ്പിച്ച തലമുറയാണ് അതും. ഇന്റർനെറ്റിൽ പത്രങ്ങൾ വായിക്കുന്നവരെല്ലാം ആ തനതുലിപി സുഗമമായി വായിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു!

മാതൃഭൂമി, ദേശാഭിമാനി, മംഗളം തുടങ്ങിയ പ്രധാനപത്രങ്ങളുടെ ഓൺ ലൈൻ എഡിഷനുകളും നൂറുകണക്കിന് ഓൺ ലൈൻ പത്രങ്ങളും ആനുകാലികങ്ങളും ഇന്ന് ഉപയോഗിക്കുന്നത് മലയാളത്തിന്റെ തനതു ലിപിസഞ്ചയം ആണ്. എന്നു മാത്രമല്ല, ലോകഭാഷകളുടെയെല്ലാം കംപ്യൂട്ടറധിഷ്ഠിത പ്രയോഗങ്ങൾ സുഗമവും പരസ്പരബദ്ധവുമാക്കാൻ പ്രവർത്തിക്കുന്ന ആഗോളപ്രസ്ഥാനമായ യൂണികോഡ് കൺസോർഷ്യം അംഗീകരിച്ചിരിക്കുന്ന മലയാളം തനതുലിപിയിലധിഷ്ഠിതമാണ്. കംപ്യൂട്ടർ വഴി ഏതു ലോകഭാഷയിലേക്കുമുള്ള ഭാഷാന്തരണ (translation)വും ലിപ്യന്തരണ(transliteration)വും ഒക്കെ സാധ്യമാക്കുന്ന സംവിധാനമാണു യൂണിക്കോഡ്. അതുകൊണ്ട് ഇനിയുള്ള എല്ലാ വെബധിഷ്ഠിത പ്രയോഗങ്ങൾക്കും ഇതുതന്നെ ആയിരിക്കും ആധാരം. എന്നുവച്ചാൽ, കംപ്യൂട്ടറിലെ മലയാളം മുഴുവൻ തനതുലിപിയിൽ ആകാൻപോകുന്നു.

ഭാഷയിലെ പ്രയോഗങ്ങൾ തനതുരീതിയിൽ ആയിരിക്കണമെന്നും തോന്നിയതുപോലെ എഴുതിയാൽ ഉദ്ദേശിക്കുന്ന അർഥം കിട്ടില്ലെന്നും ആർക്കെങ്കിലും കയറി അങ്ങനെയങ്ങു പരിഷ്ക്കരിക്കാവുന്ന ഒന്നല്ല ഭാഷയെന്നും അതു സമൂഹപരിണാമത്തിനനുസരിച്ചു സ്വയം പരിണമിക്കുന്നതാണെന്നും ഒക്കെ ചിന്തിക്കുന്നവർക്കു വലിയ പ്രത്യാശ ഉണർത്തുന്ന സംഭവവികാസം ആണിത്.

## സർക്കാർനയം അനുകൂലം

സംസ്ഥാനസർക്കാരിന്റെ ഐറ്റി നയം അനുസരിച്ച് യൂണിക്കോഡ് ഫോണ്ടുകളേ സർക്കാർ ഉപയോഗിക്കാവൂ. യൂണിക്കോഡ് അംഗീകരിച്ച് എൻകോഡ് ചെയ്തിട്ടുള്ളത് മലയാളത്തിന്റെ തനതു ലിപിവ്യവസ്ഥയാണ്. അതുകൊണ്ട്, സർക്കാരിന്റെ എല്ലാ മാതൃഭാഷാപ്രയോഗങ്ങളും വൈകാതെ തനതു മലയാളലിപിയിൽ ആകും. എല്ലാ വകുപ്പുകളുടെയും ഔദ്യോഗികഭാഷ മാതൃഭാഷ ആക്കുന്ന പ്രവർത്തനം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇത് ഇനി അനന്തമായി നീണ്ടുപോകുകയുമില്ല.

സ്വതന്ത്ര സോഫ്ട്‌വെയറിലേക്കു പൂർണമായും മാറിക്കഴിഞ്ഞ സെക്രട്ടേറിയറ്റിലെ എല്ലാ കംപ്യൂട്ടറിലും ടൈപ്പ് ചെയ്താൽ വരുന്നതു തനതുലിപിയാണ്. കാരണം, 'ഗ്നൂ ലിനക്സ്' ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളത് ഈ യൂണിക്കോഡ് ലിപിവ്യവസ്ഥയാണ്. സർക്കാർ സംവിധാനം പൂർണമായും സ്വതന്ത്രസോഫ്ട്‌വെയറിൽ ആയിരിക്കണമെന്നതും സർക്കാർ നയം ആണല്ലോ. ഇതു പൂർത്തിയാകുന്നതോടെ വിശേഷിച്ച് ഇടപെടൽ ഒന്നും കൂടാതെതന്നെ സംസ്ഥാനത്തുടനീളം സ്വാഭാവികമായും ഈ ലിപിവ്യവസ്ഥ നടപ്പാകും. ഇപ്പോൾത്തന്നെ മിക്ക സർക്കാരോഫീസുകളിലും ടൈപ്പിങ്ങിന് (വേഡ് പ്രോസസിങ്ങിന്) ഉപയോഗിക്കുന്നതു തനതുലിപി വരുന്ന ഫോണ്ടുകളാണ്. എന്നു മാത്രമല്ല, സർക്കാരിന്റേതായി മലയാളഭാഷാപ്രയോഗത്തിനും പ്രചാരണത്തിനുമായുള്ള വെബ് സൈറ്റ് (www.malayalam.kerala.gov.in)ൽ സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ വച്ചിട്ടുള്ള മീര, രചന, അഞ്ജലി തുടങ്ങിയ ഫോണ്ടുകൾ ഒക്കെയും തനതു ലിപിയിൽ ഉള്ളവയാണ്.

ഇന്റർനെറ്റിൽ മാത്രമല്ല, അച്ചടിയിലും കാര്യങ്ങൾ മാറാൻ പോകുന്നു. ഇതിന് ഇപ്പോഴുള്ള ചെറിയ തടസങ്ങൾ ഉടൻ ഇല്ലാതെയാകും.

അച്ചടിക്കുന്ന പ്രസിദ്ധീകരണങ്ങൾക്കു ഭംഗിയിൽ ലേ ഔട്ട് ചെയ്യാൻ പലതരം ഫോണ്ട് ഫേസുകൾ വേണമല്ലോ. തിരിച്ചുവന്ന തനതു ലിപിയിൽ അത്തരം വൈവിദ്ധ്യമാർന്ന ഫോണ്ടുകൾ രൂപകല്പന ചെയ്യപ്പെട്ടിട്ടില്ല. അതിനു സമയം ആകുന്നതേ ഉള്ളൂ. കൂട്ടക്ഷരങ്ങളും കുനിപ്പുരൂപങ്ങളും എല്ലാംകൂടി കുറെ ഏറെ ലിപികൾ ഇല്ലേ? എല്ലാറ്റിനും വ്യത്യസ്ത ഫോണ്ടുകൾ രൂപകല്പന ചെയ്യാൻ ഏറെ സമയം വേണ്ടിവരും. പക്ഷെ, ഇത് ഒരിക്കൽ

ചെയ്തുകഴിഞ്ഞാൽ പിന്നെ പ്രശ്നം തീർന്നു. അതിനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

## സ്ഥലലാഭം, ധനലാഭം

പത്രങ്ങൾ ഇക്കാര്യത്തിൽ സ്വയംസന്നദ്ധരായി മുന്നോട്ടുവരും എന്നാണു ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിനു വ്യക്തമായ കാരണങ്ങളുണ്ട്. അച്ചടിക്ക് ഇപ്പോൾ ഉപയോഗിക്കുന്ന ഫോണ്ടിൽ ടൈപ്പ് ചെയ്ത ഒരു മാറ്റർ ഫോണ്ടിന്റെ വലിപ്പം കുറയ്ക്കാതെതന്നെ തനതുലിപിയിലേക്കു മാറ്റിയാൽ 10-15 ശതമാനംവരെ സ്ഥലം മിച്ചം വരും. (അക്ഷരങ്ങൾ മുറിച്ചു നീളം വയ്പ്പിക്കൽ ആയിരുന്നല്ലോ പുതിയ ലിപിക്കു ജന്മം നല്കിയ പരിഷ്ക്കരണം.)

പത്തുപതിനഞ്ചു ശതമാനം സ്ഥലലാഭം എന്നുവച്ചാൽ, നൂറുപേജ് പുസ്തകം 85-90 പേജിൽ ഒതുങ്ങും. കൊല്ലന്തോറും ഇറങ്ങുന്ന മലയാളപുസ്തകങ്ങളുടെ എണ്ണവും പേജും കോപ്പിയും കണക്കാക്കിയാൽ എത്രായിരം മരങ്ങളെ രക്ഷിക്കാനാകും എന്നു മനസിലാകും.

പത്രത്തിന്റെ കാര്യം നോക്കിയാൽ, ഇപ്പോൾ പത്തു പേജിൽ നിറയുന്ന മാറ്റർ എട്ടര-ഒമ്പതു പേജിൽ നില്ക്കും. അത്രയും കൂടുതൽ വാർത്തയോ പരസ്യമോ ഉൾപ്പെടുത്താമെന്ന് അർഥം. ഇരുപതു പേജ് അച്ചടിക്കുന്ന ഒരു പത്രത്തിനു ദിവസേന കിട്ടുന്നത് രണ്ടു ഫുൾ പേജ്! എത്രലക്ഷം രൂപ വരും ഇത്രയും പത്രസ്ഥലത്തിന്റെ വില! ഏതു പത്രമാണ് ഇതു വേണ്ടെന്നുവയ്ക്കുക? ഈ ഇനത്തിലെ ഒരാഴ്ച്ചത്തെ ലാഭം മുഴുവൻ വേണ്ടാ അത്യാവശ്യം ഫോണ്ടുകൾ രൂപകല്പന ചെയ്യിക്കാൻ. ഫോണ്ടുരൂപകല്പനയ്ക്കു വേണ്ട പണം നമ്മുടെ പത്രങ്ങൾ മുടക്കിയാൽപ്പോലും വൻ ലാഭം. ഇതു മാത്രമല്ല, തനതുലിപി വായന കൂടുതൽ സുഗമമാക്കുമെന്നും വിലയിരുത്തലുണ്ട്.

12. ഈ നിർദ്ദേശങ്ങൾ നിലവിലിരിക്കുന്ന ലേഖനരീതിയെ തിരസ്കരിക്കാനോ പരിഷ്കരിക്കാനോ ഉദ്ദേശിച്ചിട്ടുള്ളവയല്ല. അച്ചടിയിലും ടൈപ്പ്റൈറ്റിംഗിലും ലഘൂകരണം സാധിക്കാൻ മാത്രം വേണ്ടിയാണ്. നിലവിലുള്ള ലിപി പരിചയിച്ചവർക്ക് പറയത്തക്ക പ്രയാസം ഈ പരിഷ്കരണം കൊണ്ടു നേരിടുകയില്ലെന്നു വിചാരിക്കുന്നു. എഴുതാൻ ഉപയോഗിക്കുന്ന ലിപി ഇപ്പോഴത്തേതുപോലെ തുടരാം.-ഇംഗ്ലീഷിൽ എഴുത്തക്ഷരവും അച്ചടി അക്ഷരവും ഈഷദ്ഭേദത്തോടു കൂടി നിലവിലിരിക്കുന്നതുപോലെ. ഇതിൽനിന്നു് വേറൊരു കാര്യവും സാധിക്കും. നിലവിലുള്ള ലിപിവ്യവസ്ഥയിൽ അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾ ലുപ്തപ്രചാരങ്ങളായിപ്പോകാതെ ഇരിക്കുന്നതിനും ഇതു് ഉപകരിക്കും.

തിരുവനന്തപുരം
16-12-1967

ശൂരനാട്ടു കുഞ്ഞൻപിള്ള.

ഒരു വ്യാഴവട്ടത്തിലേറെ ആയി തനതുലിപി സഞ്ചയത്തിന്റെ കംപ്യൂട്ടറധിഷ്ഠിത പുനർജനിയും ഇതിലെ സ്ഥലലാഭവും യൂണികോഡ് കൺസോർഷ്യത്തിന്റെ പ്രവർത്തനവുമൊക്കെ നമ്മുടെ നാട്ടിൽ ചർച്ചയായിട്ട്. അന്നേ ആ വഴിക്കു നമ്മുടെ പത്രങ്ങൾ നീങ്ങേണ്ടതായിരുന്നു. വാസ്തവത്തിൽ മുതൽമുടക്കിന്റെ കുറവാണ് ഈ രംഗത്തു ത്യാഗബുദ്ധിയോടെ പ്രവർത്തിക്കുന്നവർക്കു തടസം ആയിരുന്നത്. പത്രങ്ങൾക്ക് ആ പ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നു. ദൗർഭാഗ്യവശാൽ അതുണ്ടായില്ല.

പ്രൊഫ: എം. കൃഷ്ണൻ നായരുടെ സാഹിത്യവാരഫലം കുറച്ചുനാൾ പഴയലിപിയിൽ അച്ചടിച്ചുകണ്ടത് മിക്കവരും ഓർക്കുന്നുണ്ടാകും. സമകാലികമലയാളം വാരികയിൽ. 2000 മുതൽ അദ്ദേഹത്തിന്റെ മരണം വരെ. അദ്ദേഹത്തിന്റെ പ്രത്യേകതാത്പര്യം ആയിരുന്നു അത്. (ഈ ലേഖകൻ അന്ന് ആ വാരികയിലാണു പ്രവർത്തിച്ചിരുന്നത്). അദ്ധ്യാത്മരാമായണവും ബൈബിളും (സത്യവേദപുസ്തകം) അടക്കം അഞ്ഞൂറോളം പുസ്തകങ്ങളും ഒരു ദശകത്തിനിടെ തനതുലിപിയിൽ അച്ചടിച്ചിട്ടുണ്ട്. രചന ടെക്സ്റ്റ് എഡിറ്റർ ഉപയോഗിച്ചാണ് ഇതു സാധിച്ചത്.

എന്നാലും ഇതു വ്യാപിക്കുന്നതിനു ചില സാങ്കേതികതടസങ്ങൾ ഉണ്ടായിരുന്നു. മൈക്രോസോഫ്ട് വേഡ്, പേജ്മേക്കർ തുടങ്ങിയ വേഡ്പ്രോസസിങ്, ഡിസൈനിങ് സോഫ്ട്‌വെയറുകളിൽ മലയാളം (മറ്റു ഭാരതീയഭാഷകളും) ഇംഗ്ലിഷ് പോലെ വെറുതെ അങ്ങു ടൈപ്പ് ചെയ്യാൻ ആവില്ല. അതിന് ഒരു ഇടനിലക്കാരൻ വേണം - ഒരു ലാംഗ്വേജ് എൻജിൻ അഥവാ ഒരു ടെക്സ്റ്റ് എഡിറ്റർ. ഐഎസ്എം ജിസ്റ്റ്, തൂലിക, രചന തുടങ്ങിയവ. ഇവയിൽ ഒരെണ്ണംകൂടി ഓപ്പൺ ചെയ്തു വച്ചുകൊണ്ടേ മലയാളം ടൈപ്പ് ചെയ്യാനാവൂ. ഇവ ഉണ്ടാക്കിയവരിൽ 'രചന' മാത്രമേ തനതുലിപി ആവിഷ്ക്കരിച്ചിട്ടുള്ളൂ. അതാകട്ടെ, ഫോണ്ടുവൈവിധ്യം ഇല്ലായ്മ അടക്കം പലതുകൊണ്ടും കാര്യമായ പ്രചാരം നേടിയില്ല.

വാസ്തവത്തിൽ യൂണികോഡ് ഫോണ്ടുകളുടെ അവതാരത്തോടെ സ്ഥിതി മാറേണ്ടതായിരുന്നു. വിൻഡോസിലും ലിനക്സ് ആപ്ലിക്കേഷനുകളിലും 2003ൽത്തന്നെ യൂണികോഡ് പ്രാവർത്തികമായെങ്കിലും മേല്പറഞ്ഞ ഇടനിലസോഫ്റ്റ്‌വെയറുകൾ പുതിയ ഫോണ്ട് സെറ്റുകൾ രൂപകല്പനചെയ്തു വിതരണം ചെയ്യാൻ തയാറായില്ല; ആരും അത് ആവശ്യപ്പെട്ടുമില്ല.

## കടമ്പകൾ വീഴുന്നു

എങ്കിലും, ഇടനിലസോഫ്ട്‌വെയറിന്റെ സഹായം ഇല്ലാതെതന്നെ ഇംഗ്ലിഷ് പോലെ മറ്റു ഭാഷകളും ടൈപ്പ് ചെയ്യാനുള്ള സാദ്ധ്യതകൾ വൈകിയാണെങ്കിലും സ്വാഭാവികമായും ആരായപ്പെട്ടു. അച്ചടിയാവശ്യങ്ങൾക്ക് ആധാരമായ പേജ്മേക്കർ, ഫോട്ടോഷോപ്പ്, ഇല്ലസ്ട്രേറ്റർ തുടങ്ങിയ സോഫ്റ്റ്‌വെയർമാദ്ധ്യമങ്ങളുടെ ഉടമകളായ അഡോബ് അടുത്തകാലത്തു പുറത്തിറക്കിയ ഇൻഡിസൈൻ സിഎസ് 6' (Adobe InDesign CS6)ൽ തനതു മലയാളം ലിപി നേരിട്ടു ടൈപ്പ് ചെയ്യാം. അച്ചടി യൂണികോഡധിഷ്ഠിതം ആകുന്നതിന്റെ ഫലമാണിത്.

ഇന്ത്യയിലെ പത്തു ഭാഷകളെ പൂർണ്ണമായും യൂണികോഡിന് അനുസൃതമാക്കിയാണ് സിഎസ്6 ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഹിന്ദി, തമിഴ്, മറാത്തി തുടങ്ങിയ പ്രമുഖഭാഷകൾക്കൊപ്പം മലയാളവും ഉണ്ട്. മലയാളത്തിന്റെ റെൻഡറിങ്ങും ഹൈഫനേഷനും കൃത്യതപ്പെടുത്തുന്നത് രചന അവതരിപ്പിച്ച സമഗ്രലിപിസഞ്ചയത്തെ അടിസ്ഥാനമാക്കിയാണ്. കൂട്ടക്ഷരങ്ങളിൽ വല്ല അപാകവും സംഭവിച്ചിട്ടുണ്ടോ എന്നറിയാൻ വിശദമായ ടെസ്റ്റിങ് ഭാഷാസ്നേഹികളായ സന്നദ്ധപ്രവർത്തകർ നടത്തിക്കൊണ്ടിരിക്കുകയാണ്.

സ്ഥലലാഭവും മറ്റും പരിഗണിച്ചു സംസ്ഥാനത്തെ ചില വൻകിട പ്രസാധകരും പത്രങ്ങളും ഇതു സ്വീകരിക്കാനുള്ള സന്നദ്ധത വ്യക്തമാക്കിക്കഴിഞ്ഞു. പുസ്തകപ്രസാധകരും ചെറിയ ആനുകാലികങ്ങളും ആയിരിക്കും ഈ വഴിയിലേക്ക് ആദ്യം മാറാൻ സാദ്ധ്യത. ഇതിനൊക്കെ വഴിയൊരുക്കിക്കൊണ്ട് കേരളത്തിൽ ഇന്നുള്ള പതിനായിരത്തോളം ഡിറ്റിപി സെന്ററുകളിൽ പുതിയ സോഫ്റ്റ്‌വെയർ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാനുള്ള നടപടി അഡോബ് ആലോചിക്കുന്നതായും അറിയുന്നു. (ഡിറ്റിപി സെന്ററുകളിൽ 99 ശതമാനവും അഡോബിന്റെതന്നെ പേജ്മേക്കറും ഫോട്ടോഷോപ്പും ആണ് ഉപയോഗിക്കുന്നത്. വിൻഡോസ്-7 വന്നതോടെ ഡിറ്റിപിയിൽ പല അക്ഷരങ്ങളും കിട്ടാതായി. 'ണ്ട' ഒക്കെ വരുത്താൻ വലിയ ബുദ്ധിമുട്ട്. കുഴഞ്ഞുമറിഞ്ഞ ഈ അവസ്ഥയിലാണ് ഇൻഡിസൈൻ സിഎസ് 6' ന്റെ വരവ്.)

അച്ചടിച്ച കാര്യങ്ങൾ സ്കാൻ ചെയ്ത് എഡിറ്റ് ചെയ്യാവുന്ന രൂപത്തിലാക്കി മാറ്റാനുള്ള (ടെക്സ്റ്റ് സ്കാൻ) സൗകര്യം ഇംഗ്ലിഷിലെപ്പോലെ മലയാളത്തിൽ ആയിട്ടില്ലായിരുന്നു. അതീവശ്രമകരമായ ഈ കാര്യവും ഈയിടെ സാധിച്ചിരിക്കുന്നു. തനതുലിപിയിലാണ് ഇതും ഉണ്ടായിരിക്കുന്നത്. ഇനി ഏതു പഴയ പുസ്തകവും ആദിമുതൽ ടൈപ്പ് ചെയ്യാതെ ഞൊടിയിടയിൽ പുനഃപ്രസിദ്ധീകരണത്തിനു തയാറാക്കാം. തനതുലിപിയിൽ പണ്ട് ഇറങ്ങിയ ശേഷം പുനഃപ്രസിദ്ധീകരണം ഉണ്ടാകാത്ത, കുഞ്ഞുക്കുട്ടൻതമ്പുരാന്റെ പദാനുപദ, വൃത്താനുവൃത്ത മഹാഭാരതപരിഭാഷ അടക്കമുള്ള, നിരവധി ഗ്രന്ഥങ്ങൾ ഇത്തരത്തിൽ ഡിജിറ്റൽ രൂപത്തിൽ അടക്കം പുനഃപ്രസിദ്ധീകരിക്കാം. ഇപ്പോഴത്തെ അച്ചടിലിപികൾ യൂണിക്കോഡനുകൂലം അല്ലാത്തതിനാൽ ആ പുസ്തകങ്ങൾ ഓൺ ലൈനിൽ ലഭ്യമാക്കണമെങ്കിൽ അവ യൂണിക്കോഡ് ലിപികളിൽ വീണ്ടും ടൈപ്പ് ചെയ്യേണ്ടതുണ്ട് എന്നുകൂടി ഓർക്കണം.

അച്ചടിച്ച സാമഗ്രികൾ ബധിരർക്കുവേണ്ടി ശബ്ദമാക്കി മാറ്റുന്ന വിദ്യയും ഇതുപോലെ മലയാളത്തിൽ വന്നുകഴിഞ്ഞു.

ഇതൊന്നും സർക്കാരിടപെടലോടെയോ സഹായത്തോടെയോ അല്ല നടക്കുന്നത്. സന്ന



# ആത്മവിശ്വാസം ആകാശത്തോളം




**മലയാള ഭാഷയ്ക്ക് ആത്മവിശ്വാസത്തിന്റെയും അഭിമാനത്തിന്റെയും അസംഖ്യം ഉജ്ജ്വല മുഹൂർത്തങ്ങൾ സമ്മാനിച്ചുകൊണ്ടാണ് വിശ്വമലയാള മഹോത്സവം അരങ്ങേറിയത്. മാതൃഭാഷയുടെ ഖ്യാതി വിശ്വത്തോളം ഉയർത്തിയ മഹോത്സവ വേദിയിലെ ചില ദൃശ്യങ്ങൾ...**








കേരളസർക്കാർ സാംസ്കാരികവകുപ്പ്
കേരള സാഹിത്യഅക്കാദമി


സന്ധ്യ | കവിയും
സെമിനാർ | കലാപരിപാടികൾ


കേരള സാഹിത്യഅക്കാദമി
2012



ദ്ധസേവകരുടെ ഒരു നിര കേവലം ഭാഷാസ്നേഹത്തിന്റെ പ്രേരണയാൽ കഷ്ടനഷ്ടങ്ങൾ സഹിച്ച് ആവിഷ്കരിക്കുന്നവയാണ്.


ആനുഷംഗികമായി ഒരു കാര്യം പറയട്ടെ: മലയാളം യൂണിക്കോഡ് എൻകോഡ് ചെയ്തതിൽ ഒരു പിഴ പറ്റിയിട്ടുണ്ട്. ചില്ലുകൾ അവർ പ്രത്യേകം എൻകോഡ് ചെയ്തിരിക്കുന്നു. ചില്ലിന് അവയുടെ വ്യഞ്ജനങ്ങളോടുള്ള ('ന'യ്ക്ക് 'ൻ'നോടും 'ണ'യ്ക്ക് 'ൺ'നോടും 'ള'യ്ക്ക് 'ൾ'നോടും ഉള്ള) ബന്ധം ഇതോടെ നഷ്ടപ്പെടും. സംസ്ഥാനസർക്കാരിന്റെ നിർദേശപ്രകാരം ആണ് ചില്ല് എൻകോഡ് ചെയ്തത് എന്നറിയുന്നു. എങ്കിൽ സർക്കാർതന്നെ ഇക്കാര്യം ഭാഷാപണ്ഡിതരുമായി ആലോചിച്ച് എത്രയും വേഗം തിരുത്തേണ്ടതുണ്ട്. ഭാഷാപണ്ഡിതരും ഇക്കാര്യത്തിൽ മുൻകൈ എടുക്കണം.

## അവ്യവസ്ഥ ക്ഷണികം

പുതിയലിപി ഇല്ലാതെയായാൽ ആ ലിപിയിൽ അച്ചടിച്ച പുസ്തകങ്ങളെല്ലാം ഭാവിതലമുറകൾ എങ്ങനെ വായിക്കും എന്നൊന്നും ആരും ആശങ്കപ്പെടേണ്ട കാര്യമില്ല. പരിഷ്കരിച്ച ലിപി പാഠപുസ്തകങ്ങളിലേ ആദ്യകാലത്ത് (1974 മുതലുള്ള കാലത്ത്) അച്ചടിച്ചിരുന്നുള്ളു. എഴുപതുകളിലെല്ലാം പുസ്തകങ്ങൾ അച്ചടിച്ചിരുന്നത് തനതുലിപിയിൽത്തന്നെ ആയിരുന്നു. പൊടുന്നനെ അച്ചുകൂടമെല്ലാം വിറ്റൊഴിക്കേണ്ട ആവശ്യം ഇടയ്ക്കും തലയ്ക്കും പുസ്തകം ഇറക്കിയിരുന്ന പുസ്തകപ്രസാധകർക്ക് ഇല്ലായിരുന്നു. അന്നന്ന് ഇറക്കാനുള്ള പത്രങ്ങൾ അച്ചടിക്കാനാണ് അടിയന്തരമായി ലിനോ ടൈപ്പ് കമ്പോസിങ്ങും പിന്നീട് ഫോട്ടോ കമ്പോസിങ്ങുമൊക്കെ ആദ്യം ആവശ്യമായി വന്നത്. എൺപതുകളോടെയാണു പുസ്തകങ്ങൾ പരിഷ്കരിച്ച ലിപിയിലേക്കു മാറിയത്.

ഇതിനിടെ മിക്കവാറും കൂട്ടക്ഷരങ്ങളെല്ലാം ടൈപ്പ് ചെയ്യാനുള്ള കമ്പ്യൂട്ടർ സാങ്കേതികവിദ്യ രംഗത്തു വരികയും ചെയ്തു. ആദ്യപരിഷ്കാരത്തിന്റെ ഭാഗമായ 'ന്‌ദ', 'ദ്‌ധ' രൂപങ്ങൾ അച്ചടിച്ച പുസ്തകങ്ങൾ കണ്ടിട്ടുള്ളതായി ഓർക്കുന്നേ ഇല്ല. എൺപതുകളിൽത്തന്നെ ഡിടിപികൾ അരങ്ങു കയ്യടക്കിയതിനാൽ 'ഗ്ദ്ധ' പോലുള്ള അപൂർവം കൂട്ടക്ഷരങ്ങളൊഴികെ ഒന്നും പിരിച്ചെഴുതേണ്ട സാഹചര്യം പുസ്തക-പത്ര രംഗങ്ങളിൽ ഉണ്ടായില്ല. ഉ, ഊ, ഋ, റ എന്നിവയുടെ ചിഹ്നങ്ങൾ മുറിച്ചെഴുതുന്ന രീതി മാത്രമേ പരിഷ്കാരത്തിന്റെ ഭാഗമായി കാര്യമായി നിലനിന്നുള്ളൂ. ഈ പുസ്തകങ്ങൾ മിക്കവയും (അപ്രസക്തം ആകുന്നവ ഒഴികെ) ഇനിയും പുനഃപ്രസിദ്ധീകരിക്കപ്പെടും. നാളെ അവ ഇറങ്ങുന്നതു തനതുലിപിയിൽ ആകുമല്ലോ. കാരണം ആർക്കും ഒന്നിനും പ്രതിരോധിക്കാൻ ആകാത്ത വിധം തനതുലിപി അതിവേഗം തിരിച്ചുവന്നുകഴിഞ്ഞു.

ചുരുക്കത്തിൽ ഒരു ചെറിയ കാലയളവു മാത്രമാണു പരിഷ്കരിച്ച ലിപിയുടെ കാലം. ഏതാണ്ട് പത്തുപതിനഞ്ചു കൊല്ലം. ഇരുപത്തഞ്ചുകൊല്ലം എന്നുതന്നെ എടുത്താലും ഭാഷയുടെ സുദീർഘമായ ചരിത്രത്തിൽ അതു നിസാരകാലയളവു മാത്രമല്ലേ? അവ്യവസ്ഥയുടെ ഈ നിമിഷകാലത്തെ അവഗണിച്ചാലും കാര്യമായി ഒന്നും സംഭവിക്കാനില്ല. ഒരുപക്ഷ, അതാകും ദീർഘമായ ഭാഷാചരിത്രത്തിനും ഭാഷയുടെ സ്വാഭാവികവികാസത്തിനും അഭികാമ്യം.


A SPECIMEN OF MALABAR TYPES.

HONOURABLE SIR,
Your Honours Most Obedient and Most Humble Servant,
BEHRAMJEE JEJEEBHOY.
Bombay, 23rd February, 1799.
COURIER PRESS.

പകരം, പഴയ ലിപി എന്നു പേരിട്ടു തനതു ലിപിയെ ഉപേക്ഷിച്ചാൽ ഭാവിയിൽ അതു വട്ടെഴുത്തും കോലെഴുത്തും പോലെ മഹാഭൂരിപക്ഷത്തിനും വായിക്കാനും എഴുതാനും കഴിയാത്ത ഒരു ലിപിരീതിയായി വിസ്മൃതമാകും. ഈ ലിപിയിൽ അച്ചടിക്കപ്പെട്ട, ഓലകളിലടക്കം എഴുതപ്പെട്ട, കനപ്പെട്ട എന്തെന്തെല്ലാം രചനകളും രേഖകളും ആകും വരുംതലമുറയ്ക്കു വായിക്കാൻ കഴിയാതെ കേവലം പുരാരേഖകളായി നഷ്ടമാകുക! നാളത്തെ മലയാളികളുടെ സാംസ്കാരിക ഈടുവയ്പ്പാകേണ്ട ഇന്നലെകൾ അല്ലേ നാം ഇങ്ങനെ നഷ്ടമാക്കുക!

## നഷ്ടമായ ലാഭക്കച്ചവടം

എന്നാൽ, ഉകാരം, ഊകാരം, ഋകാരം, റകാരം തുടങ്ങിയവയെല്ലാം ലിപിയിൽ ചേർന്നുനില്ക്കുന്ന രൂപങ്ങളും മുഴുവൻ കൂട്ടക്ഷരങ്ങളും എല്ലാംകൂടി ആകുമ്പോൾ ഭാഷയ്ക്കു വലിയ ലിപിഭാരം ആകും എന്നാണ് ചില ഭാഷാവിദഗ്ദ്ധരുടെ വാദം. അദ്ധ്യാപകൻ എന്നതിലെ 'ദ്ധ'യും അർത്ഥത്തിലെ 'ത്ഥ'യും ഒക്കെയാണ് ഇവർ പറയുന്ന ഭാരം! 'ദ്ധ' വേണ്ടെന്നു വച്ചാൽ ബുദ്ധി എന്നും ബുദ്ധൻ എന്നും എങ്ങനെ എഴുതും? 'ബുധ'നെയും 'ബുദ്ധ'നെയും വേർതിരിച്ചറിയേണ്ടേ? കവിതകളിൽ കൂട്ടക്ഷരത്തിനു മുമ്പുള്ള ഹ്രസ്വത്തെ ഗുരുവായി കണക്കാക്കണം എന്ന വൃത്തനിർണയതത്വം 'ത്ഥ'യ്ക്കു പകരം 'ഥ'യും 'ദ്ധ'യ്ക്കു പകരം 'ധ'യും എഴുതിയാൽ എങ്ങനെ പരിപാലിക്കും?

ഇക്കാലമത്രയും മലയാളഭാഷ വികസിക്കുകയും അതിമഹത്തായ ഒട്ടേറെ രചനകൾക്കു ജന്മം നൽകുകയും ചെയ്തത് ഈ ഭാരവും ചുമന്നുതന്നെ; അഥവാ ഈ ഭാരങ്ങളാണ് ഭാഷയ്ക്ക് കരുത്തും ഓജസും അർഥഗരിമയും സുഗമസംവേദനത്വവും ശബ്ദസൗഭഗവും ഒക്കെ പകർന്നിരുന്നത്.

ഈ അക്ഷരങ്ങൾ എഴുതുന്നതു ഭാരമായി ഏതായാലും എനിക്ക് ഇതുവരെ തോന്നിയിട്ടില്ല. മലയാളം ഉണ്ടായശേഷം 1968 വരെയുള്ള കാലത്തൊന്നും ആർക്കും ഇതു ഭാരമായതായി കേട്ടിട്ടുമില്ല. ഇന്നുള്ളവരിലും മഹാഭൂരിപക്ഷത്തിനും ഈ 'ഭാരം' താങ്ങാനാവാത്ത സ്ഥിതി ഉണ്ടെന്നും തോന്നുന്നില്ല. ഇക്കാലമത്രയും മലയാളഭാഷ വികസിക്കുകയും അതിമഹത്തായ ഒട്ടേറെ രചനകൾക്കു ജന്മം നൽകുകയും ചെയ്തത് ഈ ഭാരവും ചുമന്നുതന്നെ; അഥവാ ഈ ഭാരങ്ങളാണ് ഭാഷയ്ക്ക് കരുത്തും ഓജസും അർഥഗരിമയും സുഗമസംവേദനത്വവും ശബ്ദസൗഭഗവും ഒക്കെ പകർന്നിരുന്നത്. കേവലം 26 അക്ഷരമുള്ള ഇംഗ്ലിഷ് ലോകം കീഴടക്കിയത് അതിലെ അക്ഷരലുപ്തി കൊണ്ടാണെന്നു ധരിച്ച ചിലരുടെ ചരിത്രമൗഢ്യം മാത്രമായേ ഞാനിതിനെ കാണുന്നുള്ളു.

ഇങ്ങനെയൊക്കെ വല്ല സിദ്ധാന്തവും ചമച്ച് ഭാഷയെ പരിഷ്ക്കരിക്കാൻ ആർക്കെങ്കിലും അവകാശമുണ്ടോ? ഭൂമിയെപ്പറ്റി പറയുന്നതുപോലെ, വരാനിരിക്കുന്ന തലമുറയിൽനിന്നു നമ്മൾ കടം വാങ്ങിയതാണു ഭാഷയും. അതു വികലമാക്കാതെ, നമ്മളാലാവുംവിധം സമ്പുഷ്ടമാക്കി, അവരെ തിരികെ ഏൽപിക്കുകയാണു വേണ്ടത്. ഭാഷ ബോധപൂർവ്വം പരിഷ്ക്കരിക്കപ്പെടേണ്ട ഒന്നല്ല; അതു കാലഘട്ടത്തിനും ആവശ്യങ്ങൾക്കും അനുസരിച്ചു സ്വയം പരിണമിക്കുകയും വികസിക്കുകയും നശിക്കുകയും ഒക്കെ ചെയ്യുന്നതാണ്. അതിൽ ദയവുചെയ്ത് ആരും കൈ വയ്ക്കരുത്.

ഓരോ വാക്കും രൂപംകൊള്ളുന്നതിന് ഒരു ചരിത്രമുണ്ട്. ഒരു ധാതുവിൽ വിവിധ വിഭക്തി പ്രത്യയങ്ങളും മറ്റും ചേർന്നാണ് അത് ഉരുത്തിരിയുന്നത്. അതിന്റെ നിയമം മനസിലാക്കാൻ ശ്രമിക്കുന്നതാണു വ്യാകരണം. ആ നിയമം കണ്ടെത്തി അറിഞ്ഞാൽ അർഥവൈകല്യം വരാതെ ഭാഷ ഉപയോഗിക്കാനും പുതിയ പദങ്ങളോ പദസങ്കരങ്ങളോ ഒക്കെ ഉണ്ടാക്കാനും കഴിയും. പദനിഷ്പത്തി കണ്ടെത്തുന്നത് ഒരു ശാസ്ത്രശാഖതന്നെ ആണ് - എറ്റിമോളജി. ഒരു പദം വികലമായി എഴുതിയാൽ അതിൽനിന്ന് അതിന്റെ നിഷ്പത്തി മനസിലാക്കാൻ കഴിയാതെവരും. ഇതു ഭാവിയിലെ ചരിത്ര, ഭാഷാ ഗവേഷണങ്ങളെയൊക്കെ ബാധിക്കും. ഇതൊന്നും ചിന്തിക്കാതെ ലിപിഭാരമെന്നും ലിപിലാഭമെന്നും ഒക്കെ പറഞ്ഞു വാക്കുകൾ വികലമാക്കുന്നതു സാംസ്കാരികാപരാധം ആണ്. ലാഭമുണ്ടാക്കാൻ ഇതെന്താ, കച്ചവടമോ?

കംപ്യൂട്ടർ കീ ബോർഡിൽ തനത് അക്ഷരക്കൂട്ടമത്രയും ടൈപ്പ് ചെയ്ത് ഉണ്ടാക്കാം. തനതുലിപി ടൈപ്പ് ചെയ്യാൻ കൂടുതൽ കീകൾ അമർത്തേണ്ടതായും വരുന്നില്ല. ഇപ്പോൾ ഉപയോഗിക്കുന്ന അച്ചടിലിപിയിൽ ചില്ലക്ഷരങ്ങൾ കിട്ടാൻ മൂന്നു കീകൾ അമർത്തേണ്ടിടത്ത് ഒറ്റകീ അമർത്തിയാൽ ചില്ലക്ഷരം കിട്ടുന്ന സമ്പ്രദായം തനതുലിപിയുടെ ടൈപ്പിങ്ങിൽ ഇന്നുണ്ട്. അതുപോലെതന്നെ അഞ്ചു കീയിൽ കുറയാതെ അമർത്തേണ്ട കൂട്ടക്ഷരങ്ങളും ഒറ്റകീ അമർത്തലിലൂടെ ഇതിൽ സാദ്ധ്യമാക്കിയിരിക്കുന്നു. എന്നുവച്ചാൽ, സ്ഥലലാഭം പോലെതന്നെ അദ്ധ്വാനവും സമയവും തനതു

ലിപി ടൈപ്പ് ചെയ്യുന്നതിനു കുറച്ചുമതി എന്ന്.

## ചെരിപ്പിനായി മുറിച്ച കാല്

ഭാഷയുടെമേൽ കയറി കളിക്കുന്ന ശീലം മലയാളിക്ക് ഉണ്ടായത് 1968ൽ ടൈപ് റൈറ്ററിൽ മലയാളം ടൈപ് ചെയ്യാൻ സംവിധാനം ഉണ്ടാക്കാനുള്ള ശ്രമം തുടങ്ങിയതുമുതൽ ആണ്. അന്നു കട്ടിലിനൊപ്പിച്ചു കാല് എന്ന കണക്കിൽ കൂട്ടക്ഷരങ്ങൾ വെട്ടിമുറിച്ചു ടൈപ് റൈറ്റർ കീബോർഡിലെ ബട്ടണുകളുടെ എണ്ണത്തിനനുസരിച്ച് ആക്കിക്കൊടുത്ത ഭാഷാമഹാപണ്ഡിതനായ ശൂരനാട്ടു കുഞ്ഞൻപിള്ള ചെയ്തതു സാങ്കേതികവിദ്യയ്ക്കനുസരിച്ചു ഭാഷയുടെ പ്രയോഗം സാദ്ധ്യമാക്കാനുള്ള വലിയൊരു സംഭാവന ആയിരുന്നു. എന്നാൽ ഫ്രാങ്കൻസ്റ്റൈനിന്റെ കഥയിലെപ്പോലെ അതു ഭാഷയെത്തന്നെ വേട്ടയാടും എന്ന് അദ്ദേഹമോ അദ്ദേഹത്തെ അതിനു നിയോഗിച്ച ഭരണകർത്താക്കളോ കരുതിയിരുന്നില്ല.

കുഞ്ഞൻപിള്ളസാറിനോട് ഇതേപ്പറ്റി സംസാരിക്കാൻ 1993ൽ എനിക്ക് അവസരം ഉണ്ടായി. അന്ന് ആ ശുപാർശയുടെ അച്ചടിച്ച ഒരു പ്രതി സ്വന്തം പുസ്തകശേഖരത്തിൽനിന്നു തപ്പിയെടുത്തു തന്നിട്ട് അതിലെ ഒരു ഭാഗം അദ്ദേഹം വായിച്ചുകേൾപ്പിച്ചു. ഈ ലിപി ടൈപ് റൈറ്ററിനു മാത്രമാണെന്നും ഒരുകാരണവശാലും എഴുത്തുരീതിയാക്കി മാറ്റരുതെന്നും ആയിരുന്നു അത്. സർക്കാരുത്തരവിലും ഇതു വ്യക്തമാക്കിയിരുന്നു.

പ്രസുകളിലെ അച്ചുകൾ ഇടുന്ന അറകളുടെ എണ്ണം കുറയ്ക്കുകയും അച്ചുനിരത്തൽ എളുപ്പമാക്കുകയും ചെയ്യുക എന്നതും പരിഷ്ക്കരണത്തിന്റെ ലക്ഷ്യമായിരുന്നു. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഡോ: കെ. ഭാസ്ക്കരൻ നായരും ഡോ: എൻ.വി. കൃഷ്ണവാരിയരും ഒക്കെ ചേർന്ന് 1970–ൽ വീണ്ടും ലിപിയും ഭാഷ പൊതുവിലും പരിഷ്ക്കരിച്ചു. അച്ചടിക്കാര്യത്തിൽ ചില കൂട്ടക്ഷരങ്ങൾക്കു മോചനം കിട്ടി. ക്ക, ച്ച, ട്ട, ത്ത എന്നിവയ്ക്ക്. മറ്റെല്ലാ കൂട്ടക്ഷരങ്ങളും ന്ദ, ദ്ധ, ഗ്ദ്ധ, ജ്ഞ എന്നിങ്ങനെ പിരിക്കപ്പെട്ടു. ചില്ലുകൾക്കു ശേഷം ക, ച, ട, ത, പ എന്നിവ ഒഴിച്ചുള്ള ഒരക്ഷരവും ഇരട്ടിക്കേണ്ടതില്ല എന്നും മറ്റും തീരുമാനിക്കപ്പെട്ടു.

ഇതെല്ലാം അച്ചടിക്കുമാത്രം എന്ന് അന്നും ഉത്തരവിൽ പറഞ്ഞിരുന്നു. പക്ഷെ, ഏട്ടിലെ ആ പശുവും പുല്ലു തിന്നില്ല! ഇതു സംബന്ധിച്ച ഒരു വാദം, ഈ പരിഷ്ക്കാരത്തിലെ ലാളിത്യവും മറ്റും കൊണ്ടു മലയാളികൾ എഴുത്തിലും അതങ്ങു സ്വീകരിക്കുകയായിരുന്നു എന്നാണ്. ഈ വാദം വസ്തുതാപരമല്ല എന്നതിന്റെ തെളിവാണു മുഴുവൻ ലിപിരൂപങ്ങളോടും കൂടിയ തനതുലിപി പുതുതലമുറ വായിക്കുന്നതും ടൈപ്പ് ചെയ്യുന്നതും പഠിക്കുന്നതുമൊക്കെ.


## ഭാരമല്ല, കരുത്ത്

മലയാളികൾ അക്ഷരങ്ങൾ മാത്രം പഠിച്ചാൽ മതി, ഏതു വാക്കും എഴുതാം. ഇംഗ്ലിഷിലോ? അക്ഷരം പഠിച്ചതുകൊണ്ടു മാത്രം ആയില്ല, മുഴുവൻ വാക്കും പഠിക്കണം. അതിന്റെ വിചിത്രമായ സ്പെല്ലിങ്ങുകൾ മുഴുവൻ ഓർത്തുവയ്ക്കണം! ഇതൊന്നും അവർക്കാർക്കും ഭാരമാണെന്ന് ഇതുവരെ പറഞ്ഞുകേട്ടിട്ടില്ല.

ഇതിനെക്കാളൊക്കെ കൗതുകകരമായ കാര്യം ജാപ്പനീസ്, ചൈനീസ്, കൊറിയൻ, വിയറ്റ്നാമീസ് തുടങ്ങിയ ഭാഷകളുടെ കാര്യമാണ്. ജപ്പാനിലെ കുട്ടികൾ എലിമെന്ററി വിദ്യാഭ്യാസത്തിന്റെ ആറാം ഗ്രേഡ് പൂർത്തിയാക്കുന്നതിനകം 1006 ലിപികളും ജൂനിയർ ഹൈസ്ക്കൂളിൽ 1130 ലിപികളും പഠിക്കണം! ആകെ 2136 ലിപികൾ! ചൈനീസ് ഭാഷയിൽ 2004ൽ ഇറക്കിയ ഡിക്ഷണറി പ്രകാരം 1,06,230 ലിപികൾ ഉണ്ട്!! ഇവയുടെ എണ്ണമാകട്ടെ, കാലം ചെല്ലുന്തോറും സാങ്കേതികവിദ്യാവികാസത്തിനും വ്യവസായവളർച്ചയ്ക്കും ഒക്കെ അനുസരിച്ചു കൂടിവരികയുമാണ്. ആ വളർച്ചയുടെ തോതു കാണിക്കുന്ന ഒരു പട്ടിക വിക്കിപീഡിയയിൽ ഉണ്ട്.

> ഇന്നിപ്പോൾ, കീ ബോർഡിനു വലിപ്പം കൂട്ടാതെ, കൂടുതൽ കീകൾ അമർത്താതെ, ഒരു അധിക അദ്ധ്വാനവും കൂടാതെ, സുഗമമായി വായിക്കാവുന്നതും കുറഞ്ഞസ്ഥലത്തു കൊള്ളുന്നതുമായ നല്ല മലയാളം അച്ചടിക്കാൻ ആവുമെങ്കിൽ പിന്നെന്തിനാണു ദുർവാശി?

ഈ ഭാഷയൊന്നും ലിപിഭാരംകൊണ്ടു തളർന്നില്ല. അവ ഉപയോഗിക്കുന്നവർ ലോകത്തെ കരുത്തുറ്റ സാമ്പത്തികശക്തികളായി വളരുകയായിരുന്നു. പ്രചാരത്തിൽ ലോകത്തെ ആദ്യ അഞ്ചു പത്രങ്ങളും ജാപ്പനീസ് ഭാഷയിലാണ് – യോമിയൂരി ഷിംബൂണും ആസാഹി ഷിംബൂണും മൈനിചി ഷിംബൂണും നിഹോൻ കൈസായി ഷിംബൂണും ചുനിചി ഷിംബൂണും. അതു കഴിഞ്ഞാൽ ഇംഗ്ലിഷിനും മീതേ ഏഴാം സ്ഥാനത്തു ചൈനീസ് ഭാഷാപത്രമായ റഫറൻസ് ന്യൂസും നില്ക്കുന്നു.


ADAGIA MALABARICA

I. [illegible]

Si adagio falsitas subesse potest, etiam lac amarum esse potest.

II. [illegible]

Omnium scientiarum scientia timor Dei.

III. [illegible]

Huius mundi felicitas non est felicitas, caeli felicitas, vera felicitas.

IV. [illegible]

Cui bonus socius, illi speculo opus non est.

V. [illegible]

Res ex manu decidens colligi potest, verbum ex ore delapsum recipi nequit.

VI. [illegible]

Illi mulieri quae ad metendas fruges non pergit, etiam centum falces, inutiles sunt.

VII. [illegible]

Peccatum in peccato verum est malitiosum peccatum.

VIII. [illegible]

Beneficium in beneficio verum est beneficium.

A 2 IX.

അവരൊക്കെ എല്ലാത്തരത്തിലും മുന്നേറുമ്പോൾ, ഭാഷ ഭാരമാണെന്നു കരുതുകയും അതിനെപ്പറ്റി അധമത്വബോധം പേറുകയും ചെയ്യുന്നവരും അക്ഷരം പഠിക്കുന്നതും എഴുതുന്നതും കഠിനാദ്ധ്വാനമായി കരുതുന്നവരും മടിയന്മാരും നമ്മെപ്പോലെ പുരോഗതി നേടാനാകാതെ അടിമമനസുമായി ഇങ്ങനെ അധഃപതിച്ചു കിടക്കും!

ലിപി കുറഞ്ഞിരിക്കുന്നതാണു ഭാഷ പഠിക്കാൻ എളുപ്പം; വിശേഷിച്ചും അന്യഭാഷക്കാർക്ക് എന്നു പറയുന്നവർ ഗുണ്ടർട്ട് മലയാളം പഠിച്ചതും നിഘണ്ടുവരെ എഴുതിയതും പത്രം നടത്തിയതും ഒക്കെ ലിപിഭാരം കുറച്ചുകൊടുത്തിട്ടാണോ എന്നു ചിന്തിക്കണം.

## തളയ്ക്കരുത്, വളരട്ടെ!

ഒരു കാലത്തു വെട്ടിക്കുറവും വെട്ടിമുറിക്കലും ഒക്കെ നടത്തിയതിന് ഒരു കാരണം ഉണ്ടായിരുന്നു – സാങ്കേതികവിദ്യയുടെ പരിമിതി. ആ നിലയ്ക്ക് ആ പരിഷ്ക്കാരങ്ങളെ നീതിമത്ക്കരിക്കാം. എന്നാൽ സാങ്കേതികവിദ്യ അന്നത്തെ പരിമിതി മറികടന്നാൽ പിന്നെയും പരിമിതിക്കാലത്തെ പരാധീനതകൾ ബാദ്ധ്യത പോലെ ചുമന്നുനടക്കണമോ?

ഇന്നിപ്പോൾ, കീ ബോർഡിനു വലിപ്പം കൂട്ടാതെ, കൂടുതൽ കീകൾ അമർത്താതെ, ഒരു അധിക അദ്ധ്വാനവും കൂടാതെ, സുഗമമായി വായിക്കാവുന്നതും കുറഞ്ഞസ്ഥലത്തു കൊള്ളുന്നതുമായ നല്ല മലയാളം അച്ചടിക്കാൻ ആവുമെങ്കിൽ പിന്നെന്തിനാണു ദുർവാശി? കാലത്തിനൊത്തു വളരാൻ ഭാഷയെ വിട്ടുകൂടെ?

സി. രാധാകൃഷ്ണൻ ഒരു വ്യാഴവട്ടം മുമ്പ് എറണാകുളത്തു ഭാഷാഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ഒരു സെമിനാറിൽ പറഞ്ഞ കാര്യം ഓർമ്മവരുന്നു. അദ്ദേഹം സ്വന്തം പുസ്തകം കംപ്യൂട്ടറിൽ മലയാളത്തിൽ സ്വയം ടൈപ്പ് ചെയ്യുമ്പോൾ അതു കണ്ട സാക്ഷാൽ എൻ.വി. കൃഷ്ണവാരിയർ അത്യധികം സന്തോഷത്തോടെ പറഞ്ഞത്രേ, അപ്പോൾ ഇനി നമ്മുടെ ലിപിപരിഷ്ക്കാരം ഉപേക്ഷിക്കാമല്ലോ, അല്ലേ എന്ന്! അതെ, ആ മഹാമനീഷിയുടെ ഔന്നത്യവും ദീർഘവീക്ഷണവും ഭാഷാസ്നേഹവും ഒക്കെയാണ് അദ്ദേഹത്തെ ഗുരുസ്ഥാനത്തു കാണുന്ന നാം ആദരിക്കേണ്ടത്; പിൻപറ്റേണ്ടത്.

അതുകൊണ്ട്, മലയാളഭാഷയുടെ നൂറ്റാണ്ടുകൾ നീണ്ട ചരിത്രത്തിലുടനീളം എഴുതിവന്നതും ബഞ്ചമിൻ ബെയ്‌ലിയുടെ കാലം (1823) മുതൽ അച്ചടിച്ചുവരുന്നതുമായ തനതു ലിപിസഞ്ചയം 20–25 കൊല്ലത്തെ ചെറിയ ഇടവേളയ്ക്കു ശേഷം സമ്പൂർണ്ണമായി വീണ്ടും നിലവിൽ വരുമ്പോൾ അതിനെ മനസു തുറന്നു സ്വാഗതം ചെയ്യുകയാണു നാം ചെയ്യേണ്ടത്. ഉത്തരവു വഴി സർക്കാർ ഈ ലിപിസഞ്ചയത്തിന്റെ പുനഃസ്ഥാപനം വിളംബരം ചെയ്യണം. സർക്കാരിന്റെ സാംസ്ക്കാരികസ്ഥാപനങ്ങൾ ഇതിനെ ഉത്സവമാക്കണം. പത്രങ്ങളും പ്രസാധകരുമെല്ലാം ആ ആഘോഷത്തിലെ പ്രധാന പങ്കാളികളാകണം. ശൈലീപുസ്തകങ്ങൾ അതിനനുസരിച്ചു പുനഃപ്രസിദ്ധീകരിക്കണം. ആകർഷമായ ഫോണ്ടുകൾ രൂപകല്പനചെയ്തു സൗജന്യമായി ലഭ്യമാക്കാൻ നടപടി എടുക്കണം. ഭാഷയുടെ വികാസത്തിനു കൂച്ചുവിലങ്ങാകുന്ന ആശയങ്ങളെ ചെറുത്തുതോല്പിക്കാൻ എല്ലാവരും മുന്നണി ചേരണം. മലയാളം അങ്ങനെ പൂത്തുതളിർക്കട്ടെ! ■

■ പ്രൊഫ. കെ. ശശികുമാർ




# ഇന്നു ഭാഷയിതപൂർണം

ഭൂമിശാസ്ത്രപരമായി തെക്ക് നെയ്യാർ തൊട്ട് വടക്ക് ചന്ദ്രഗിരിപ്പുഴവരെയുള്ള ഒരു ദേശത്തിന്റെ മാതൃഭാഷയാണ് മലയാളം. 'കേരളം', 'കേരള' – എന്നതിലേതാണ് ദേശനാമം? ക്ലീബക്കുറിയായ 'അം' ചേർത്തുറപ്പിക്കുന്നതല്ലേ ഭംഗി? അകാന്തരമായി നിലനിർത്തുവാൻ ശ്രമിക്കുന്നത് ഭാഷാശീലക്കേടാണ്. ഏതൊരു ജനതയുടെയും ആകമാന വ്യവസ്ഥയെ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് മാതൃഭാഷയാണ്. കേരളദേശം ചെറുതെങ്കിലും മലയാളഭാഷ വലുതാണ്. സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും കണക്കിലെടുക്കുമ്പോൾ ദ്രാവിഡ ഗോത്രത്തിലെ ശ്രേഷ്ഠഭാഷകളിലൊന്നുതന്നെ മലയാളം.

ക്ഷത്രിയർക്ക് ജാതിഭ്രഷ്ട് വന്ന് ശൂദ്രരായി തീർന്നവരാണ് ദ്രാവിഡരെന്ന് മനുസ്മൃതി പറയുന്നു. ക്രിസ്തുവിനുമുമ്പ് നാലാം ശതകത്തിൽ കാർത്യായനന് 'കേരളം' എന്ന ദേശസംജ്ഞ അറിവുണ്ടായിരുന്നു. ചേരളം, ചേരലകം മുതലായി പല പദങ്ങളും കേരളശബ്ദത്തിന്റെ പ്രാഗ്രൂപമായി പറയുന്നുണ്ട്. മലയാളഭാഷയുടെ ഉത്ഭവത്തെ സംബന്ധിച്ച് പ്രബലമായ രണ്ടു സിദ്ധാന്തങ്ങളാണ് നിലനിൽക്കുന്നത്. ഒന്ന്: പലവക കൊടും തമിഴുകളിൽ ഒന്നാണ് മലയാളമായത്. രണ്ട്: ആദി ദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്ര ശാഖയാണ് മലയാളം.



ഏതാണ്ട് 13 ഓളം പുഷ്ട ഭാഷകളും അപുഷ്ടഭാഷകളുമടങ്ങിയ ഗോത്രത്തിന് 'ദ്രാവിഡം' എന്നു പേരിട്ടത് ഡോ. കാൽഡ്വലാണ്. ചെന്തമിഴിൽനിന്ന് ഭിന്നമായ ഒരു ഭാഷയാണ് മലയാളമായിത്തീർന്നതെന്ന് കേരളപാണിനി ആവർത്തിച്ചു പറയുന്നുണ്ട്. ആ വ്യത്യസ്ത ഭാഷയെ 'കൊടുംതമിഴ്' എന്നാണ് വ്യവഹരിച്ചത്. കൊടുംതമിഴെന്ന പ്രയോഗം തമിഴ് വ്യാകരണ ഗ്രന്ഥങ്ങളിലൊട്ടു കാണുന്നുമില്ല.

ഏതാണ്ട് എ.ഡി. 10 ാം നൂറ്റാണ്ടോടെയാണ് ഇന്ത്യയിലെ പ്രാദേശിക ഭാഷകൾ ഒട്ടുമിക്കതും സ്വാതന്ത്ര്യം പ്രാപിക്കുന്നത്. എ.ഡി. 825 ലാണ് കൊല്ലവർഷം തുടങ്ങുന്നത്. കൊല്ലവർഷാരംഭത്തിലെ മലയാളം ഇന്ന് ആർക്കെങ്കിലും മനസ്സിലാകുമോ? പ്രൊഫ. ഇളംകുളമാണ് ഈ ഭാഷയെ നിഷ്കൃഷ്ടമായി പഠിച്ച മലയാളി. 18 ാം നൂറ്റാണ്ടിലെ മലയാളിയും 21 ാം നൂറ്റാണ്ടിലെ മലയാളിയും കണ്ടുമുട്ടി പരസ്പരം സംസാരിച്ചുതുടങ്ങിയാൽ ഇരുവർക്കും ഒന്നുംതന്നെ മനസ്സിലാവില്ല. 'വള്ളുവക്കുറ'ലും 'കൊലവെറി'യും തമിഴനു മനസ്സിലാവുകയും ചെയ്യും. ചീരാമനിൽനിന്ന് എഴുത്തച്ഛനിലേക്ക് എത്ര ദൂരം. കണ്ണശ്ശന്മാരിൽനിന്നും കുഞ്ചൻനമ്പ്യാരിലെത്താൻ എത്ര രാത്രികൾ ഉറക്കമൊഴിക്കണം. എന്തിന്, 'അക്ബറിൽ'നിന്ന് 'അരനാഴികനേര'ത്തിലേക്കെത്താൻ കാതമെത്ര കടക്കണം. ആറു മലയാളിക്ക് നൂറു മലയാളം എന്നുപറയുന്നത് കാലവിവക്ഷയാലല്ല. മറിച്ച് ദേശഭേദത്താലാണ്. ശാസന ഭാഷ കൂടി കണക്കാക്കിയാലും ഒരു രണ്ടായിരം വർഷത്തെ ചരിത്രം കേരളഭാഷയ്ക്കുണ്ടാവില്ല. എന്നിരിക്കലും ശ്രേഷ്ഠഭാഷ തന്നെയിത്.

മലയാള ഭാഷാചരിത്രം സൂചിപ്പിക്കുമ്പോൾ പ്രൊഫ. എ.ആർ. രാജരാജവർമ കേരള ഭാഷയെ മൂന്നു ഘട്ടങ്ങളിലായി വിഭജിക്കുന്നു. ഒന്ന്: ആദ്യഘട്ടം - ബാല്യാവസ്ഥ : കരിംതമിഴുകാലം (കൊല്ലവർഷം ഒന്നു മുതൽ 500 വരെ - എ.ഡി. 825-1325). രണ്ട്: മധ്യഘട്ടം - കൗമാരാവസ്ഥ - മലയാണ്മക്കാലം (കൊല്ലവർഷം 500 മുതൽ 800 വരെ - എ.ഡി. 1325-1625). മൂന്ന്: ആധുനിക ഘട്ടം - യൗവ്വനാവസ്ഥ - മലയാളകാലം (കൊല്ലവർഷം 800 മുതൽ എഡി 1625 -).

എഴുത്തച്ഛന്റെ കാലം വരെ പ്രാചീനഘട്ടമായും അതിനുശേഷം നവീനഘട്ടവുമായാണ് ഇന്നു വ്യവഹരിക്കുന്നത്.

ദ്രാവിഡഭാഷകളിൽ സംസ്കൃതാഭിമുഖ്യം തെലുങ്കുവിനും മലയാളത്തിനുമാണ് കൂടുതൽ. മലയാളഭാഷാ പഠനം അത്രകണ്ടു ലളിതമല്ല. പ്രധാന കാരണം നമ്മുടെ അക്ഷരമാലയിൽ തുടങ്ങുന്നു. സംസ്കൃതത്തിന്റെ വഴിക്കാണ് നമ്മുടെ അക്ഷരമാലയുടെ രൂപാവലി. യൂറോപ്യൻ ഭാഷകൾക്ക് വർണമാലയാണുള്ളത്. ഏതാണ്ട് 53 ഓളം വർണോച്ചാരണങ്ങൾ മലയാളത്തിനുണ്ട്. കൈരളിയുടെ കഥയിങ്ങനെ. മലയാളത്തിന്റെ വർത്തമാനകാലം മഹത്വപൂർണമാണ്. നമുക്ക് അഭിമാനിക്കുകതന്നെ.

വിദേശഭാഷയുടെ സ്വർണപാത്രത്തിൽ അമൃതുതന്നാൽ ഞാൻ കുടിക്കുകയില്ല. എന്നാൽ എന്റെ മാതൃഭാഷയുടെ മൺചട്ടിയിൽ വിഷമാണു തരുന്നതെങ്കിലും അതു ഞാൻ കുടിക്കും. പണ്ടാരോ ഇങ്ങനെ പറഞ്ഞതിൽ നിഴലിക്കുന്നത് ഉജ്ജ്വലമായ ഭാഷാപ്രണയമാണ്. നാം പ്രായ/ലിംഗഭേദമെന്യേ മാതൃഭാഷാ പ്രണയികളാകുക.

ശ്രേഷ്ഠഭാഷാ പദവിക്കായി നാം കഠിനശ്രമം തുടരുമ്പോൾ ശ്രദ്ധിക്കേണ്ട ചില മുന്നൊരുക്കങ്ങൾകൂടിയുണ്ട്. ഒന്ന്: ശ്രീകണ്ഠേശ്വരത്തിന്റെ 'ശബ്ദതാരാവലി'യാണ്. ഇന്നലെയും ഇന്നും നമ്മുടെ ആധികാരിക പദകോശം. ഈ നിഘണ്ടുവിൽ ഉൾച്ചേരാത്ത ഒട്ടനവധി പദങ്ങളും പ്രയോഗങ്ങളും നവീന മലയാളത്തിലുണ്ട്. അത്യാധുനികമായ ഒരു കോശഗ്രന്ഥം മലയാളം ഇന്നാവശ്യപ്പെടുന്നു.


രണ്ട്: മലയാള സാഹിത്യ ചരിത്രങ്ങൾ നിരവധിയുണ്ട്. പക്ഷെ, സ്വതന്ത്രമായ ഭാഷാചരിത്ര ഗ്രന്ഥങ്ങൾ താരതമ്യേന കുറവാണ്. സാഹിത്യചരിത്ര ഗ്രന്ഥങ്ങളുടെ തുടക്കത്തിൽ ഒന്നോ രണ്ടോ നിബന്ധങ്ങളിൽ ഭാഷാചരിത്രം പ്രായേണ ഒതുങ്ങിപ്പോകുന്നു. മുൻവിധികൾകൂടാതെയുള്ള കുറ്റമറ്റ ഒരു ഭാഷാചരിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കണം.

മൂന്ന്: പ്രൊഫ. എ.ആറിന്റെ കേരളപാണീനീയത്തിനുശേഷം ഏതാണ്ട് 10 ഓളം വ്യാകരണഗ്രന്ഥങ്ങൾ നമുക്കുണ്ട്. കേരളപാണിനിയുടെ തെറ്റും ശരിയും ചേറിക്കൊഴിക്കാനാണ് പല പണ്ഡിതന്മാരും പോയ നൂറ്റാണ്ടിൽ ശ്രമിച്ചത്. ഗുണ്ടർട്ടിന്റെയും കാൽഡ്വെലിന്റെയും മഹാശ്രമങ്ങൾ മറക്കാതെ, ആധുനിക ഭാഷാവിജ്ഞാനീയത്തിന്റെ പാഠവും പൊരുളും സ്വീകരിച്ചുകൊണ്ട് സമഗ്രവും സമ്പൂർണവുമായ ഒരു വ്യാകരണഗ്രന്ഥം ഉണ്ടാവണം.

നാല്: വാമൊഴിക്ക് പിമ്പേയാണ് വരമൊഴി. വാമൊഴിയും വരമൊഴിയും തമ്മിൽ ഏറെ അകലം മലയാളത്തിനുണ്ട്. തമിഴിന് ഈ അകലം കുറവാണ്. പരിനിഷ്ഠിതമായ വാമൊഴി പഠനം അത്യന്താപേക്ഷിതം.

അഞ്ച്: നമ്മുടെ മലയാളത്തെ മലയാളികളായ നാമല്ലാതെ മറ്റാരാണ് ഉൽക്കടമായി സ്നേഹിക്കുക. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഏതുഘട്ടത്തിലും മാതൃഭാഷാപഠനം അനിവാര്യമാവണം, അനിവാര്യമാക്കണം. പ്രീ-പ്രൈമറി ഘട്ടത്തിൽ ഭാഷാഭിമാനം ഉണർത്താനുപകരിക്കുന്ന മാതൃഭാഷാഗ്രന്ഥങ്ങൾ നിശ്ചയമായും സിലബസിലുണ്ടാവണം. ('പുസ്സിക്യാറ്റ്' വരാന്തയിൽ ഒച്ചയുണ്ടാക്കിക്കൊള്ളട്ടെ!)

ആറ്: ദ്രാവിഡ സർവകലാശാലയും തമിഴ് യൂണിവേഴ്സിറ്റിയും തമിഴ്നാട്ടിലുണ്ട്. കുറഞ്ഞപക്ഷം ഒരു മലയാളം സർവകലാശാലയെങ്കിലും കേരളദേശത്തിന്റെ ഒത്ത മധ്യത്തിലുണ്ടാകണം - സ്വയംഭരണാവകാശമുള്ളത്.



ഏഴ്: ഭാഷാസാഹിത്യ നായകരുടെ വിഗ്രഹങ്ങൾ മലയാള നാട്ടിൽ അങ്ങോളമിങ്ങോളമുണ്ടാകണം (ഉദാ: കണ്ണശ്ശൻ, എഴുത്തച്ഛൻ, എ.ആർ., കുഞ്ചൻ നമ്പ്യാർ തുടങ്ങിയവരുടെ).

വിദേശഭാഷയുടെ സ്വർണപ്പാത്രത്തിൽ അമൃതുതന്നാൽ ഞാൻ കുടിക്കുകയില്ല. എന്നാൽ എന്റെ മാതൃഭാഷയുടെ മൺചട്ടിയിൽ വിഷമാണു തരുന്നതെങ്കിലും അതു ഞാൻ കുടിക്കും. പണ്ടാരോ ഇങ്ങനെ പറഞ്ഞതിൽ നിഴലിക്കുന്നത് ഉജ്ജ്വലമായ ഭാഷാപ്രണയമാണ്. നാം പ്രായ/ലിംഗഭേദമെന്യേ മാതൃഭാഷാ പ്രണയികളാകുക. ■

എസ്. ജോസഫ്

# ഉള്ളുചുട്ടെഴുതിയ കവിത


സാംബശിവൻ മുത്താന

കൊല്ലത്തെവിടെയോ വർഷങ്ങൾക്കുമുമ്പുനടന്ന ഒരു കവിയരങ്ങിൽവച്ചാണ് സാംബശിവൻ മുത്താനയെ ഞാൻ ആദ്യമായി കാണുന്നത്. അൻവർ അലിയും സാംബശിവനും ഞാനും കൂടി അടുത്തുള്ള ഒരു താവളത്തിലിരുന്നു. ആയിടെ പ്രസിദ്ധീകരിച്ച എന്റെ *മീൻകാരൻ* എന്ന പുസ്തകത്തെക്കുറിച്ചാണ് അവരിരുവരും അന്ന് സംസാരിച്ചത്. സാംബശിവൻ തൊഴിലുകൊണ്ട് മേസ്തിരിയാണെന്ന് അന്ന് മനസിലായി. *മേസ്തിരി* എന്നൊരു കവിത ഞാൻ എഴുതിയിട്ടുണ്ട്. സാംബശിവനിൽ മറ്റൊരു മേസ്തിരിയെ ഞാൻ കണ്ടെത്തി.

കുറേക്കാലം കഴിഞ്ഞ് *കല്ലിൽകൊത്തിയ കവിത* എന്ന സാംബശിവന്റെ സമാഹാരത്തിന് അവതാരിക എഴുതണമെന്ന് അദ്ദേഹം എന്നോടു പറഞ്ഞു.




ഞാനത് സന്തോഷത്തോടെ ചെയ്തു. ആ കവിതകളിലെമ്പാടും വേദന പടർന്നിരുന്നു. എന്നാൽ രസകരമായാണ് ആഖ്യാനം. ഒരുതരം ലാഘവത്തോടെ, ഭാരമില്ലാതെയുള്ള അവതരണം. എനിക്ക് ആ കവിതകൾ ഉള്ളുതുറന്നെഴുതിയ കവിതകളായാണ് തോന്നിയത്. സംഭവിച്ച കവിതകളെന്ന് അവയെപ്പറ്റി പറയാമെന്നു തോന്നുന്നു. ക്രാഫ്റ്റിന്റെ മികവിലല്ല ആത്മാർഥതയുടെയും ജീവിതത്തിന്റെയും എഴുത്തുകളാണവ. ഉള്ളു ചുട്ടെഴുതിയ കവിതകൾ.

അവതാരിക എഴുതിക്കൊടുത്തു. അതും കവിതകളും ചേർന്ന് പുസ്തകമായി. ഒരുതരം നേർരേഖയിലുള്ള എഴുത്തായിരുന്നു സാംബശിവന്റെ കവിത. അമിത സംഗീതമോ, പൗരാണിക കഥകളോ, കൃത്രിമ പാണ്ഡിത്യമോ ആ കവിതകളിൽ ഇല്ല. സ്വാഭാവികമായ ചിത്രണരീതികളാണ് ആ കവിതകളിലുള്ളത്. സാധാരണക്കാരുടെ കവിയാണ് അദ്ദേഹം. തന്റെ കവിതകൾ പലമാസികകളിൽ വരുന്നതിനെക്കുറിച്ചും ചില അംഗീകാരങ്ങളെക്കുറിച്ചും ഇടയ്ക്ക് പറയുമായിരുന്നു.

അങ്ങനെയിരിക്കെ അദ്ദേഹത്തിന്റെ മരണവാർത്തയാണ് കേട്ടത്. അത് അപ്രതീക്ഷിതമായിരുന്നു. എഴുതുവാൻ പലതും ബാക്കിവച്ചിട്ട് കവി പടിയിറങ്ങിപ്പോയി. സാംബശിവനെപ്പോലൊരു കവി എന്നിൽ ജീവിച്ചിരുന്നു. എന്റെ പണിസ്ഥലങ്ങളും പണിയായുധങ്ങളുമുപേക്ഷിച്ച് ഒരു അധ്യാപകനായി ഞാൻ മാറിയെങ്കിലും എന്റെ ഉള്ളിൽ ഒരു മേസ്തിരി എന്നുമുണ്ടായിരുന്നു. അത്തരത്തിൽ എനിക്കൊരു പ്രത്യേകമായ ഇഷ്ടം അദ്ദേഹത്തോടുണ്ടായിരുന്നു. ഒരാൾ വേലചെയ്യുന്നതുപോലെ സ്വാഭാവികമായി അദ്ദേഹം കവിതയെഴുതി. തൊഴിലാളിക്ക് സാഹിത്യമേഖലയിൽ ഉയരുവാൻ ഇന്നും പ്രയാസമുണ്ട്. ആ പ്രയാസങ്ങൾ അദ്ദേഹം അനുഭവിച്ചിരുന്നു. അങ്ങനെ നോക്കുമ്പോൾ ഒരു ചെറിയ സമരമായിരുന്നു ആ ജീവിതം. പണിയായുധങ്ങളും പേനയും പിടിച്ചുള്ള പ്രയാണം. ■

■ എം.സി. രാജനാരായണൻ

തകഴി ജന്മശതാബ്ദി



# ചെമ്മീൻ സാഹിത്യവും സിനിമയും

വായനക്കൊപ്പം ഭാഷ നൽകുന്ന കാഴ്ചയെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്ന പ്രഗത്ഭരായ എഴുത്തുകാരുടെ മുൻനിരയിലാണ് എന്നും തകഴി ശിവശങ്കരപിള്ളയുടെ സ്ഥാനം. അക്ഷരങ്ങൾ ദൃശ്യങ്ങൾക്ക് വഴിമാറുകയാണ് നല്ല എഴുത്തിലും വായനയിലും സംഭവിക്കുന്നത്. ഭാഷ വരക്കുന്ന ദൃശ്യ ബിംബങ്ങൾക്ക് തകഴിയുടെ രചനകൾ ഉത്തമ മാതൃക തന്നെ. സിനിമയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട തകഴിക്കഥകളിൽ ഏറ്റവും ശ്രദ്ധേയമായതും സ്വീകാര്യത ലഭിച്ചതും 'ചെമ്മീൻ' എന്ന വിശ്വ പ്രസിദ്ധ നോവലിനാണ്. ഇരുപതിലധികം ലോകഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ട ഏക മലയാള നോവലും 'ചെമ്മീൻ' തന്നെ.



ചെമ്മീൻ എന്ന നോവലിന് സാഹിത്യത്തിൽ ലഭിച്ച വൻ സ്വീകരണം തന്നെയാണ് സിനിമയായപ്പോഴും ലഭിച്ചത്. തകഴിയുടെ സിനിമയായ കഥകളിൽ മറ്റൊരു കൃതിക്കും ചെമ്മീന് ലഭിച്ച വരവേല്പ് കിട്ടിയില്ല. രാമു കാര്യാട്ട് സംവിധാനം ചെയ്ത 'ചെമ്മീൻ' മലയാള സിനിമയ്ക്ക് ദേശീയ പുരസ്കാരം-ആദ്യത്തെ സ്വർണ്ണ മെഡൽ -നേടിത്തരികയും ചെയ്തു. നോവലിന്റെ ചില വിശദീകരണങ്ങളും വിശദാംശങ്ങളും ഒഴിച്ചു നിർത്തിയതുകൂടാതെ കാര്യമായ മാറ്റങ്ങൾ വരുത്താതെയാണ് രാമു കാര്യാട്ട് ചെമ്മീൻ സിനിമയാക്കിയത്. ചിത്രത്തിൽ കല്യാണം കാണിക്കാതെ സദ്യ കഴിഞ്ഞ് എച്ചിലകൾക്കിടയിൽ കാക്കകൾ കലപിലകൂടുന്നതിന്റെ ഒരു ഷോട്ടിൽ കല്യാണത്തിന്റെ 'ഇഫെക്ട്' സംവിധായകൻ കൊണ്ടുവരുന്നു. സാഹിത്യത്തിലെ കരുത്തുറ്റ കഥാപാത്രങ്ങളെ അവതരിപ്പിക്കുവാൻ ഏറ്റവും അനുയോജ്യരായ അഭിനേതാക്കളെ കണ്ടെത്തിയതാണ് സംവിധായകൻ രാമു കാര്യാട്ടിന്റെ ഏറ്റവും വലിയ വിജയം. അങ്ങനെ തകഴിയുടെ ചെമ്പൻകുഞ്ഞും പരീക്കുട്ടിയും കറുത്തമ്മയും പളനിയും സ്ക്രീനിൽ മജ്ജയും മാംസവുമുള്ള ജീവിക്കുന്ന കഥാപാത്രങ്ങളായി 'കടപ്പുറം' സ്വന്തമാക്കി!

ജീവിതത്തിന്റെ, അരയരുടെ നിത്യജീവിതാനുഭവങ്ങളുടെ പച്ചയായ ആവിഷ്കാരമാണ് 'ചെമ്മീൻ' എന്ന തകഴി കൃതിയെ വ്യത്യസ്തമാക്കുന്നത്. 'കറുത്തമ്മോ' എന്ന വിളിയിൽ തുടങ്ങുന്ന നോവൽ കറുത്തമ്മയുടെയും കാമുകൻ

പരീക്കുട്ടി മുതലാളിയുടെയും ദാരുണമായ വിടപറയലിൽ അവസാനിക്കുമ്പോൾ സാംസ്കാരികത്തനിമയുടെ പ്രത്യേക ജീവിത സാഹചര്യത്തിന്റെ നേർക്കാഴ്ചയായി, തനത് ആവിഷ്ക്കാരമായി അത് മാറുന്നു. തകഴിയുടെ ജന്മശതാബ്ദിയാഘോഷ വേളയിൽ നോവലിന്റെ പുനർവായനയും സിനിമയുടെ പുനർകാഴ്ചയും പ്രസക്തി കൈവരിക്കുന്നു.



ബാല്യകാലം മുതലേ പരിചിതരായ കറുത്തമ്മ-പരീക്കുട്ടിമാരുടെ പ്രണയമാണ് ചെമ്മീൻ പ്രധാനമായി പറയുന്നതെങ്കിലും കടലിനെ ആശ്രയിച്ചു കഴിയുന്ന അരയ സമുദായക്കാരുടെ ജീവിത ദുരന്തങ്ങളും ദുരിതങ്ങളും കൂടി ഇതിൽ ആവിഷ്കൃതമാകുന്നു. അവരുടെ ആചാരോപചാരങ്ങളും വിശ്വാസങ്ങളും ആധികാരികമായി ത്തന്നെ പകർത്തപ്പെടുന്നു. ജീവിതം പഠിച്ച് പ്രതിപാദിക്കുന്ന കഥാകാരനെയാണ് ചെമ്മീനിൽ കാണുക. പാത്രസൃഷ്ടിയിലെ പക്വതയാണ് സിനിമയുടെ വിജയത്തിനും ആധാരമായത്. അക്ഷരലോകത്തുനിന്ന് ദൃശ്യകലയിലെത്തിയപ്പോൾ തകഴിയുടെ കഥാപാത്രങ്ങൾ രാമുകാര്യാട്ടിന്റേതു കൂടിയാകുന്നു; അവർക്ക് ഉയിരേകിയ അഭിനേതാക്കളുടെയും.

സ്വന്തമായി വള്ളവും വലയും വാങ്ങി ധാരാളം മീൻ പിടിച്ച് ധനികനാകുവാനാഗ്രഹിച്ച ചെമ്പൻകുഞ്ഞിന്റെ ദുരന്തവും ചെമ്മീനിൽ പാഠഭേദമായി പരിണമിക്കുന്നു. പരീക്കുട്ടിയാകട്ടെ പണത്തിലുപരി സ്നേഹബന്ധങ്ങൾക്കും പ്രണയത്തിനും വില കല്പിക്കുന്നു. സ്വന്തം കൈക്കരുത്തിലും മീൻപിടിക്കുന്നതിലുമുള്ള കഴിവിലും മാത്രം വിശ്വസിക്കുന്ന പളനിക്കും ചെമ്മീനിൽ നിർണ്ണായകസ്ഥാനമുണ്ട്. എന്നാൽ ഇവരിലെല്ലാമുപരിയായി കറുത്തമ്മയുടെ കഥയുമാണ് 'ചെമ്മീൻ'. ഭിന്ന സമുദായക്കാരായ കറുത്തമ്മയും പരീക്കുട്ടിയും തമ്മിലെ പ്രണയത്തിന്, തീവ്രാഭിലാഷത്തിന് ആദ്യം കടൽമാത്രമാണ് സാക്ഷിയാകുന്നത്.

നിത്യജീവിതത്തിന്റെ കൊടുക്കൽ വാങ്ങലുകൾ തട്ടിമുട്ടിയാണ് അവരുടെ പ്രണയജീവിതം നീങ്ങുന്നത്. അച്ഛൻ ചെമ്പൻകുഞ്ഞിന്റെ ഒടുങ്ങാത്ത ദുരയ്ക്കുമുമ്പിൽ കറുത്തമ്മ ഇരപിടിക്കുവാനുള്ള ഒരു ചെറുമീൻ മാത്രമായി മാറുന്നു. ചെമ്പൻകുഞ്ഞിനുവേണ്ടി പരീക്കുട്ടിയോട് പണം ചോദിക്കുന്നത് കറുത്തമ്മയാണ്, പകരം വലയിൽ കുടുങ്ങുന്ന മീനത്രയും അയാൾക്ക് വില്ക്കാമെന്ന വാഗ്ദാനം നൽകുന്നതും. പക്ഷേ, ചെമ്പൻകുഞ്ഞ് വാഗ്ദാനം മറന്ന് 'റൊക്കം' പണം നൽകുന്നവർക്കാണ് മീൻ കച്ചവടം ചെയ്യുന്നതും അങ്ങനെ കടപ്പുറത്തെ പുത്തൻ പണക്കാരനാവുന്നതും. എന്നാൽ കാൽക്കീഴിലെ ജീവിത ദുരന്തത്തെക്കുറിച്ച് ചെമ്പൻകുഞ്ഞ് അറിഞ്ഞത് ഏറെ വൈകിയായിരുന്നു. യാദൃച്ഛികമായി അവിടെയെത്തുന്ന പളനിക്ക് കറുത്തമ്മയെ കെട്ടിച്ച് നൽകുന്നതോടെയാണ് ദുരന്തം വാപിളർന്നെത്തുന്നത്. പച്ചനോട്ടുകളുടെ തിളക്കത്തിലും പളപളപ്പിലും തന്നെത്തന്നെ മറക്കുന്ന ചെമ്പൻകുഞ്ഞ് എല്ലാ തുറകളിലും കാണുന്ന ഒരു പ്രതീകം തന്നെ. പണത്തിനുമീതെ പരുന്തും പറക്കില്ലെന്നു കരുതുന്നവർ.



കടലിൽ പോകുന്ന

അരയന് തുണയായി കരയിൽ ചാരിത്ര്യം കാത്തു സൂക്ഷിച്ചുകൊണ്ട് അരയത്തി കാവലുണ്ടാകണമെന്ന വിശ്വാസവും നോവലിൽ തകഴി പകർത്തുന്നു. കറുത്തമ്മ പിഴയ്ക്കുന്നതോടെയാണ് പളനി കടലിലെ ചുഴിയിൽപെട്ട് മരണമടയുന്നത്. അരയരുടെ വിശ്വാസം ഒരു പാട്ടിൽ വയലാർ രാമവർമ്മ എടുത്തു പറയുന്നുണ്ട്. അങ്ങനെ പരിഷ്കൃത സമൂഹത്തിന് അന്ധവിശ്വാസമെന്ന് തോന്നാവുന്ന ചില വിശ്വാസങ്ങളും ജീവിതരീതികളും മാറ്റങ്ങൾ വരുത്താതെ തകഴി പ്രതിപാദിക്കുന്നത് കടലിനെ ആശ്രയിച്ചു കഴിയുന്നവരുടെ ജീവിതം യഥാതഥമായി ആവിഷ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്. നോവലിസ്റ്റിന്റെ ഉല്പതിഷ്ണുത്വവും വിശ്വാസസംഹിതയും അവിടെ ഇടപെടുന്നില്ല. സംവിധായകൻ എന്ന നിലയ്ക്ക് രാമു കാര്യാട്ടും ഇതേ നിലപാടുതന്നെയാണ് നോവലിന്റെ ചിത്രീകരണത്തിൽ സ്വീകരിച്ചത്. സ്ഥലകാലദേശങ്ങൾക്കും സാമുദായ രീതികൾക്കുമനുസൃതമായി വിശ്വാസങ്ങൾ മാറുന്നത് സ്വഭാവികവുമത്രെ!

ഭിന്ന സമുദായക്കാരുടെ പ്രണയവും വിവാഹവും നിഷിദ്ധമാകുന്നതും എതിർപ്പുകൾ ഉയർത്തുന്നതും നമുക്ക് സുപരിചിതമെങ്കിലും ഒരു യൂറോപ്യൻ വായനക്കാരനെ/കാഴ്ചക്കാരനെ സംബന്ധിച്ച് ഇത് നിസ്സാരപ്രശ്നമായി അവഗണിക്കപ്പെടാവുന്നതുമാണ്. കാരണം അവിടെ സ്ത്രീപുരുഷബന്ധത്തിനിടയിൽ ജാതിയും മതവും സമുദായവും കടന്നുവരുന്നില്ല എന്നതുതന്നെ. അതുകൊണ്ട് ചെമ്മീൻ വായിക്കുന്ന/കാണുന്ന ഒരു യൂറോപ്പുകാരന് ഏഷ്യൻ/ഇന്ത്യൻ സംസ്കാരത്തിന്റെ വ്യത്യസ്തത കൂടി ഗ്രഹിക്കാനാകുമ്പോൾ മാത്രമേ അതിന്റെ പൊരുൾ പിടികിട്ടുകയുള്ളൂവെന്ന് സാരം.

ചെമ്മീൻ എഴുതിയ കാലഘട്ടത്തെ അപേക്ഷിച്ച് കേരളീയ സമൂഹത്തിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ ജാതിമതാതീതമായി ചിന്തിക്കുവാൻ ഇന്നും സമൂഹം പ്രാപ്തമായിട്ടില്ല. ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളുടെ കാര്യമാകട്ടെ അതിലും കഷ്ടമാണ്. പ്രേമവിവാഹത്തിന്റെ പേരിൽ സമുദായത്തിൽ നിഷ്ക്കാസിതരാകുക മാത്രമല്ല പലപ്പോഴും നിഷ്ക്കരുണം കൊലചെയ്യപ്പെടുകയാണ്. 'ദുരഭിമാനക്കൊല' എന്നതിനെ വിളിക്കുകയുമാണ് ഇന്ന് സമൂഹം. യു.പി.യിലും ബീഹാറിലും മറ്റും ഇത്തരം ദുരഭിമാനക്കൊലകൾ നിത്യേനയെന്നവണ്ണം അരങ്ങേറുമ്പോൾ കേരളം ഏറെക്കുറെ വ്യത്യസ്തത പുലർത്തുന്നതായി കാണാം.

കറുത്തമ്മ ചെമ്പൻകുഞ്ഞിന്റെ ധനമോഹം കാരണം പളനിയെ വിവാഹം കഴിക്കുവാൻ നിർബന്ധിതയാകുന്നു. അതാകട്ടെ പരീക്കുട്ടിയുടെ മാത്രമല്ല അവരോരോരുത്തരുടെയും-ചെമ്പൻകുഞ്ഞ് അടക്കം ജീവിതദുരന്തത്തിന് കളമൊരുക്കുകയും ചെയ്യുന്നു. കറുത്തമ്മയുടെ ഹൃദയത്തിൽ പരീക്കുട്ടിയ്ക്കു മാത്രമായിരുന്നു സ്ഥാനം. സമുദായത്തിലെ സ്ഥാനമാനങ്ങളോ പണമോ കാംക്ഷിക്കാതെ കറുത്തമ്മയെ മാത്രം സ്നേഹിച്ച പരീക്കുട്ടിയുടെ ആത്മാർത്ഥത കറുത്തമ്മ തിരിച്ചറിയുന്നു. വൈകിയാണെങ്കിലും അവൾ പരീക്കുട്ടിയുടെ കരവലയത്തിലൊതുങ്ങുകയും വിലക്കുകൾ ലംഘിക്കുകയും വിധി ഏറ്റുവാങ്ങുകയുമാണ്.

**സാഹിത്യത്തിലെ കരുത്തുറ്റ കഥാപാത്രങ്ങളെ അവതരിപ്പിക്കുവാൻ ഏറ്റവും അനുയോജ്യരായ അഭിനേതാക്കളെ കണ്ടെത്തിയതാണ് സംവിധായകൻ രാമു കാര്യാട്ടിന്റെ ഏറ്റവും വലിയ വിജയം. അങ്ങനെ തകഴിയുടെ ചെമ്പൻകുഞ്ഞും പരീക്കുട്ടിയും കറുത്തമ്മയും പളനിയും സ്ക്രീനിൽ മജ്ജയും മാംസവുമുള്ള ജീവിക്കുന്ന കഥാപാത്രങ്ങളായി 'കടപ്പുറം' സ്വന്തമാക്കി!**

ചെമ്മീൻ മലയാള സിനിമയിൽ ചരിത്രം തിരുത്തിയെഴുതിയത് മികച്ച സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം നേടിയതു കൊണ്ടുമാത്രമല്ല മറിച്ച് ദേശീയരംഗത്ത് ശ്രദ്ധേയരായ കലാകാരന്മാരുടെ കൂട്ടായ്മ കൊണ്ടു കൂടിയാണ്. ഛായാഗ്രാഹകനായി രാമുകാര്യാട്ട് കണ്ടെത്തിയത് വിഖ്യാത ക്യാമറാമാൻ മാർക്കസ് ബർട്ട്‌ലിയെയും സംഗീത സംവിധായകനായി സലീൽ ചൗധരിയെയുമാണ്. അതുപോലെ എഡിറ്റിംഗ് നിർവഹിച്ചത് ഋഷികേശ് മുഖർജിയും. അന്യഭാഷകളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരും സംഗീത സംവിധായകരും മലയാളസിനിമയിലെത്തുന്നതിന്റെ ആരംഭംകുറിച്ച പടവുമാണ് 'ചെമ്മീൻ'.

സാഹിത്യത്തിലും സിനിമയിലുമായി ഒരേപോലെ വിജയിച്ച ഇന്ത്യൻ നോവലുകളിൽ മുൻനിരയിൽതന്നെ ചെമ്മീന് സ്ഥാനം ലഭിക്കുന്നു. ആർ.കെ. നാരായണൻ രചിച്ച *ഗൈഡ്* (ഹിന്ദി) വിഭൂതി ഭൂഷൺ ബന്ദോപാദ്ധ്യായയുടെ *പഥേർ പാഞ്ജാലി* (ബംഗാളി) യു.ആർ. അനന്തമൂർത്തിയുടെ *സംസ്കാര* (കന്നഡ) തുടങ്ങിയ രചനകൾ പോലെ.



ചെമ്പൻകുഞ്ഞ് (കൊട്ടാരക്കര ശ്രീധരൻ നായർ), പളനി (സത്യൻ), കറുത്തമ്മ (ഷീല) പരീക്കുട്ടി (മധു) തുടങ്ങിയ കഥാപാത്രങ്ങൾ മലയാള സിനിമയിൽ അനശ്വരത നേടിയവരാണ്, വയലാർ-സലീൽ ചൗധരി ടീം ഒരുക്കിയ ഗാനങ്ങൾ കാലാതീതവും. കലാമൂല്യം ചോർന്നുപോവാതെ ജനപ്രിയമായി പടം ഒരുക്കുവാൻ കഴിഞ്ഞത് രാമു കാര്യാട്ടിന്റെ വിജയമാണ്. അവാർഡിന്റെ കാര്യത്തിലെന്നപോലെ കളക്ഷൻ രംഗത്തും ചെമ്മീൻ ചരിത്രം സൃഷ്ടിക്കുകയും ചെയ്തു. ■

എ.കെ. അഗസ്റ്റി



# പാർലമെന്റിന് അറുപത് നിയമസഭയ്ക്ക് നൂറ്റി ഇരുപത്തിയഞ്ച്

ഇക്കഴിഞ്ഞ മെയ് 13 ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതത്തിന്റെ പാർലമെന്റിന് അറുപത് വയസ് തികഞ്ഞു. കേരള നിയമസഭയ്ക്കാകട്ടെ 2013 ആഗസ്റ്റ് 23-ന് 125 വയസു തികയും. ജനാധിപത്യഭരണ വ്യവസ്ഥയ്ക്കും, ജീവിതരീതിയ്ക്കും, നിയമനിർമാണങ്ങൾക്കും സമാനതകളില്ലാത്ത പരീക്ഷണങ്ങൾക്ക് സാക്ഷികളായ ജീവിക്കുന്ന രണ്ട് ഉദാഹരണങ്ങളാണ് നമ്മുടെ പാർലമെന്റും നിയമസഭയും. നിയമസഭയുടെ 125-ാം വാർഷികാഘോഷം ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ 2012 ആഗസ്റ്റ് 23ന് ഉദ്ഘാടനം ചെയ്തു പാർലമെന്ററിന്റെയും നിയമസഭയുടെയും സമ്മേളനങ്ങളെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് ഇന്നും നോക്കിക്കാണുന്നത്. ജനങ്ങൾക്ക് രാഷ്ട്രീയത്തിൽ താൽപര്യം കുറഞ്ഞുവരുന്നു എന്ന് പ്രചരിക്കപ്പെടുമ്പോൾ തന്നെയാണ് ഓരോ ഇലക്ഷനും വോട്ടിങ് ശതമാനം ഉയർന്നുവരുന്നത്. ജനാധിപത്യ വ്യവസ്ഥയോട് ജനങ്ങൾക്കുള്ള വർദ്ധിച്ച താൽപര്യത്തെയാണ് ഇത് കാണിക്കുന്നത്. ജനങ്ങളുടെ ഈ താൽപര്യത്തെ കാത്തു സൂക്ഷിക്കുവാനും അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുവാനും തനിക്ക് കഴിയുന്നുണ്ടോ എന്ന് ഓരോ ജനപ്രതിനിധിയും സ്വയം വിമർശനപരമായി വിലയിരുത്തുകയും അതിനനുസൃതമായി പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം. എങ്കിൽ മാത്രമേ നമ്മുടെ അഭിമാനസ്തംഭങ്ങളായ ഈ ജനാധിപത്യ സ്ഥാപനങ്ങളുടെ അന്തസ് ലോകത്തിന് മുന്നിൽ അടയാളപ്പെടുത്താൻ നമുക്ക് കഴിയുകയുള്ളൂ.

സർക്കാരും നിയമനിർമാണസഭകളും ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാതിരിക്കുമ്പോഴാണ് പലപ്പോഴും കോടതികൾ എക്സിക്യൂട്ടീവിന് നേരിട്ട് നിർദ്ദേശം നൽകുന്ന ജുഡീഷ്യൽ ആക്ടിവിസത്തിലേക്ക് പോകുന്നത്. ജനാധിപത്യത്തിന്റെ അടിത്തറയായ ഈ തൂണുകൾ അതായത് ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നിവ പരസ്പരം പൂരകങ്ങളായി പ്രവർത്തിക്കുമ്പോഴും ലെജിസ്ലേച്ചറിന് അല്പം ഉയർന്ന സ്ഥാനമുണ്ട്. അതുകൊണ്ടാണ് നിയമനിർമാണസഭയിൽ നിന്നും അവയിലെ അംഗങ്ങളിൽ നിന്നും ജനങ്ങൾ കൂടുതൽ പ്രതീക്ഷിക്കുകയും അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നത്.

അയൽരാജ്യമായ പാകിസ്ഥാനുമായി മൂന്നുപ്രാവശ്യവും ചൈനയുമായി ഒരു തവണയും ഉണ്ടായ യുദ്ധങ്ങൾ, 1975-ലെ അടിയന്തരാവസ്ഥ, 1980-കളിൽ ചില സംസ്ഥാനങ്ങളിൽ ഉടലെടുത്ത പ്രാദേശികവും വിഘടനാവാദപരവുമായ ചില പ്രവണതകൾ, 1991-മുതൽ നടപ്പാക്കി വരുന്ന പുതിയ സാമ്പത്തിക ഉദാരീകരണ നടപടികൾ, 1992-ൽ ബാബ്റിമസ്ജിദിന്റെ തകർച്ചയോടെ ഇന്ത്യൻ മതേതരത്വത്തിനുണ്ടായ തിരിച്ചടി ഇവയെല്ലാം അതിജീവിക്കുവാനും ഇന്ത്യയ്ക്ക് കഴിഞ്ഞത് നമ്മുടെ ഭരണഘടനയുടെയും ജനാധിപത്യഭരണസംവിധാനത്തിന്റെയും വിജയമാണെന്ന് പറയാം.

നിയമനിർമാണങ്ങളുടെ ചരിത്രത്തിൽ ലോകത്തിന് തന്നെ മാതൃകയായ നിയമങ്ങൾ നിർമിക്കപ്പെട്ട ഒരു ജനപ്രതിനിധിസഭയാണ് കേരളനിയമസഭ. പാർലമെന്ററി ജനാധിപത്യവ്യവസ്ഥയിലൂടെ അധികാരത്തിൽ വരികയെന്നത് മുഖ്യ അജണ്ടയല്ലാത്ത കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യ തെരഞ്ഞെടുപ്പിൽ തന്നെ കേരള നിയമസഭയിൽ ഭൂരിപക്ഷം നേടി അധികാരത്തിൽ വന്നുവെന്നത് നമ്മുടെ നിയമസഭയെ ലോകശ്രദ്ധയിൽ കൊണ്ടുവന്ന ഒരു സംഭവമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയതും സർക്കാർ സേവനം ജനങ്ങളുടെ അവകാശമാക്കി മാറ്റിയ സേവനാവകാശനിയമം കൊണ്ടുവന്നതും കേരള നിയമസഭയാണ്.

ബ്രിട്ടീഷ് ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽ ഒരു നിയമനിർമാണ സഭയുണ്ടായത് തിരുവിതാംകൂറിലാണ്. 1888 മാർച്ച് 30 ന് രൂപീകരിച്ച ട്രാവൻകൂർ ലജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രഥമ സമ്മേളനം 1888-ആഗസ്റ്റ് മാസം 23-ന് ദിവാന്റെ അധ്യക്ഷതയിൽ ചേർന്നു. കൗൺസിലിന്റെ അംഗസംഖ്യ എട്ട് ആയിരുന്നു. തെരഞ്ഞെടുപ്പില്ലാതെ നാമനിർദ്ദേശത്തിലൂടെയായിരുന്നു അംഗങ്ങളെ കണ്ടെത്തിയത്. എട്ട് അംഗങ്ങളിൽ ആറ് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെ



ട്ടിരുന്നു. കൗൺസിലിന്റെ രൂപീകരണം നടക്കുമ്പോൾ അധികാരത്തിലുണ്ടായിരുന്നത് ശ്രീമൂലം തിരുനാൾ രാമവർമ മഹാരാജാവും ദിവാൻ ടി. രാമറാവുവും ആയിരുന്നു. സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായ നിയമനിർമാണത്തിൽ ദിവാന് അഭിപ്രായം ആരായാനും ചർച്ച ചെയ്യാനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുക എന്നതായിരുന്നു കൗൺസിൽ രൂപീകരണത്തിന്റെ ഉദ്ദേശ്യം. കൗൺസിൽ രൂപീകരണം സർക്കാരിൽ കൂടുതൽ പങ്കാളിത്തം എന്ന ആവശ്യത്തിന് ജനങ്ങളെ പ്രേരിപ്പിച്ചു. ഇത് 1891-ലെ മലയാളി മെമ്മോറിയൽ രൂപീകരണത്തിനും കാരണമായി. ഇതേവർഷം മരുമക്കത്തായത്തെക്കുറിച്ച് പഠിക്കാൻ ഒരു നിയമസഭാ കമ്മിറ്റിയും നിലവിൽ വന്നു. 1919 ൽ കൗൺസിലിന്റെ അംഗസംഖ്യ 25 ആക്കി. അംഗങ്ങൾക്ക് വാർഷിക ബജറ്റ് ചർച്ച ചെയ്യാനും അഭിപ്രായം പറയാനും സ്വാതന്ത്ര്യം കിട്ടി. 1921-ൽ അംഗസംഖ്യ 50 ആയി. അംഗങ്ങൾക്ക് ബജറ്റിനുമേൽ നിയന്ത്രണങ്ങൾക്ക് വിധേയമായി വോട്ടവകാശവും പൊതു താൽപര്യമുള്ള വിഷയങ്ങളിൽ പ്രമേയങ്ങളും ചോദ്യങ്ങളും അനുവദിക്കപ്പെട്ടു. 1904-ൽ കൗൺസിലിന്റെ അധോസഭയായി ശ്രീമൂലം പോപ്പുലർ അസംബ്ലി അഥവാ ശ്രീമൂലം പ്രജാസഭ നിലവിൽ വന്നു.

1904 ഒക്ടോബർ ഒന്നിന് നിലവിൽ വന്ന ശ്രീമൂലം പ്രജാസഭയിൽ ഭൂഉടമകൾക്കും കച്ചവടക്കാർക്കുമായിരുന്നു അംഗത്വം. നൂറുരൂപയിൽ കുറയാത്ത സംഖ്യ വാർഷിക നികുതി അടയ്ക്കുന്ന ഭൂഉടമകളിൽ നിന്നും 6000/- രൂപ വാർഷിക അറ്റാദായമുള്ള വ്യാപാരികളിൽ നിന്നും ജില്ലാ മേധാവിയായ ഡിവിഷൻ പേഷ്കാർ അംഗങ്ങളെ തെരഞ്ഞെടുക്കും; ഓരോ താലൂക്കിൽ നിന്നും രണ്ടുപേരെ വീതം. ശ്രീമൂലം പ്രജാസഭയുടെ ആദ്യ മീറ്റിങ് 1904 ഒക്ടോബർ 22 ന് വി.ജെ.ടി. ഹാളിൽ ചേർന്നു. 1907 ആകുമ്പോഴേക്കും ഉപരിസഭയായ ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് നാല് അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അവകാശം പ്രജാസഭയ്ക്ക് ലഭിച്ചു.

1932-ൽ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ അധികാരത്തിൽ വന്നതിനെത്തുടർന്ന് 1932 ഒക്ടോബർ 28 ന് ട്രാവൻകൂർ ലജിസ്ലേറ്റീവ് കൗൺസിലും ശ്രീമൂലം പ്രജാസഭയും നിർത്തൽ ചെയ്തു. ഇവയ്ക്ക് പകരമായി ട്രാവൻകൂർ ശ്രീചിത്ര സ്റ്റേറ്റ് കൗൺസിൽ എന്ന ഉപരിസഭയും ശ്രീമൂലം അസംബ്ലി എന്ന അധോ സഭയും നിലവിൽ വന്നു. ഇരുസഭകളുടെയും പ്രവർത്തനം 1933 ജനുവരി ഒന്നിന് ആരംഭിച്ചു. 1947 വരെ ഇരുസഭാ സമ്പ്രദായം തുടർന്നു. സി.പി. രാമസ്വാമി അയ്യർക്കെതിരായ അക്രമണത്തെ തുടർന്ന് ഉത്തരവാദഭരണം ആരംഭിക്കുകയും 1947 സെപ്റ്റംബർ നാലിന് കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലി മോഡലിൽ ജനപ്രാതിനിധ്യസഭ നിലവിൽ വരികയും ചെയ്തു. എ.ജെ. ജോൺ അദ്ധ്യക്ഷനായ ഈ സഭയുടെ ആവശ്യപ്രകാരം അസംബ്ലിയോട് ഉത്തരവാദപ്പെട്ട ഒരു പ്രധാനമന്ത്രിയേയും ഒരു മന്ത്രിസഭയേയും മഹാരാജാവ് പ്രഖ്യാപിച്ചു.

നാട്ടുരാജ്യമായ കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിലും ഇക്കാലത്ത് നിയമനിർമ്മാണ സഭകളുടെ പ്രവർത്തനം ആരംഭിച്ചിരുന്നു. 1925-ൽ രൂപീകൃതമായ കൊച്ചിയിൽ ലജിസ്ലേറ്റീവ് കൗൺസിലിൽ ഉത്തരവാദഭരണവും പ്രായപൂർത്തി വോട്ടവകാശവും വന്നതോടെ 1948



മുതൽ കൊച്ചിയിൽ ലജിസ്ലേറ്റീവ് അസംബ്ലിയായി. 1949 ജനുവരി 1-ന് ട്രാവൻകൂർ കൊച്ചി സംയോജനം നടന്നു. 1956 നവംബർ ഒന്നിന് കേരള സംസ്ഥാന രൂപീകരണത്തോടെ ഇന്നത്തെ കേരള നിയമസഭ നിലവിൽ വന്നു. പതിമൂന്നാം കേരള നിയമസഭയാണ് ഇപ്പോൾ നിലവിലുള്ളത്.

ട്രാവൻകൂർ ലജിസ്ലേറ്റീവ് കൗൺസിലിന്റെ കാലത്ത് പാസാക്കിയ നിയമങ്ങളിൽ ചിലത് ഇവയാണ് - ജന്മി കുടിയാൻ നിയമം, നായർ ആക്ട്, ഈഴവ ആക്ട്, ട്രാവൻകൂർ ക്ഷേത്രം ആക്ട് മുതലായവ. പിന്നീട് രൂപംകൊണ്ട ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിന്റെ കാലത്ത് 1936 നവംബർ 12 നാണ് തിരുവിതാംകൂറിന്റെ ആത്മീയ മാഗ്നാ കാർട്ടാ എന്ന് വിശേഷിപ്പിക്കുന്ന ക്ഷേത്ര പ്രവേശന വിളംബരം നടന്നത്. തുടർന്ന്;

ട്രാവൻകൂർ വില്ലേജ് പഞ്ചായത്ത് അജണ്ട നിയമം.

ട്രാവൻകൂർ ശൈശവ വിവാഹ നിയന്ത്രണ നിയമം

ട്രാവൻകൂർ വേശ്യാവൃത്തി നിരോധന നിയമം

ട്രാവൻകൂർ പ്രാഥമിക വിദ്യാഭ്യാസ നിയമം

എന്നീ നിയമങ്ങൾ നിലവിൽ വന്നു.

കൊച്ചിൻ ലജിസ്ലേറ്റീവ് കൗൺസിൽ കൊണ്ടുവന്ന 1938-ലെ കൊച്ചിൻ കുടിയായ്മ നിയമവും കൊച്ചിൻ കർഷകാശ്വാസ നിയമവും നിയമനിർമാണങ്ങളുടെ ചരിത്രത്തിൽ പ്രധാനപ്പെട്ടവ തന്നെ.

ഇന്ത്യയിൽ ഇന്ന് യാഥാർത്ഥ്യമായിക്കഴിഞ്ഞ മുന്നണി ഭരണി സമ്പ്രദായത്തിന്റെ പരീക്ഷണ ശാലയും കൂടിയായിരുന്നു കേരള നിയമസഭ. 1967 നു ശേഷം മുന്നണികൾക്കല്ലാതെ ഒരു കക്ഷിക്കും തനിച്ച് ഭൂരിപക്ഷം കിട്ടിയിട്ടില്ല. ആർക്കും ഭൂരിപക്ഷം കിട്ടാതെ മന്ത്രിസഭാ രൂപീകരണം നടക്കാത്തതിനാൽ 1965-ൽ നിയമസഭ സമ്മേളനം ചേരാതെ പിരിച്ചുവിട്ട ചരിത്രവും ഉണ്ട്. ഭരണഘടനയുടെ 356-ാം വകുപ്പുപ്രകാരം ഒരു സംസ്ഥാന മന്ത്രിസഭ കേന്ദ്രസർക്കാർ പിരിച്ചുവിടുന്നതും കേരളം കണ്ടു. 1957-ൽ അധികാരത്തിൽ വന്ന ആദ്യ ഇ.എം.എസ്. മന്ത്രിസഭ 1959 ജൂലൈ 31-ന് പിരിച്ചുവിടപ്പെട്ടു.

പാർലമെന്റിന്റെ കാര്യത്തിൽ ആദ്യത്തെ രണ്ടു സഭകളാണ് ഏറ്റവും കൂടുതൽ നിയമനിർമാണം നടത്തിയത്. ഒന്നാം ലോക്സഭ 677 ദിവസം സമ്മേളിച്ചുവെങ്കിൽ കഴിഞ്ഞ 14-ാം ലോക്സഭ 322 ദിവസമാണ് സമ്മേളിച്ചത്. കഴിഞ്ഞ 60 വർഷത്തിനിടയിൽ 3461 ബില്ലുകൾ ലോക്സഭ പാസാക്കി 3748 സ്വകാര്യബില്ലുകളിൽ 14 എണ്ണം മാത്രമാണ് അംഗീകരിച്ചത്. ജനപക്ഷത്ത് നിൽക്കുന്ന ഒരുപിടി നിയമങ്ങൾ-സാർവത്രിക വോട്ടവകാശം, ബാങ്ക് ദേശസാൽക്കരണ, കൂറുമാറ്റ നിരോധന നിയമം, പഞ്ചായത്തീരാജ് നിയമം മുതലായവയും ഈ അടുത്തകാലത്ത് പാസാക്കിയ വിവരാവകാശനിയമം, വിദ്യാഭ്യാസ അവകാശനിയമം, തൊഴിലുറപ്പ് നിയമം തുടങ്ങിയവയും നമ്മുടെ പാർലമെന്റ് പാസാക്കി. 1989-നു ശേഷം 1967-ൽ കേരളത്തിൽ പരീക്ഷിച്ച മുന്നണി സമ്പ്രദായം കേന്ദ്രത്തിലും നിലവിൽ വന്നു. വനിതകൾക്ക് 33 ശതമാനം സംവരണത്തിനുള്ള ബില്ല് അവതരിപ്പിച്ചെങ്കിലും പാർലമെന്റിന് അത് പാസാക്കുവാൻ ഇതുവരെയും കഴിഞ്ഞില്ല.

കേരള നിയമസഭയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ സൂചിപ്പിക്കുന്ന പട്ടിക (1) ഇതോടൊപ്പം ചേർക്കുന്നു.

കേരള നിയമസഭ ആകെ പാസാക്കിയ ബില്ലുകൾ 1477 ആണ്. ഇത്രയും ബില്ലുകൾ പാസാക്കിയതിൽ ഒരെണ്ണം മാത്രമാണ് സ്വകാര്യബില്ല്. 1957-ലെ ആദ്യനിയമസഭയിൽ അംഗമായിരുന്ന എം. ഉമേഷ് റാവു അവതരിപ്പിച്ച The Kerala Private Forests (Assumption and Management) Bill 1957 (Act 13 of 1958) എന്ന സ്വകാര്യ ബിൽ മാത്രമാണ് നാളിതുവരെയായി നിയമമായത്. സ്വകാര്യ ബില്ലിനെ അനൗദ്യോഗിക ബിൽ എന്നും പറയും. സർക്കാർ നിയമസഭയിൽ അവതരിപ്പിക്കുന്നത് ഔദ്യോഗികബില്ലും ഏതെങ്കിലും അംഗം അവതരിപ്പിക്കുന്നത് അനൗദ്യോഗിക ബില്ലുമാണ്. 1477 ബില്ലുകൾ പാസാക്കിയതിൽ എല്ലാം തന്നെ മൂലനിയമങ്ങളല്ല. ഭൂരിപക്ഷവും ഭേദഗതികളും ധനവിനിയോഗ ബില്ലുകളും ആണ്. ഉദാഹരണത്തിന് ഇപ്പോഴത്തെ സഭയിൽ അവതരിപ്പിക്കപ്പെട്ട 19 ബില്ലുകളിൽ 15 എണ്ണം ധനബില്ലുകളും 3 എണ്ണം ഭേദഗതി ബില്ലുകളുമാണ്. 2012 ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ മാത്രമാണ് ഇതിൽ മൂലനിയമം ആയിട്ടുള്ളത്.

**പട്ടിക 1**

| സഭയുടെ പേര് | സഭനിലനിന്ന കാലഘട്ടം | സമ്മേളിച്ച ദിവസങ്ങൾ | പാസാക്കിയ ബില്ലുകളുടെ എണ്ണം |
|---|---|---|---|
| 1-ാം സഭ | 01.03.1957 - 31.07.1959 | 175 | 88 |
| 2-ാം സഭ | 22.02.1960 - 10.09.1964 | 296 | 161 |
| 3-ാം സഭ | 03.03.1967 - 26.06.1970 | 211 | 101 |
| 4-ാം സഭ | 04.10.1970 - 21.03.1977 | 322 | 227 |
| 5-ാം സഭ | 22.03.1977 - 01.12.1979 | 143 | 87 |
| 6-ാം സഭ | 25.01.1980 - 17.03.1982 | 112 | 47 |
| 7-ാം സഭ | 24.05.1982 - 24.03.1987 | 249 | 118 |
| 8-ാം സഭ | 25.03.1987 - 28.06.1991 | 282 | 130 |
| 9-ാം സഭ | 29.06.1991 - 19.03.1996 | 269 | 84 |
| 10-ാം സഭ | 14.05.1996 - 16.05.2001 | 268 | 104 |
| 11-ാം സഭ | 16.05.2001 - 12.05.2006 | 257 | 165 |
| 12-ാം സഭ | 13.05.2006 - 12.05.2011 | 253 | 139 |
| 13-ാം സഭ | 13.05.2011 | 62 | 19 |

**പട്ടിക 2**

**കേരളത്തിലെ സ്പീക്കർമാർ**

| പേര് | കാലഘട്ടം |
|---|---|
| 1. ആർ ശങ്കരനാരായണൻ തമ്പി | 27.04.1957 - 31.07.1959 |
| 2. കെ.എം. സീതിസാഹിബ് | 12.03.1960 - 17.04.1961 |
| 3. സി.എച്ച്. മുഹമ്മദ്കോയ | 09.06.1961 - 10.11.1961 |
| 4. അലക്സാണ്ടർ പറമ്പിത്തറ | 13.12.1961 - 10.09.1964 |
| 5. ബി. ദാമോദരൻ പോറ്റി | 15.03.1967 - 20.10.1970 |
| 6. കെ. മൊയ്തീൻ കുട്ടിഹാജി | 22.10.1970 - 08.05.1975 |
| 7. ടി.എസ്. ജോൺ | 17.02.1976 - 25.03.1977 |
| 8. ചാക്കീരി അഹമ്മദ്കുട്ടി | 28.03.1977 - 14.02.1980 |
| 9. എ.പി. കുര്യൻ | 15.02.1980 - 01.02.1982 |
| 10. എ.സി. ജോസ് | 03.02.1982 - 23.06.1982 |
| 11. വക്കം പുരുഷോത്തമൻ | 24.06.1982 - 28.12.1984 |
| 12. പി.പി. തങ്കച്ചൻ | 01.07.1991 - 03.05.1995 |
| 13. തേറമ്പിൽ രാമകൃഷ്ണൻ | 27.06.1995 - 28.05.1996 |
| 14. എം. വിജയകുമാർ | 30.05.1996 - 04.06.2001 |
| 15. വക്കം പുരുഷോത്തമൻ | 06.06.2001 - 04.09.2004 |
| 16. തേറമ്പിൽ രാമകൃഷ്ണൻ | 16.09.2004 - 24.05.2006 |
| 17. കെ. രാധാകൃഷ്ണൻ | 25.05.2006 - 31.05.2011 |
| 18. ജി. കാർത്തികേയൻ | 2.06.2011 - |

ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ ഒന്നാം തൂണെന്ന് ജനങ്ങൾ കരുതുന്ന നിയമനിർമാണ സഭകൾക്ക് ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ കഴിയുന്നുവോ എന്നത് ചർച്ച ചെയ്യപ്പെടേണ്ട സംഗതിയാണ്. മന്ത്രിമാർക്കും തദ്ദേശസ്വയംഭരണ മേധാവികൾക്കും മാത്രമേ തെരഞ്ഞെടുക്കപ്പെട്ടവരിൽ എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉള്ളൂ. എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ യഥാർത്ഥ സത്ത താഴെത്തട്ടിൽ എത്താത്തതുകൊണ്ടാകണം ജനം ഇപ്പോഴും എം.എൽ.എ. മാരെയാണ് അധികാരത്തിന്റെ പ്രതീകമായി കാണുന്നത്. സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതമായി ലഭിക്കേണ്ട ഫണ്ട് എം.പി.ഫണ്ടായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനവിഹിതമായി നൽകേണ്ട ഫണ്ട് എം.എൽ.എ. ഫണ്ടായും നൽകുന്നത് അധികാര വികേന്ദ്രീകരണ ശ്രമങ്ങൾക്ക് ഒരു പരിധിവരെ തിരിച്ചടിയാണ്. കൂടാതെ ഇക്കഴിഞ്ഞ ബജറ്റു മുതൽ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടായി അഞ്ചു കോടിയും സർക്കാർ സർവീസിൽ നിന്ന് ഡപ്യൂട്ടേഷനിൽ നൽകുന്ന പേഴ്സണൽ അസിസ്റ്റന്റിനു പുറമേ 7500 രൂപ വീതം മൊത്തശമ്പളത്തിൽ രണ്ട് അഡീഷണൽ പി.എ.മാരെയും നൽകിയിരിക്കുന്നു. നിയമനിർമാണത്തിൽ മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമാജികരെ ഫണ്ട് ചെലവഴിക്കുന്നതിന്റെയും വികസന പ്രവർത്തനങ്ങളുടെയും കൈകാര്യകർത്താക്കളാക്കുന്നത് ഒരു പരിഷ്കൃത രാഷ്ട്രീയ സമൂഹത്തിന് ചേരുന്നതാണോ എന്ന് രാഷ്ട്രീയ ചിന്തകൾ ഉണർന്നു ചിന്തിക്കുമായിരിക്കാം. ഇ.എം.എസ്., എ.കെ.ജി., ബനാത്ത്വാല, ടി.എം. ജേക്കബ്, വി.കെ. കൃഷ്ണമേനോൻ, സി.എം. സ്റ്റീഫൻ തുടങ്ങിയ നേതാക്കളുടെ പാർലമെന്ററി പ്രവർത്തനങ്ങൾ പുറകേ വന്നവർക്കുള്ള പാഠപുസ്തകങ്ങളാണ്. അവരവരുടെ രാഷ്ട്രീയ ദർശനങ്ങളെ പരിപോഷിപ്പിക്കുവാൻ പാർലമെന്ററി പ്രവർത്തനങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്ന് അവർ കാണിച്ചുകൊടുത്തു.

ജനാധിപത്യത്തിന്റെ ഒന്നാം തൂണെന്ന് കരുതപ്പെടുന്ന ലജിസ്ലേച്ചറിനെ ശക്തമാക്കുന്നതിൽ നാലാംതൂണായ മാധ്യമങ്ങൾക്കും വലിയ പങ്കുവഹിക്കാനുണ്ട്. നിയമസഭയിലെ അർത്ഥപൂർണ്ണമായ ചർച്ചകളിൽ ഒരുവരിപോലും റിപ്പോർട്ടു ചെയ്യാതെ ആരെങ്കിലും കാണിക്കുന്ന കോപ്രായങ്ങൾ ബ്രേക്കിങ് ന്യൂസായും പ്രധാനവാർത്തകളായും കൊടുക്കുന്ന മാധ്യമങ്ങൾ സമൂഹത്തോടും വരും തലമുറയോടും ചെയ്യുന്ന പാതകം ചർച്ച ചെയ്യപ്പെടേണ്ടതാണ്. നിയമസഭയ്ക്ക് വളരെ അവധാനതയോടെ ചെയ്ത് നൽകേണ്ട പ്രസ്താവനകളും ചോദ്യോത്തരങ്ങളും തെറ്റായി നൽകുന്ന എക്സിക്യൂട്ടീവും നിയമസഭയുടെ നിയമനിർമാണാധികാരത്തിൽ കൈകടത്തുന്നുവെന്ന് തോന്നിപ്പിക്കുന്ന ജുഡീഷ്യറിയും അവരവരുടെ മേഖലകളിൽ തിരുത്തപ്പെടുന്നതിനും ആധുനിക ജനാധിപത്യ സമൂഹത്തിലേയ്ക്കുള്ള നമ്മുടെ സാമൂഹികപരിണതിക്കും 2012 ആഗസ്റ്റ് 23-ന് ആരംഭിച്ച് ഒരുവർഷം നീണ്ടുനിൽക്കുന്ന നിയമസഭയുടെ 125-ാം വാർഷികാഘോഷങ്ങൾ വഴിതെളിക്കുമെന്ന് പ്രതീക്ഷിക്കാം. ■

**പട്ടിക - 3**
**ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായിരുന്ന പ്രഗല്ഭർ**

1. അയ്യങ്കാളി
2. സി. കേശവൻ
3. ഇ.വി. കൃഷ്ണപിള്ള
4. കെ.സി. മാമ്മൻമാപ്പിള
5. കുമാരനാശാൻ
6. പട്ടം താണുപിള്ള
7. ടി.കെ. മാധവൻ
8. ടി.എം. വർഗീസ്
9. മൂലൂർ എസ്. പത്മനാഭ പണിക്കർ

**പട്ടിക - 4**
**1925 ലെ ട്രാവൻകൂർ വില്ലേജ് പഞ്ചായത്ത് ആക്ട് പ്രകാരം നിലവിൽ വന്ന പഞ്ചായത്തുകൾ**

അയിരൂർ
ഭൂതപാണ്ടി
നെടുമങ്ങാട്
പറവൂർ
ചെലക്കട
ഏറ്റുമാനൂർ
പെരുമ്പാവൂർ



**പട്ടിക 5**
**1952 ഒന്നാം ലോക്സഭയിൽ കേരളം**

| | അംഗത്തിന്റെ പേര് | മണ്ഡലം | സംസ്ഥാനം |
|---|---|---|---|
| 1. | എ.കെ. ഗോപാലൻ | കണ്ണൂർ | മദ്രാസ് |
| 2. | കെ.എ. ദാമോദര മേനോൻ | കോഴിക്കോട് | മദ്രാസ് |
| 3. | നെട്ടൂർ പി. ദാമോദരമേനോൻ | തലശ്ശേരി | മദ്രാസ് |
| 4. | ബി. പോക്കർ സാഹിബ് | മലപ്പുറം | മദ്രാസ് |
| 5. | കെ. കേളപ്പൻ, വി. ഇയ്യുണ്ണി | പൊന്നാനി ദ്വയാംഗം | മദ്രാസ് |
| 6. | എ. നേശമണി | നാഗർകോവിൽ | തിരു. കൊച്ചി |
| 7. | ആനി മസ്ക്രീൻ | തിരുവനന്തപുരം | തിരു. കൊച്ചി |
| 8. | വി. പരമേശ്വരൻ നായർ | ചിറയിൻകീഴ് | തിരു. കൊച്ചി |
| 9. | ശ്രീകണ്ഠൻ നായർ, ആർ. വേലായുധൻ (ദ്വയാംഗം) | കൊല്ലം, മാവേലിക്കര തിരു. കൊച്ചി | |
| 10. | പി.ടി. പുന്നൂസ് | ആലപ്പുഴ | തിരു. കൊച്ചി |
| 11. | സി.പി. മാത്തൻ | തിരുവല്ല | തിരു. കൊച്ചി |
| 12. | പി. ടി. ചാക്കോ | മീനച്ചിൽ | തിരു. കൊച്ചി |
| 13. | സി.പി. മാത്യു | കോട്ടയം | തിരു. കൊച്ചി |
| 14. | എ.എം. തോമസ് | എറണാകുളം | തിരു. കൊച്ചി |
| 15. | കെ.ടി. അച്യുതൻ | ചെങ്ങന്നൂർ | തിരു. കൊച്ചി |

■ കാർത്തിക് വി.ആർ



'കുട്ടികൾക്ക് ചിലത് കേൾക്കാനുണ്ട്,
കാണാനുണ്ട്,
പറയാനുണ്ട്"

# Ip¶n-I-fpsS\Ne-"n-{X-taf

# അഞ്ചു വർഷം 800 ചിത്രങ്ങൾ



കേരളത്തിലെ ശ്രദ്ധേയമായ ചലച്ചിത്രമേളകളിലൊന്നായ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിന് അഞ്ച് വയസ് തികയുകയാണ്. സാംസ്കാരിക തലസ്ഥാനമായ തൃശൂരാണ് ഇത്തവണ മേളയ്ക്ക് ആതിഥ്യമരുളുന്നത്. തൃശൂർ ടൗൺ ഹാളിൽ ചാച്ചാനെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 ന് കുട്ടികളുടെ പ്രധാനമന്ത്രി ഭദ്രദീപം തെളിയിക്കുന്നതോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.ടി.) സംഘടിപ്പിക്കുന്ന അഞ്ചാമത് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിന് അരങ്ങുണരും. കുട്ടികൾ ക്യാമറയിലൊളിപ്പിച്ച വിസ്മയക്കാഴ്ചകളുമായി പൂരനഗരത്തിൽ മൂന്ന് ദിനരാത്രങ്ങൾ. ഒരു ദിവസം പതിനഞ്ച് മണിക്കൂർ നീളുന്ന പ്രദർശനം. 158 മത്സര ചിത്രങ്ങൾ മൂന്ന് പ്രദർശന ഹാളുകൾ. മേളയുടെ സന്ദേശം ഓർമിപ്പിക്കുന്നതു പോലെ "കുട്ടികൾക്ക് ചിലത് കേൾക്കാനുണ്ട്, കാണാനുണ്ട്, പറയാനുണ്ട്".

ഏഷ്യയിലെ തന്നെ വിദ്യാർഥികളുടെ ഏറ്റവും വലിയ ചലച്ചിത്രകൂട്ടായ്മയാണ് എസ്.ഐ.ഇ.ടിയുടെ സ്റ്റേറ്റ് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ. കുട്ടികളുടെ പ്രേക്ഷകസദസ്സിനെ ഉദ്ദേശിച്ചു നിർമിച്ച ഹ്രസ്വ ചിത്രങ്ങളും, ഡോക്യുമെന്ററിയും, വിദ്യാഭ്യാസചിത്രങ്ങളുമെല്ലാം ചേർന്ന മത്സരവും പ്രദർശനവുമാണ് ഫെസ്റ്റിവലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥി പങ്കാളിത്തവും മത്സരചിത്രങ്ങളുടെ എണ്ണവും കാരണം മേള ദേശീയതലത്തിൽത്തന്നെ ശ്രദ്ധ നേടുകയുണ്ടായി.

സമീപകാലത്താണ് സിനിമാ പഠനം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി മാറുന്നത് . അടിസ്ഥാനപരമായ കാര്യങ്ങളും സാങ്കേതിക പരിജ്ഞാനവും കുട്ടികൾക്ക് പകർന്നു നൽകുന്നതിനു വേണ്ടിയാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ചലച്ചിത്ര നിർമാണം, തിരക്കഥാരചന, ചലച്ചിത്ര നിരൂപണം തുടങ്ങിയവയെല്ലാം സ്കൂൾ സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

കേരളത്തിൽ കുട്ടികളുടെ ചലച്ചിത്രമേള എന്ന ആശയം അവതരിപ്പിക്കുകയും മേളയുടെ ഡയറക്ടറായി നാലുവർഷം പ്രവർത്തിക്കുകയും ചെയ്ത ഡോ. ബാബു സെബാസ്റ്റ്യൻ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നതിങ്ങനെയാണ്: "ഡിജിറ്റൽ സാങ്കേതിക വിദ്യ വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിക്കുന്ന ഇക്കാലത്ത് ഇ-ലേണിങ്ങിന് സവിശേഷ പ്രാധാന്യം നൽകാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ ദൃശ്യ- ശ്രാവ്യമാധ്യമങ്ങളേയും നവമാധ്യമങ്ങളേയും ബോധനത്തിന് ഉപയോഗപ്പെടുത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അതുകൊണ്ട് തന്നെ പഠനരംഗത്ത് ദൃശ്യോപാധികളുടെ സ്വാധീനം വർധിപ്പിക്കുന്നതിനും സിനിമ എന്ന കലാരൂപത്തെ അക്കാദമികമായി പരിചയപ്പെടുത്തുന്നതിനും വേണ്ടിയാണ് ചലച്ചിത്ര പഠനം സ്കൂൾ സിലബസിൽ ഇടം പിടിച്ചത്. കുട്ടികൾ നിർമിക്കുന്ന ചലച്ചിത്രങ്ങളും എഡ്യൂക്കേഷണൽ വീഡിയോകളും പ്രേക്ഷകരിലേക്കെത്തിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവമാണ് കുട്ടികളുടെ ചലച്ചിത്രമേളയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചത് . ചലച്ചിത്ര നിർമാണവും അതിന്റെ മറ്റു സാങ്കേതിക വശങ്ങളും പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനത്തിനും പരീക്ഷണങ്ങൾക്കും വേദിയൊരുക്കുക എന്നതാണ് എസ്.ഐ.ഇ.ടി.









ലക്ഷ്യമിടുന്നത്. എല്ലാവരും ചലച്ചിത്ര സാക്ഷരത നേടണമെന്നതാണ് മേളയുടെ സന്ദേശം. ആരോഗ്യപരമായ മത്സരാന്തരീക്ഷം ചിത്രങ്ങളുടെ ഗുണമേന്മയും വർധിപ്പിച്ചിട്ടുണ്ട്" .

തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി നടന്ന കഴിഞ്ഞ നാലു മേളകളും ഏറെ ശ്രദ്ധനേടിയിരുന്നു. ജനപങ്കാളിത്തവും ചലച്ചിത്രങ്ങളുടെ ഗുണമേന്മയും എടുത്തു പറയേണ്ട വസ്തുതയാണ്. നാലു വർഷത്തിനിടെ 618 ചിത്രങ്ങളാണ് നിർമിക്കപ്പെട്ടത്. ഇത്തവണ കുട്ടികൾ നിർമിച്ചത്,കുട്ടികൾക്കുവേണ്ടി നിർമിച്ചത് എന്നീ വിഭാഗങ്ങളിൽ 158 ചിത്രങ്ങൾ പ്രദർശനത്തിനുണ്ട്. ആഗോളതലത്തിൽ താരതമ്യം ചെയ്താൽ തന്നെ മികച്ച നേട്ടമാണിത്.

മുൻ വർഷങ്ങളിൽ എസ്.ഐ.ഇ.ടി. ഫെസ്റ്റിവലിൽ നിന്ന് തിരഞ്ഞെടുക്കുന്ന മികച്ച ചിത്രങ്ങൾക്ക് ദേശീയതലത്തിലും പുരസ്കാരം ലഭിച്ചത് മികവിനുള്ള അംഗീകാരമാണ്. 2011 ൽ കോഴിക്കോട് നടന്ന ഫിലിം ഫെസ്റ്റിവലിൽ ഏറ്റവും മികച്ച ചിത്രത്തിനുള്ള അവാർഡ് നേടിയ കാസർകോട് പീലിക്കോട് സ്കൂളിലെ വിദ്യാർഥികൾ നിർമിച്ച 'ദൈവസൂത്രം' ഓൾ ഇന്ത്യാ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിലും മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

സ്കൂൾ വിദ്യാർഥികളും പൊതുജനങ്ങളും ചലച്ചിത്ര പ്രവർത്തകരുമടക്കം രജിസ്റ്റർ ചെയ്ത 3000 പ്രതിനിധികൾ തൃശൂരിൽ നടക്കുന്ന ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ പങ്കെടുക്കും. മത്സരചിത്രങ്ങളെ കുട്ടികൾ നിർമിച്ചത്, കുട്ടികൾക്കു വേണ്ടി നിർമിച്ചത് എന്നീ രണ്ട് വിഭാഗമാക്കി അവയെ പ്രൈമറി , സെക്കൻഡറി, സീനിയർ സെക്കൻഡറി , ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) എന്നിങ്ങനെ നാലു കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത്.

മേളയുടെ പ്രാധാന്യം കണക്കിലെടുത്ത് കഴിഞ്ഞവർഷം മുതൽ അവാർഡ് തുക വർധിപ്പിച്ചിട്ടുമുണ്ട്. വിദ്യാർഥികൾ നിർമിച്ച ഏറ്റവും മികച്ച ചിത്രത്തിന് ഒരു ലക്ഷം രൂപയും ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയും, വിദ്യാർഥികൾക്ക് വേണ്ടി നിർമിച്ച മികച്ച ചിത്രത്തിന് അൻപതിനായിരം രൂപയും എഡ്യൂക്കേഷണൽ മിനിസ്റ്റേഴ്സ് ട്രോഫിയുമാണ് അവാർഡായി നൽകുന്നത്. മികച്ച സംവിധായകന് പി.രാംദാസ് പുരസ്കാരവും കൂടാതെ മികച്ച നടൻ, നടി എന്നിവർക്ക് പ്രത്യേക പുരസ്കാരവും നൽകും. തിരക്കഥ, ഛായാഗ്രഹണം,എഡിറ്റിങ്, പശ്ചാത്തല സംഗീതം, സൗണ്ട് റെക്കോഡിങ്, സെറ്റ് ഡിസൈനിങ്, ഗ്രാഫിക്സ്, ആനിമേഷൻ, ഡബ്ബിങ്, നറേഷൻ എന്നീ സാങ്കേതിക മികവിനും എസ്.ഐ.ഇ.ടി. പുരസ്കാരം നൽകുന്നുണ്ട്. സമാപന ദിവസമായ നവംബർ 17 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പി.കെ. അബ്ദുറബ്ബ് ചലച്ചിത്ര അവാർഡുകൾ വിതരണം ചെയ്യും.

തൃശൂർ ടൗൺ ഹാളാണ് ഫെസ്റ്റിവലിന്റെ പ്രധാനവേദി. സാഹിത്യ അക്കാദമി ഹാൾ, ചങ്ങമ്പുഴ ഹാൾ എന്നിവയാണ് മറ്റ് വേദികൾ. ചലച്ചിത്ര നിർമാണത്തിന്റെ സാങ്കേതിക വശങ്ങൾ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നതിന് ഛായാഗ്രഹണം, തിരക്കഥ, സംവിധാനം, അഭിനയം എന്നീ വിവധ മേഖലകളെക്കുറിച്ച് ശിൽപ്പശാലയും, സെമിനാറും ചലച്ചിത്ര മേളയുടെ ഭാഗമായി നടക്കും. ചലച്ചിത്രമേഖലയിലെ പ്രമുഖരും വിദഗ്ധരുമടങ്ങിയ സംഘം ഫെസ്റ്റിവലിനെത്തുന്ന വിദ്യാർഥികളുമായി സംവാദം നടത്തും. കൂടാതെ മുൻവർഷം അവാർഡ് നേടിയ ചിൽഡ്രൻസ് സിനിമകളുടെ പ്രദർശനവും അതിന്റെ അണിയറപ്രവർത്തകരുമായുള്ള സംവാദവും സംഘടിപ്പിക്കുന്നുണ്ട്.

ചുരുങ്ങിയ കാലം കൊണ്ട് തന്നെ സിനിമാ ഭാഷയുമായി ഐക്യപ്പെടാനും സ്വന്തം ഇടം കണ്ടെത്താനും നമ്മുടെ വിദ്യാർഥികൾക്ക് സാധിച്ചിട്ടുണ്ടെന്ന് അഞ്ചാമത് ചിൽഡ്രൻസ് ഫെസ്റ്റിവലിലെ ചിത്രങ്ങൾ പരിശോധിച്ചാൽ മനസിലാകും. അതിമാനുഷ കഥാപാത്രങ്ങളേയോ അതിഭാവുകത്വം നിറഞ്ഞ കഥകളോ അല്ല അവർക്ക് വേണ്ടിയിരുന്നത്. സമീപപരിസരങ്ങളിലെ യാഥാർഥ്യങ്ങൾക്കു നേരെയാണ് കുട്ടികൾ ക്യാമറ സൂം ചെയ്യുന്നത്. പരമ്പരാഗത ശൈലിയിൽ നിന്നും വ്യത്യസ്തമായ പ്രമേയവും, ആഖ്യാന രീതിയും, ചലച്ചിത്ര ഭാഷയും മേളയിൽ മത്സരത്തിനെത്തിയ ചലച്ചിത്രങ്ങളുടെ പ്രത്യേകതയാണ്. പ്രകൃതിയും, പരിസ്ഥിതിയും, ദേശചരിത്രവും, പ്രാദേശിക സംഭവങ്ങൾ തുടങ്ങി ഡോക്യുമെന്ററി സ്വഭാവമുള്ള ചിത്രങ്ങളും മഴവിൽ കാഴ്ചയും മാറുന്ന കാലവുമെല്ലാം ഇക്കൂട്ടത്തിലുണ്ട്. പാഠഭാഗവും, കവിതയും ദൃശ്യവത്കരിച്ച് ഒരു പരീക്ഷണം നടത്താനും നല്ലചിത്രങ്ങൾ നിർമിക്കാനും കുട്ടികൾ ശ്രമം നടത്തിയിട്ടുണ്ട്.

ഫെസ്റ്റിവലിനായി മികവുറ്റ സാങ്കേതിക സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഇത്രയധികം വിദ്യാർഥി പങ്കാളിത്തവും സജീവതയുമുള്ള കേരളത്തിലെ ഈ ഫെസ്റ്റിവൽ മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാണ്. കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം കേരള എസ്.ഐ.ഇ.ടി. ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിനെക്കുറിച്ച് പഠിക്കാനും അത്തരം സംരംഭം ആരംഭിക്കാനും മറ്റു സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ചലച്ചിത്ര സാക്ഷരതയും നൂതനമായ ഒരു ആസ്വാദന സംസ്കാരം വളർത്തിയെടുക്കുന്നതിനും കേരളത്തിലെ കുട്ടികളുടെ ചലച്ചിത്രമേള ശ്ലാഘനീയമായ പങ്കാണ് വഹിക്കുന്നത്.

അഞ്ച് വർഷം കൊണ്ട് 800 സിനിമകളാണ് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളിൽ നിർമിക്കപ്പെട്ടത്. വലിയൊരു നേട്ടമാണിത്. തുടർച്ചയില്ലാതെ മരവിച്ചുപോയ ചിൽഡ്രൻസ് സിനിമാ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്ത് സജീവമായ തിരിച്ചുവരവാണ് നടത്തിയത്. ക്ലാസ് മുറികൾക്ക് പുറത്ത് ക്യാമറകൊണ്ട് കാഴ്ചയുടെ പുതിയ പാഠങ്ങൾ തീർക്കുകയാണ് നമ്മുടെ കുട്ടികൾ. പൂരങ്ങളുടെ നാടായ തൃശൂരിൽ അഞ്ചാമത് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിന് തിരശ്ശീലയുയരുമ്പോൾ അതൊരു റെക്കോഡ് നേട്ടമാകും.

# വൃക്കരോഗികൾക്ക് കോഴിക്കോടിന്റെ സ്നേഹസ്പർശം

സ്കൂൾ കുട്ടികളിൽ നിന്ന് ഒരു മിഠായിയുടെ പൈസ വാങ്ങിക്കൊണ്ടാരംഭിച്ച സ്നേഹസ്പർശം പദ്ധതി കോഴിക്കോട് ജില്ലയിലെ വൃക്കരോഗികളുടെ ജീവിതത്തിൽ കാരുണ്യത്തിന്റെ കൈത്താങ്ങായി മാറുകയാണ്. ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ വൃക്ക രോഗികൾ അനുദിനം പെരുകുകയാണ്. വിട്ടുമാറാത്ത ആരോഗ്യ പ്രശ്നങ്ങളും താങ്ങാനാവാത്ത ചികിത്സാ ചെലവും മൂലം നിസഹായരായ രോഗികൾക്ക് ചികിൽസാ സഹായം ലഭ്യമാക്കുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റി ആരംഭിച്ച സുരക്ഷാ പദ്ധതിയാണ് സ്നേഹസ്പർശം. ജില്ലയിലെ വൃക്ക രോഗികളെ കണ്ടെത്തുകയും ചികിത്സാ സഹായം നൽകുകയും പുനരധിവസിപ്പിക്കുകയും അവയവദാനം പ്രോത്സാഹിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.




**സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റി-ജീവൽദാനം-അവയദാന പദ്ധതിയുടെ ഉദ്ഘാടനം കോഴിക്കോട് ടാഗോർ ഹാളിൽ നടൻ മമ്മൂട്ടി നിർവഹിക്കുന്നു**

സ്നേഹസ്പർശം നാലു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ രോഗികൾക്ക് ഡയാലിസിസിന് ചികിത്സാ സഹായം നൽകുന്നു. രണ്ടാം ഘട്ടത്തിൽ സ്കൂളുകളും ക്യാമ്പസുകളും റസിഡൻസ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് രോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കിഡ്നി മാറ്റിവെച്ച രോഗികൾക്കായി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ് മൂന്നാം ഘട്ട പ്രവർത്തനം. നാലാം ഘട്ടത്തിലാകട്ടെ രോഗബാധിതർക്കായി ഒരു ചികിത്സാകേന്ദ്രം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയിപ്പോൾ രണ്ടാം ഘട്ടത്തിലാണ്.

# സേവനത്തിന്റെ കൂട്ട് ഒരുക്കി കൗമാരക്കാർ

സേവനത്തിന് മാതൃകയാകുകയാണ് മലപ്പുറം ജില്ലയിലെ വിദ്യാർഥികൾ. സേവന സന്നദ്ധത കൈവിട്ടുപോകുമ്പോൾ മറ്റു ലോകങ്ങളിലേക്കു കടന്നു ചെല്ലാനുള്ള പ്രവണത കൗമാരക്കാർക്കിടയിലും ഉണ്ടാകാനിടയുണ്ട്. ഈ സാധ്യത മുന്നിൽക്കണ്ടുകൊണ്ട് ജില്ലാ പഞ്ചായത്ത് വിദ്യാലയങ്ങളിലും കോളേജുകളിലും ഒരുക്കിയിരിക്കുന്ന പദ്ധതിയാണ് തണൽക്കൂട്ട്.




**തണൽക്കൂട്ട് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് നിർവഹിക്കുന്നു**

അന്യംനിന്നുകൊണ്ടിരിക്കുന്ന സേവന സ്വഭാവത്തെ കൂടുതൽ നല്ലരീതിയിലേക്കെത്തിക്കുന്ന പ്രവണതയാണിത്. രോഗികളെ ശുശ്രൂഷിക്കുക, ആതുരാലയങ്ങൾ സന്ദർശിച്ച് അവർക്കാവശ്യമായ പരിചരണങ്ങൾ നൽകുക, കിഡ്നി രോഗികളെ സംരക്ഷിക്കുക എന്നിവയാണ് ലക്ഷ്യം. കൗമാരക്കാർക്കിടയിലെ അലസത ഒഴിവാക്കി ഐക്യത്തിന്റെ പാത ഒരുക്കുകയെന്ന ലക്ഷ്യംകൂടി ഈ കൗമാരക്കൂട്ടിലുണ്ട്.

ഒക്ടോബർ ഒന്നിന് തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ ജില്ലാതല ഉദ്ഘാടനം നടന്നു. ഉദ്ഘാടനം ചെയ്തുകൊണ്ട് വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് ഇങ്ങനെ പറഞ്ഞു: വിദ്യാർഥികളുടെ കഴിവുകൾ നശീകരണപ്രവർത്തനങ്ങളിലേക്കും കേവല വിനോദങ്ങളിലേക്കും പരിമിതപ്പെടുന്നത് നമ്മുടെ കാലത്തിന്റെ

പ്രധാനമായും ജില്ലയിലെ 19 സ്ഥലങ്ങളിലാണ് ഡയാലിസിസ് നടത്തുന്നത്. ആശുപത്രികളിലും ഡയാലിസിസ് സെന്ററുകളിലും ബേബി, മിംസ്, നാഷണൽ, ഇഖ്റ, ഫാത്തിമ, നിർമല, പി.വി.എസ്. തുടങ്ങി പ്രധാനപ്പെട്ട ആശുപത്രികളിലും മെഡിക്കൽ കോളേജിലെ സി.എച്ച്. സെന്റർ, സി.ഐ.സി.എസ്. കൊളത്തറ, തണൽ സെന്ററും ഇതിൽ പെടും. സ്നേഹസ്പർശം ഓഫീസിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കാണ് ഡയാലിസിസിന് ധനസഹായം നൽകുന്നത്. പദ്ധതിയിൽ മാസം 2000 രൂപ വീതം ഇപ്പോൾ 520 രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്.

ജില്ലാ പഞ്ചായത്തിലെ സ്നേഹസ്പർശം ഓഫീസിൽ രജിസ്റ്റർ ചെയ്ത കിഡ്നിരോഗികളുടെ പേരും മേൽവിലാസവും പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് നൽകുന്നു. രോഗി ധനസഹായത്തിന് അർഹരാണോ എന്നന്വേഷിക്കും. ആണെങ്കിൽ രോഗിയെ ഡയാലിസിസ് ചെയ്യുന്ന ആശുപത്രിയേയും ഡയാലിസിസ് സെന്ററിനേയും ബന്ധപ്പെട്ട് ചികിത്സാ ചെലവിലേക്ക് ഒരു നിശ്ചിത തുക സഹായം നൽകുന്നു.

ബി.പി.എൽ., എ.പി.എൽ. വ്യത്യാസമില്ലാതെയാണ് സഹായം ലഭ്യമാക്കുന്നത്. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റുമായി രോഗികളെ ബന്ധപ്പെടുത്തുന്നതു വഴി മറ്റുപല സഹായങ്ങളും രോഗികൾക്ക് ലഭ്യമാകുന്നുണ്ട്. കുടുംബത്തിന് ആവശ്യമായ ഭക്ഷണവും കുട്ടികൾക്ക് വിദ്യാഭ്യാസത്തിനു വേണ്ട സഹായവും ഇവർ നൽകും. കൂടാതെ സ്നേഹസ്പർശത്തിലൂടെ പെരിറ്റോണിയൻ ഡയാലിസിസിനും സഹായം നൽകുന്നുണ്ട്. ഇത് വീട്ടിൽ ചെയ്യാവുന്നതാണ്.

സ്കൂൾ കുട്ടികളിൽ നിന്ന് ഒരു മിഠായിയുടെ പൈസ വാങ്ങിക്കൊണ്ടാണ് പദ്ധതിക്ക് വേണ്ട ആദ്യഫണ്ട് സ്വരൂപിച്ചത്. വിദ്യാഭ്യാസ വകുപ്പിന്റെ നിസീമമായ സഹകരണം ഈ ഫണ്ടു സ്വരൂപിക്കുന്നതിന് ഏറെ സഹായകമായി. 33 ലക്ഷം രൂപ സ്കൂൾ തലത്തിൽ നിന്നും പിരിച്ചെടുത്തു. കോളേജുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ഫണ്ട് ശേഖരിച്ചു. കൂടാതെ ജില്ലയിലെ വ്യവസായികളുടെ കൂട്ടായ്മ സംഘടിപ്പിച്ചും 40 ലക്ഷത്തോളം രൂപ സമാഹരിച്ചു. വിവിധ മതസ്ഥാപനങ്ങളും മതസംഘടനകളും സ്നേഹസ്പർശത്തിന് സഹായം നൽകി. പള്ളികളും അമ്പലങ്ങളും കേന്ദ്രീകരിച്ച് ധനസമാഹരണം നടത്തി. സാമൂതിരി രാജാവും കോഴിക്കോട് മുഖ്യ ഖാസിയും രൂപതാ ബിഷപ്പും ഈ കാരുണ്യ പ്രവർത്തനത്തോട് അകമഴിഞ്ഞ് സഹകരിച്ചു. റസിഡൻസ് അസോസിയേഷനുകൾ വഴിയും ഫണ്ട് രൂപീകരിക്കുന്നുണ്ട്. ജില്ലയിലെ സർക്കാർ ജീവനക്കാർ ഒരു ദിവസത്തെ വേതനം ഫണ്ടിലേക്ക് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

പദ്ധതിയുടെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീലയും ചീഫ് കോ-ഓർഡിനേറ്റർ ജില്ലാ കളക്ടർ കെ.വി. മോഹൻകുമാറുമാണ്. ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, മേയർ എന്നിവർ രക്ഷാധികാരികളും എം.എൽ.എ.മാർ ഉപദേശക സമിതി അംഗങ്ങളുമാണ്.

രോഗങ്ങളുടെ പിടിയിലമർന്ന് നിസ്സഹായതയുടെ കാണാക്കയങ്ങളിലേക്ക് തള്ളപ്പെട്ട പാവങ്ങൾക്ക് അത്താണിയാവുകയാണ് ഈ പദ്ധതി. ഒരു കുടുംബത്തിന് ഒറ്റക്കു താങ്ങാൻ കഴിയാത്ത സാമ്പത്തിക ബാധ്യത സമൂഹം ഏറ്റെടുക്കുകയാണിവിടെ. ഒരു നാണയത്തുട്ടിൽ തുടങ്ങിയ സ്നേഹസ്പർശം കാരുണ്യത്തിന്റെ മഹാവൃക്ഷമായി മാറട്ടെ.

***വി.വി ഫസീല,***
*ജേർണലിസം വിദ്യാർഥിനി,*
*ഐ.സി.ജെ, കാലിക്കറ്റ് പ്രസ്ക്ലബ്*

## നവംബർ 14 ശിശുദിനം



പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 123-ാം ജന്മദിനം

പ്രത്യേകതയായി മാറിയിരിക്കുന്നു. ഇവരുടെ കഴിവുകൾ ക്രിയാത്മക രംഗങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ വിപ്ലവം സൃഷ്ടിക്കാനാവും. ഇവരെ സ്വന്തം ഭാവിയെക്കുറിച്ചും തന്നെക്കുറിച്ചും പ്രതിബദ്ധരാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. കുഞ്ഞ് അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, കോളേജ് യൂണിയൻ ഭാരവാഹികൾ, സാംസ്കാരിക നായകന്മാർ പങ്കെടുത്തു. സംസ്ഥാനത്തിനും ഇന്ത്യയ്ക്കും പുതിയ മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ഈ പുതുമാതൃക ജില്ലയിലെ സർക്കാർ കോളേജുകൾക്കുപുറമെ പാരലൽ കോളേജുകളിലേക്കും ഹയർ സെക്കൻഡറികളിലേക്കും വ്യാപിച്ചുകഴിഞ്ഞു. ഹയർ സെക്കൻ ഡറി തല ഉദ്ഘാടനം ഒക്ടോബർ മൂന്നിന് മലപ്പുറം സെന്റ് ജമ്മാസ് ഹയർസെക്കൻഡറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹ്റ മമ്പാട് നിർവഹിച്ചു.

## നീന്തലിൽ സ്വർണം നേടി

2012 ഒക്ടോബർ 10 മുതൽ 12 വരെ തിരുവനന്തപുരത്തുവച്ചു നടന്ന സംസ്ഥാന സിവിൽ സർവീസ് നീന്തൽ ചാമ്പ്യൻഷിപ്പിൽ 50, 100, 200 മീറ്റർ, ബ്രെസ്റ്റ് സ്ട്രോക്കിൽ സ്വർണമെഡലും 13, 14 തീയതികളിൽ കോട്ടയത്തു നടന്ന രണ്ടാമത് സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ 50, 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിലും 200, 400 മീറ്റർ ഫ്രീസ്റ്റൈൽ മത്സരങ്ങളിൽ രണ്ടു വെള്ളിയും രണ്ടു വെങ്കല മെഡലുകളും നേടിയ എൽ. വിനോദ് കുമാർ ഗവ. സെക്രട്ടറിയേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വകുപ്പിലെ ഉദ്യോഗസ്ഥനാണ്.

ഒക്ടോബർ 10 മുതൽ 1 വരെ തിരുവനന്തപുരത്തുവച്ചു നടന്ന സംസ്ഥാന സിവിൽസർവീസ് ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ഗവ. സെക്രട്ടറിയേറ്റ് ടീമിനുവേണ്ടി പ്രീക്വാർട്ടർവരെ കളിക്കുകയും സംസ്ഥാന സിവിൽ സർവീസ് ടീമിൽ യോഗ്യതനേടുകയും ചെയ്തു.



**വിനോദ്കുമാർ**

ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ





# ദേവഭൂമി ഉത്തരാഞ്ചൽ

## നൈനിത്താൾ

ഉത്തരാഞ്ചൽ സംസ്ഥാനത്തിലെ നൈനിത്താൾ, അൽമോറ, പിത്തരോഗർ, ഉദംസിങ് നഗർ എന്നീ ജില്ലകൾ ചേർന്ന പ്രദേശങ്ങളെ പൊതുവായി കുമയോൺ താഴ്‌വരയെന്നു പറയുന്നു. റാണിഖേത്തിൽനിന്നും അറുപതു കിലോമീറ്റർ ദൂരം സഞ്ചരിച്ച് നൈനിത്താളിലെത്തിയപ്പോൾ വൈകുന്നേരം നാലുമണി കഴിഞ്ഞിരുന്നു.

നൈനിത്താളിൽ 1839 ൽ യൂറോപ്യൻമാർ എത്തിയതോടെയാണ് ജനവാസം ഏറിത്തുടങ്ങിയത്. വളരെപ്പെട്ടെന്നുതന്നെ ഇവിടം ഒരു ടൂറിസ്റ്റു കേന്ദ്രമായി വികസിക്കാനാരംഭിച്ചു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിലെ ബാരൺ എന്ന ഓഫീസറാണ് 1841-ൽ നൈനിത്താൾ ഹിൽസ്റ്റേഷൻ വികസിപ്പിച്ചത്. പ്രസിദ്ധ ഹിൽസ്റ്റേഷനായ ഡെറാഡൂണിൽനിന്നും നൈനിത്താളിലേക്ക് 387 കിലോമീറ്റർ ദൂരമുണ്ട്. സമുദ്രനിരപ്പിൽനിന്നും 1938 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നൈനിത്താളിന് 11.73 ച. കിലോമീറ്റർ വിസ്തീർണമേയുള്ളു.

തടാകങ്ങളുടെ നഗരമാണ് നൈനിത്താൾ. ചെറുതും വലുതുമായ അനേകം തടാകങ്ങൾ നൈനിത്താളിലുണ്ട്. മനുഷ്യ നേത്രത്തിന്റെ ആകൃതിയിൽ രൂപംകൊണ്ടതാണ് മുഖ്യതടാകമായ നൈനി തടാകം (നൈനി താൽ). നേത്രദേവതയുടെ ഇരിപ്പിടം (Abode of the Eye Goddess) എന്നും നൈനിത്താൾ അറിയപ്പെടുന്നു. നൈനി തടാകത്തിനുചുറ്റും വികസിച്ചതാണ് നൈനിത്താൾ നഗരം.

നൈനിതടാകത്തിന്റെ കരയിലെ ഹോട്ടൽ അംബാസിഡറിലാണ് ഞങ്ങൾ തങ്ങിയത്. തടാകത്തിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഹോട്ടലിനടുത്തേക്ക് വലിയ വാഹനങ്ങൾക്ക് പ്രവേശനമില്ല. ടൗണിൽ ബസ് പാർക്ക് ചെയ്ത് ടാക്സി കാറുകളിലാണ് ഞങ്ങൾ ഹോട്ടലിലെത്തിയത്.

ലഘു വിശ്രമത്തിനുശേഷം 22 കിലോമീറ്റർ അകലെയുള്ള ഭീം താൽ കാണാൻ പുറപ്പെട്ടു. നൈനി തടാകത്തെക്കാൾ വലിയതാണ് ഭീം തടാകം. ഭീമസേനൻ പ്രതിഷ്ഠ നടത്തിയതെന്നു കരുതപ്പെടുന്ന ശിവക്ഷേത്രമായ ഭീമേശ്വർ ക്ഷേത്രം ഇവിടെ സ്ഥിതി ചെയ്യുന്നു. ഭീം താലിനു സമീപത്തുനിന്നും ഹെർബൽ ചായ കുടിച്ചതിനുശേഷം ഹോട്ടലിലേക്കു പോയി. ഒന്നു ഫ്രഷായിട്ട് ചെറു സംഘങ്ങളായി പിരിഞ്ഞ് ഞങ്ങൾ നഗരവീഥിയിലിറങ്ങി. ചിലർ ബോട്ടിങ്ങിനു പോയി.

ചിർപ്, സാറ്റ്, നൗകുചിയ തുടങ്ങിയ പ്രകൃതിദത്തമായ മറ്റു തടാകങ്ങളും സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ടൗണിൽനിന്നും നടന്നു പോകാവുന്ന ദൂരത്തിൽ വാനനിരീക്ഷണ കേന്ദ്രമുണ്ട്. ഹനുമാൻ ഗർഢ്, സഞ്ജയ് പാർക്ക്, രാം നഗർ, ഗോൾഫ് കോഴ്സ്, മൃഗശാല തുടങ്ങിയവ കാണേണ്ടതാണ്.

മൾ റോഡിൽനിന്നും കേബിൾ കാറിൽ മഞ്ഞു വീണു കിടക്കുന്ന മലയിൽ ഇറങ്ങാം. ടിഫിൻ ടോപ്, ചൈന പീക്ക്, നൈനാദേവി, ലാൻഡ് എൻഡ്, സ്നോ വ്യൂ തുടങ്ങിയ പോയിന്റുകളിലേക്ക് കുതിരസവാരി നടത്തുന്നതിന് സൗകര്യമുണ്ട്. ചെലവഴിക്കാൻ സമയവും കൈനിറയെ പണവുമുണ്ടെങ്കിൽ നൈനിത്താൾ മനസ്സുമടുപ്പിക്കില്ല!

നൈനീദേവി ക്ഷേത്രം, ഹനുമാൻ ക്ഷേത്രം, സെന്റ് ഫ്രാൻസിസ് പള്ളി, ഗുരുദ്വാര തുടങ്ങിയ ആരാധനാകേന്ദ്രങ്ങൾ ഞങ്ങൾ സന്ദർശിച്ചു. ക്ഷേത്രവും പള്ളിയും ഒരുമിച്ചുള്ള മറ്റൊരിടവും തടാകക്കരയിൽ ഞങ്ങൾ കണ്ടു. തടാ



കക്കരയിലെ ഹനുമാന്റെ ഇരിക്കുന്ന രൂപത്തിലുള്ള പ്രതിഷ്ഠയോടുകൂടിയ ക്ഷേത്രം. ഏറെ ആകർഷണീയമായി. ഓഫ് സീസൺ ആയതിനാൽ രാത്രിയിൽ കടുത്ത തണുപ്പ് അനുഭവപ്പെട്ടു. ചില ദിവസങ്ങളിൽ മൈനസ് മൂന്നു ഡിഗ്രിവരെ താപനില താഴുമെന്ന് ഹോട്ടൽ അധികൃതർ പറഞ്ഞു. മാർക്കറ്റിൽ ഷോപ്പിങ് നടത്തി. പ്രത്യേക തരം പൂക്കളിൽനിന്നുണ്ടാക്കുന്ന സ്ക്വാഷ് വിവിധതരം മഞ്ഞിൽ നനഞ്ഞ നിരത്തിനപ്പുറം നിശ്ചലമായ തടാകം ചുറ്റുമുയർന്നു നിൽക്കുന്ന മലനിരകളെ പ്രതിഫലിപ്പിക്കുന്ന മനോഹരമായ കാഴ്ച മനം കുളിർപ്പിച്ചു. രാവിലെ നൈനി തടാകത്തിൽ ബോട്ടിങ് നടത്തി. തടാകത്തിന്റെ മധ്യത്തിൽ പെഡൽ ബോട്ടിലിരുന്ന്, ചുറ്റുമുള്ള മലനിരകളിലെ തൊങ്ങലുപോലെ തോന്നിപ്പിക്കുന്ന കെട്ടിടങ്ങളും കണ്ടു.

## ജിം കോർബറ്റ് പാർക്ക്

നൈനിത്താളിൽനിന്നും ജിം കോർബറ്റ് നാഷണൽ പാർക്കിലേക്ക് 118 കിലോമീറ്റർ ദൂരമുണ്ട്. ഹിമാലയ പർവതനിരകളോട് വിട പറഞ്ഞു നൈനിത്താൾ - ഡൽഹി റോഡിലൂടെ യാത്രതുടങ്ങി. ഉച്ചയോടെ രാംനഗറിലെ ജിം കോർബറ്റ് പാർക്കിലെത്തി. പാർക്ക് സന്ദർശിക്കുന്നതിനുള്ള എഴുത്തുകുത്തുകൾ നേരത്തേതന്നെ നടത്തിയിരുന്നു. പാർക്കിന്റെ ഫീൽഡ് ഡയറക്ടറുടെ ഓഫീസിൽനിന്നും ആവശ്യമായ നിർദേശങ്ങൾ സ്വീകരിച്ച് ഒരു മണിയോടെ പാർക്കിന്റെ പ്രവേശനകവാടത്തിലെത്തി. രണ്ടു മണിമുതലാണ് സഞ്ചാരികൾക്ക് പാർക്കിൽ പ്രവേശനം. മെയിൻ ഗേറ്റിനു മുന്നിലെ ഇക്കോ ഷോപ്പിൽനിന്നും പാർക്കിന്റെ എംബ്ലം ആലേഖനംചെയ്ത ടീഷർട്ടുകൾ, ക്യാംപ്, കടുവയുടെയും പുള്ളിപ്പുലിയുടെയും ചെമ്പുരൂപങ്ങളുള്ള കീ ചെയിൻ, പേന തുടങ്ങിയവ വാങ്ങി.

പാർക്കിൽ പ്രവേശനം ലഭിക്കുന്നതിന് ഒരാൾക്ക് 30 രൂപയാണ് ടിക്കറ്റ് നിരക്ക്. നാലു മണിക്കൂർ വാഹനത്തിൽ സഞ്ചരിക്കാം. കാൽനട യാത്ര അനുവദിക്കില്ല. മാരുതി ജിപ്സിയാണ് അംഗീകൃത വാഹനം. ഒരു ജിപ്സിക്ക് 600 രൂപയാണ് കൂലി. ഒരു വാഹനത്തിൽ ആറു പേർക്കു കയറാം. ഓരോ വാഹനത്തിലും ഓരോ ഗൈഡ് നിർബന്ധമാണ്. ഗൈഡിന്റെ സഹായമില്ലാതെ പാർക്കിൽ സഞ്ചരിക്കാൻ അനുമതി കിട്ടില്ല. ഒരു ഗൈഡിന് 150 രൂപയാണ് ഫീസ്.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് മുന്നൂറിലധികം മനുഷ്യരെ കൊന്ന നരഭോജികളായ പുള്ളിപ്പുലികളെ വകവരുത്തിയ വേട്ടക്കാരനായിരുന്നു ഇംഗ്ലീഷുകാരനായ ജിം കോർബറ്റ്. 'രുദ്രപ്രയാഗിലെ നരഭോജിയായ പുള്ളിപ്പുലി' (The Man - Eating Leopard of Rudra Prayag) എന്ന തന്റെ പുസ്തകത്തിൽ ജിം കോർബറ്റ് നരഭോജികളുമായുള്ള യുദ്ധത്തിന്റെ കഥ പ്രതിപാദിക്കുന്നുണ്ട്. കൃത്യം രണ്ടു മണികഴിഞ്ഞ് നാലു വാഹനങ്ങളിലായി ഞങ്ങൾ പാർക്കിൽ കടന്നു.

ഇപ്പോൾ കോർബറ്റിന്റെ പേരിലുള്ള പാർക്കിൽ കടുവകളെ സംരക്ഷിക്കുകയാണ്. 141 കടുവകൾ വിസ്തൃതമായ ഈ പാർക്കിലുണ്ടെന്നാണ് അവസാനത്തെ കണക്ക്. വിവിധയിനം പക്ഷികൾ, മയിൽ, മാൻ, കാട്ടുപോത്ത്, കുരങ്ങുകൾ തുടങ്ങിയവയെ പാർക്കിലെ നാലുമണിക്കൂർ യാത്രയിൽ ഞങ്ങൾ കണ്ടു. എന്നാൽ, കടുവകളെ മാത്രം കണ്ടില്ല. കടുവയുടെ കാല്പാടുകൾ പാർക്കിൽ പലയിടത്തും ഗൈഡ് കാണിച്ചുതന്നു. നാലു വാഹനങ്ങൾ ഒന്നിച്ചു നീങ്ങുന്നതിനാൽ വന്യമൃഗങ്ങൾ വഴിത്താരയിൽനിന്നും അകന്നുപോയതാണെന്ന് ഗൈഡ് പറഞ്ഞു.

വൈകുന്നേരെ ആറുമണിയോടെ ഞങ്ങൾ പാർക്കിൽനിന്നും പുറത്തുകടന്നു. വൈകുന്നേരത്തെ ചായകുടി കഴിഞ്ഞ് നേരെ ഡൽഹിക്ക് തിരിച്ചു.

ഉത്തരാഞ്ചലിൽനിന്നും ഉത്തർപ്രദേശ് വഴി വേണം ഡൽഹിക്കു പോകാൻ. സംസ്ഥാനാതിർത്തിയിലുള്ള ഒരു ചെക്ക് പോസ്റ്റ് കടന്നുപോകുന്നതിന് രാത്രിയിൽ തടസ്സമുള്ളതിനാൽ കുറേ കൂടുതൽ ദൂരം യാത്രചെയ്തു മറ്റൊരു ചെക് പോസ്റ്റുവഴിയാണ് ഞങ്ങൾ ഉത്തർപ്രദേശിൽ കടന്നത്.

വഴിയിലൊരിടത്ത് രാത്രി 11 മണിയോടെ ഒരു പഞ്ചാബി ഹോട്ടലിനുമുന്നിൽ രാത്രി ഭക്ഷണത്തിനായി വണ്ടി നിർത്തി. ഹോട്ടലുടമയായ പഞ്ചാബി അമൃതസറിലെ തന്റെ വീട്ടിലേക്കു പോയിരുന്നു. അദ്ദേഹത്തിന്റെ ഒൻപതും പന്ത്രണ്ടും വയസുവീതമുള്ള രണ്ടു പുത്രന്മാർക്കാണ് കടയുടെ ചുമതല. അവർക്ക് സഹായിയായി പന്ത്രണ്ടു വയസുള്ള ഒരു പഞ്ചാബി ബാലൻ കൂടെയുണ്ടായിരുന്നു.

ഇരുപത്തെട്ടോളം പേരുള്ള ഞങ്ങളുടെ സംഘം രാത്രി ഭക്ഷണത്തിനെത്തിയതോടെ മൂന്നു കുട്ടികളും ഉഷാറായി. തന്തൂരി റൊട്ടി നിമിഷങ്ങൾക്കകം ചുട്ടെടുക്കാൻ തുടങ്ങി. ഒരാൾ ആലുഗോബി, ഗോബി മഞ്ചൂരിയൻ, ദാൽ, സാലഡ് തുടങ്ങിയവയെല്ലാം ഞൊടിയിടയിൽ തയാറാക്കി. വെറും അരമണിക്കൂർകൊണ്ട് ഞങ്ങളുടെ സംഘത്തിനാവശ്യമായ മുഴുവൻ ഭക്ഷണവും രുചികരമായി തയാറാക്കി തൃപ്തികരമായവിധത്തിൽ വിളമ്പിത്തന്ന്, കണക്കുകൂട്ടി കൃത്യതയോടെ പണവും വാങ്ങി പെട്ടിയിലിട്ട് അടുത്ത യാത്രാസംഘത്തെ കാത്തുനിൽക്കുന്ന ആ കുട്ടികൾ ഏവർക്കും വിസ്മയമായി.

അധ്വാനിക്കാനുള്ള മനസ്സും ഏതു സാഹചര്യത്തേയും നേരിടാനുള്ള ആത്മവിശ്വാസവും അവർക്ക് നമ്മുടെ നാട്ടിലെ മുതിർന്നവരേക്കാളേറെയുണ്ടായിരുന്നു. 'ബാലവേല' എന്നു സഹതാപപൂർവം കാണാൻ അവിടെ ഒന്നുമുണ്ടായില്ല. ബാല്യത്തിൽ അധ്വാനിക്കുന്നതിന്റെ ക്ഷീണമോ, ദുഃഖമോ അവരുടെ മുഖത്ത് ഞങ്ങൾ കണ്ടില്ല. മറിച്ച് അധ്വാനിച്ച് പണം സമ്പാദിക്കുന്നതിന്റെ സന്തോഷവും ആത്മവിശ്വാസവുമാണ് ആ മൂന്നു കുട്ടികളുടെ മുഖങ്ങളിൽ ഞങ്ങൾ കണ്ടത്.

ഉത്തരാഞ്ചലിൽ നിന്നും ഉത്തർപ്രദേശ് വഴി യാത്രചെയ്ത് ഡൽഹിയിലെത്തി. പത്തു മണിക്കൂർ നീണ്ട യാത്ര. രണ്ടു ദിവസം ഡൽഹിക്കാഴ്ചകൾ. ചെങ്കോട്ട, രാജ്ഘട്ട്, ശക്തിസ്ഥൽ, വീർഭൂമി, തീൻമൂർത്തി ഭവൻ, കേരളാ ഹൗസ്, ട്രാവൻകൂർ ഹൗസ്, ജന്ദർമന്ദിർ, അക്ഷർധാം ക്ഷേത്രം, പുരാണകില, സരോജിനി മാർക്കറ്റ്, പാർലമെന്റ് മന്ദിരം, കുത്തബ് മിനാർ, കൊണാട്ട് പ്ലയ്സ്, മെട്രോ-അണ്ടർഗ്രൗണ്ട് റെയിൽവേ, കരോൾബാഗ് അങ്ങനെ... അങ്ങനെ..

പതിനാലാം ദിവസം രാവിലെ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽനിന്നും കേരള എക്സ്പ്രസിൽ യാത്ര തിരിക്കുമ്പോൾ ഇനിയും വരണമെന്ന ചിന്തയായിരുന്നു മനസ്സിൽ. ഹിമാലയം കാണാത്ത ഭാരതീയന്റെ ജീവിതം പൂർണമല്ല. ഒരിക്കൽ കണ്ടാൽ വീണ്ടും വീണ്ടും മാടിവിളിക്കുന്ന ആ പ്രപഞ്ച വിസ്മയത്തിനു മുന്നിൽ ശിരസ് നമിക്കാതെ വയ്യ. ഇനിയും പോകണം. അതു മാത്രമായിരുന്നിരിക്കും യാത്രാസംഘത്തിലെ ഓരോ അംഗവും മനസ്സിൽ പറഞ്ഞിരുന്നത്. ■

(അവസാനിച്ചു)

■ സതീഷ് പൂവത്തൂർ

വാർത്തയിൽ

# ചൈനീസ് വികസനക്രമം കേരളത്തിന് മാതൃക – മന്ത്രി കെ.സി. ജോസഫ്

ചൈന പിൻതുടരുന്ന വികസന സമീപനം കേരളത്തിന് മാതൃകയാണെന്ന് ഗ്രാമവികസന പ്ലാനിങ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ചൈനയുടെ രാഷ്ട്രീയ സംവിധാനരീതിയോടും പൗരാവകാശങ്ങൾ സംബന്ധിച്ച നിലപാടിനോടും യോജിക്കാൻ കഴിയില്ലെങ്കിലും അത്ഭുതകരമായ പുരോഗതി അതിവേഗം കൈവരിക്കുന്ന ചൈനയുടെ മാതൃക കേരളവും ഇന്ത്യയും കണ്ടു പഠിക്കേണ്ടതു തന്നെയാണെന്ന് മന്ത്രി പറഞ്ഞു. മന്ത്രി കെ.സി. ജോസഫിന്റെ നേതൃത്വത്തിലുള്ള നിയമസഭാംഗങ്ങളുടെ സംഘം 12 ദിവസത്തെ ചൈനീസ് പര്യടനം പൂർത്തിയാക്കി ഒക്ടോബർ 25ന് തിരിച്ചെത്തി. എം.എൽ.എമാരായ എ.കെ. ബാലൻ, ബെന്നി ബഹനാൻ, അഹമ്മദ് കബീർ, മുല്ലക്കര രത്നാകരൻ, റോഷി അഗസ്റ്റിൻ, ഹൈബി ഈഡൻ, വി.പി. സജീന്ദ്രൻ, സണ്ണി ജോസഫ്, അബ്ദുറഹിമാൻ രണ്ടത്താണി, പ്രൊഫ. രവീന്ദ്രനാഥ്, പാർലമെന്ററികാര്യ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്, പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടി. വറുഗീസ് എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

ബെയ്ജിങ്ങിലെ ചൈന നോർത്ത് റെയിൽവേ ഇൻഡസ്ട്രിയൽ യൂണിറ്റ്, ബയോടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി കമ്പനികൾ, റ്റിയാൻജിൻ ഹൈടെക് ഏരിയാ സ്മാർട്ട് സി. ട്രാസ് പ്രോജക്ട്, ഷാങ്ഹായ് ഡീപ് വാട്ടർ പോർട്ട്, ഷാങ്ഹായ് ഇലക്ട്രിക് കോർപ്പറേഷൻ, സോളാർ എനർജി കമ്പനി, ലൂമിനിയിംഗ് മോഡൽ വില്ലേജ്, ബെയ്ജിങ്-ടിയാൻജിൻ മുനിസിപ്പാലിറ്റികൾ തുടങ്ങിയ നിരവധി കേന്ദ്രങ്ങൾ സംഘം സന്ദർശിക്കുകയും അധികൃതരുമായി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഷാങ്ഹായ് പൊളിറ്റിക്കൽ കോൺഫറൻസ് വൈസ് ചെയർമാനും മുൻ മേയറുമായ ഷോടായ് ടോംഗ്, ചൈനാ നോർത്ത് റെയിൽവെ കോർപ്പറേഷൻ പ്രസിഡന്റ് സി.ഗോഹാ അടക്കം നിരവധി നേതാക്കളുമായി സംഘം കൂടികാഴ്ച നടത്തി.



മന്ത്രി കെ.സി.ജോസഫും സംഘവും ചൈനാസന്ദർശനവേളയിൽ

ഷാങ്ഹായ് തുറമുഖത്തിന് ആഴം കുറവായതിനാൽ കടലിലൂടെ 32.5 കി.മീറ്റർ നീളത്തിൽ രണ്ടു പാലങ്ങൾവീതം നിർമിച്ചാണ് യാംഗ്ഷാൻ ദ്വീപിൽ 15 മീറ്റർ ആഴമുള്ള ലോകത്തിലെ ഏറ്റവും വലിയ തുറമുഖങ്ങളിൽ ഒന്നായ യാംഗ്ഷാൻ തുറമുഖം ചൈന നിർമിച്ചത്. 31.5 മീറ്റർ വീതിയും 5000 ടൺശേഷിയും ഉള്ള ആറു വരിവീതം ഉള്ള 32.5 കി.മീറ്റർ കടൽപ്പാലം നിർമിച്ചത് മൂന്നു വർഷം കൊണ്ടാണെന്ന കാര്യം അവിശ്വസനീയമാണ്. സാങ്കേതിക വിദ്യയിൽ ചൈനയുടെ മികവിന്റെ നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിഞ്ഞു വെന്നതും ബെയ്ജിങ്, ഷാങ്ഹായ് നഗരങ്ങൾ, യൂറോപ്യൻ നഗരങ്ങളെ വെല്ലുവിളിക്കുന്ന അത്യാധുനിക സൗകര്യങ്ങളുടെ കേന്ദ്രമായി മാറിയിട്ടുണ്ടെന്നും മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

# ശശി തരൂരും കൊടിക്കുന്നിൽ സുരേഷും കേന്ദ്ര മന്ത്രിസഭയിൽ





പതിനേഴ് പുതുമുഖങ്ങളെ ഉൾപ്പെടുത്തി പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് കേന്ദ്ര മന്ത്രിസഭ പുനസംഘടിപ്പിച്ചു. ഏഴു കാബിനറ്റ് മന്ത്രിമാരും സ്വതന്ത്ര ചുമതലയുള്ള രണ്ടു സഹമന്ത്രിമാരും 13 പുതിയ സഹമന്ത്രിമാരുമുൾപ്പെടെ 22 പേരാണ് ഒക്ടോബർ 28 ന് രാഷ്ട്രപതി ഭവനിൽനടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

ശശി തരൂരും കൊടിക്കുന്നിൽ സുരേഷും സഹമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തതോടെ കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാരുടെ എണ്ണം എട്ടായി. കൊടിക്കുന്നിൽ സുരേഷിന് തൊഴിൽവകുപ്പ് ലഭിച്ചപ്പോൾ, സഹമന്ത്രി ഇ. അഹമ്മദിന്റെ (വിദേശകാര്യം) ചുമതലയിലുണ്ടായിരുന്ന മാനവവിഭവശേഷി വികസനമാണു ശശി തരൂരിന് ലഭിച്ചത്. ഊർജസഹമന്ത്രിയായിരുന്ന കെ.സി. വേണുഗോപാലിനെ വ്യോമയാനത്തിന്റെ സഹമന്ത്രിയായി ചുമതലയേൽപ്പിച്ചു.

സഹമന്ത്രിയായ മുല്ലപ്പള്ളി രാമചന്ദ്രനും (ആഭ്യന്തരം) കെ.വി. തോമസിനും (ഭക്ഷ്യം, പൊതുവിതരണം, ഉപഭോക്തൃകാര്യം) വകുപ്പുകളിൽ മാറ്റമില്ല. കാബിനറ്റ് മന്ത്രിമാരായ എ.കെ. ആന്റണിയും (പ്രതിരോധം) വയലാർ രവിയും (പ്രവാസികാര്യം) മുൻ വകുപ്പുകൾതന്നെയാണ് കൈകാര്യം ചെയ്യുന്നത്. വയലാർ രവിക്കുണ്ടായിരുന്ന ശാസ്ത്രസാങ്കേതിക വകുപ്പിന്റെയും ചെറുകിട ഇടത്തരം വ്യവസായവകുപ്പിന്റെയും അധികച്ചുമതല എടുത്തുമാറ്റി.

# മലയാളസർവകലാശാല യാഥാർഥ്യമായി



തിരൂർ തുഞ്ചൻപറമ്പിൽ മലയാളസർവകലാശാലയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒന്നാം ഭാഷയാക്കണമന്ന കാര്യത്തിൽ സർക്കാർ ഉറച്ച നിലപാട് സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. തിരൂർ തുഞ്ചൻ പറമ്പിൽ മലയാളസർവകലാശാലയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിക്കൊടുക്കുന്നതിനുള്ള ശ്രമം ഊർജിതപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അന്യസംസ്ഥാനത്ത് താമസിക്കുന്ന മലയാളി കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിനായി തുടങ്ങിയ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ മലയാളികളുള്ള വിദേശരാജ്യങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മലയാള ഭാഷയ്ക്കും പാരമ്പര്യ കലകൾക്കും പൈതൃക പോഷണത്തിനും സമർപ്പിക്കപ്പെട്ട തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ അന്താരാഷ്ട്ര നിലവാരമുള്ള മൗലിക ഗവേഷണങ്ങളും ബിരുദാനന്തരബിരുദ പഠനങ്ങളും ലക്ഷ്യമിടുന്നു. പ്രധാനമായും അഞ്ച് മേഖലകളിലുള്ള പഠനവും ഗവേഷണവുമാണ് ഇവിടെ ഉണ്ടാകുക.

**ഭാഷാ വിജ്ഞാനകോശം**
**(Faculty of Language studies)**

മലയാള ഭാഷാ ചരിത്രവും ഭാഷാ വിജ്ഞാനവും ലിപി പഠനവും സംസ്കൃത – തമിഴ് – പൈതൃകവും ശാസ്ത്രപൈതൃകവും വായ്മൊഴി – വരമൊഴി പാരമ്പര്യങ്ങളും ഇവിടെ പഠന വിധേയമാവും.

**സാഹിത്യകോശം**
**(Faculty of Literature)**

മലയാള സാഹിത്യത്തെപ്പറ്റി മറ്റ് സർവകലാശാലകളിൽ നടക്കുന്ന പരമ്പരാഗത പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ആഴമേറിയ പഠനത്തിന് ഉതകുന്ന പുതിയൊരു പഠന – ബോധന സമീപനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാഹിത്യകോശത്തിന് കീഴിൽ സാഹിത്യപഠനാലയം (School of Literature), താരതമ്യസാഹിത്യ പഠനാലയം (School of Comparative Literature), പരിഭാഷാ പഠനാലയം (School of Translation) എന്നിവ സ്ഥാപിക്കും.

**കലാകോശം (Faculty of Arts)**

കേരളീയ കലകളുടെ പഠനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രം കൂടിയാവും മലയാള സർവകലാശാല. കലാകോശത്തിന് കീഴിൽ രംഗകലാപഠനാലയം, നാടകപഠനാലയം, ദൃശ്യകലാപഠനാലയം, സംഗീതപഠനാലയം, വാസ്തുശില്പ പഠനാലയം, സാംസ്കാരിക പഠനാലയം എന്നീ സ്കൂളുകളും അവയ്ക്ക് കീഴിൽ സമുചിതമായ ഗവേഷണങ്ങളും പ്രൊജക്റ്റുകളുമുണ്ടാകും.

**പൈതൃക പഠനകോശം**
**(Faculty of Heritage Studies)**

കേരളത്തിന്റെ സാംസ്കാരിക ചരിത്ര പഠനവും, സാംസ്കാരിക വളർച്ചയുടെ പശ്ചാത്തലത്തിലുള്ള നരവംശശാസ്ത്ര പഠനവും സാമൂഹികശാസ്ത്ര പഠനവും ഉൾപ്പെടുത്തി അന്തർവൈജ്ഞാനിക കോഴ്സുകൾ ഏർപ്പെടുത്തും.

**വിജ്ഞാന പൈതൃക കോശം (Faculty of Traditional Knowledge Systems)**

കേരളത്തിന് അവകാശപ്പെട്ട വിജ്ഞാനപൈതൃകം വിശദമായി പഠിപ്പിക്കുന്ന കോഴ്സുകൾ ഇപ്പോൾ സർവകലാശാലകളിൽ നിലവിലില്ല. ഗണിതശാസ്ത്രം, ആയുർവേദം, വിഷവൈദ്യം, മർമചികിത്സ, ജ്യോതിശാസ്ത്രം, ജ്യോതിഷം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ സൗകര്യങ്ങളൊരുക്കും. ഈ വിഷയങ്ങളിലുള്ള ആധികാരിക ഗ്രന്ഥങ്ങൾ സംശോധനം ചെയ്തു പ്രസിദ്ധീകരിക്കുക, താളിയോലകൾ സമാഹരിക്കുക, പുതിയ വ്യാഖ്യാനങ്ങൾ തയ്യാറാക്കുക, വായ്മൊഴിയായി നിലനിൽക്കുന്ന അറിവുകൾ ശേഖരിക്കുക തുടങ്ങി വിപുലമായ പ്രൊജക്റ്റുകളുണ്ടാകും. ഇത്തരം പരമ്പരാഗത വിജ്ഞാനസമ്പത്ത് പരിരക്ഷിക്കുന്നതിനും ആധുനിക ശാസ്ത്രത്തിന് സ്വീകാര്യമാംവിധം ഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യങ്ങളുണ്ടാവും.

തുഞ്ചൻപറമ്പിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് അധ്യക്ഷനായി. എഴുത്തച്ഛൻ പുരസ്കാര ജേതാക്കളായ എം.ടി. വാസുദേവൻ നായരേയും ടി.പത്മനാഭനേയും ആദരിച്ചു. ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി, പ്രൊഫ. എം. ലീലാവതി എന്നിവർക്കുള്ള ഉപഹാരം പിന്നീട് കൈമാറും. തുഞ്ചത്തെഴുത്തച്ഛനെ സ്മരിച്ച് എം.ടി. വാസുദേവൻ നായർ സംസാരിച്ചു. സർവകലാശാല വൈസ് ചാൻസലർ കെ. ജയകുമാർ തയ്യാറാക്കിയ റിപ്പോർട്ടും ആർട്ടിസ്റ്റ് നമ്പൂതിരി തയ്യാറാക്കിയ രൂപരേഖയും സർവകലാശാലയുടെ ലോഗോയും പ്രകാശനം ചെയ്തു.

മന്ത്രിമാരായ കെ.എം. മാണി, ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ, എം.പി. മാരായ ഇ.റ്റി. മുഹമ്മദ് ബഷീർ, എം.ഐ. ഷാനവാസ്, പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. മാരായ കെ. മുഹമ്മദുണ്ണി ഹാജി, അഡ്വ. എം. ഉമ്മർ, ടി.എ. അഹമ്മദ് കബീർ, പി. ഉബൈദുള്ള, അബ്ദുറഹ്മാൻ രണ്ടത്താണി, എം.പി. അബ്ദുസമദ് സമദാനി, പി. ശ്രീരാമകൃഷ്ണൻ, അഡ്വ. എൻ. ഷംസുദീൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹ്റ മമ്പാട്, ജില്ലാ കലക്ടർ എം.സി. മോഹൻദാസ് എന്നിവർ സംസാരിച്ചു.

തിരൂർ നഗരസഭാ ചെയർപേഴ്സൺ സഫിയ, കോഴിക്കോട് സർവകലാശാല വൈസ് ചാൻസലർ ഡോ. എം. അബ്ദുൾ സലാം, തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. അബ്ദുള്ളക്കുട്ടി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഹഫ്സ ഇസ്മായിൽ, ടി. സൈനുദീൻ, വി.ജെ. ശാന്ത, കെ.വി. സുബൈദ, എം. നബീസ, എ.പി. നസീമ, സാമൂഹികക്ഷേമ ബോർഡ് ചെയർപേഴ്സൺ ഖമറുന്നീസ അൻവർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

തിരൂർ തുഞ്ചൻ കോളെജിലെ 20 ഏക്കറിൽ സർവകലാശാലയ്ക്ക് താത്ക്കാലിക ആസ്ഥാനമുണ്ടാക്കും. ആദ്യഘട്ടത്തിൽ 15 കോഴ്സുകളും പത്ത് മേഖലകളിൽ ഗവേഷണ സൗകര്യങ്ങളുമുണ്ടാകും. 26 അംഗ ഉപദേശക സമിതിക്കുപുറമേ അക്കാദമിക് കൗൺസിലും ഗവേഷണ കൗൺസിലും സർവകലാശാലയ്ക്കുണ്ടാകും. മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ ആണ് സർവകലാശാലാ വൈസ് ചാൻസലർ.

**റഷീദ് ബാബു ആമയൂർ**

■ എ.ജി. ഒലീന




# 'ഒരുവൾ' ജനിക്കുന്നത്, ജീവിക്കുന്നത്

വായനയ്ക്കും എഴുത്തിനും നീക്കിവയ്ക്കുന്ന നിശബ്ദരാത്രികളിൽ ചിന്തയെ അലോസരപ്പെടുത്തിക്കൊണ്ട് മിക്കപ്പോഴും ഉള്ളിലിരുന്നൊരുവൾ ചോദിക്കുന്ന ഒരുപിടി ചോദ്യങ്ങളിലൊന്നാണ് എപ്പോഴാണ് നീയൊരു പെണ്ണാണെന്നു ബോധ്യപ്പെട്ടത്? ഭൂമിയിൽ ജനിച്ചുവീഴുന്ന മനുഷ്യജീവി ഒന്നുകിൽ ആണോ അല്ലെങ്കിൽ പെണ്ണോ അതുമല്ലെങ്കിൽ രണ്ടുമല്ലാതെയും രണ്ടുംകൂടിയോ ഒക്കെ ആയിരിക്കുമെന്നു ജീവശാസ്ത്രം തെളിവു നിരത്തുന്നു. ഈ ഭൂമിയിൽ ആണായും പെണ്ണായും ജീവിക്കാനുള്ള - മനുഷ്യരായി ജീവിക്കാനുള്ള- പോരാട്ട സമരങ്ങൾക്ക് പ്രസ്ഥാനങ്ങൾ നേതൃത്വം കൊടുക്കുകയും ചെയ്തുവരുന്നു. ഇതൊക്കെയാണ് മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന ശാസ്ത്രീയ യാഥാർഥ്യമെങ്കിൽ സാമൂഹികയാഥാർഥ്യം തുറന്നുകാട്ടുന്ന മറ്റൊരു തലമുണ്ട്. ആണായും പെണ്ണായും ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ ശിശുവും വളർച്ചയുടെ ഓരോരോ സന്ദർഭങ്ങളിൽവെച്ച് തിരിച്ചറിയപ്പെടുകയാണ് താൻ 'ആണാ'ണെന്നും 'പെണ്ണു'മാത്രമാണെന്നും.

ജനിക്കുന്ന കുട്ടി പെണ്ണായിരിക്കണമെന്ന പ്രാർഥനയോടെ പിറന്നതാണെന്ന കേട്ടറിവുകളിൽ പിന്നിട്ട ഒരു ബാല്യം. ഉള്ളിലെപ്പോഴോക്കെയോ കരുത്തുപകർന്നിട്ടുണ്ടാകാം. ഒരിക്കൽപ്പോലും പെൺകുട്ടിയെന്ന രണ്ടാംതരം പൗരത്വം (സിമോൻ ദെ ബുവ്വ) ബോധ്യപ്പെട്ടിട്ടില്ലാത്ത വീട്ടിനുള്ളിലെ അന്തരീക്ഷത്തിന് തികഞ്ഞ കമ്യൂണിസ്റ്റായ അച്ഛന്റെ സാന്നിധ്യത്തോട് കടപ്പാട്. എങ്കിലും ബന്ധുവീടുകളുള്ള ഉള്ളടക്കവും ബന്ധുക്കളുടെ സ്നേഹപ്രകടനവും പെൺകുട്ടിയെന്ന ബോധ്യത്തിലേക്ക് കുറേശ്ശെ നയിച്ചുകൊണ്ടേയിരുന്നു. ഇടക്കിടെയുള്ള ബോധ്യപ്പെടലുകളെയും അതിജീവിച്ചുകൊണ്ട് മനുഷ്യവർഗ സമരപാതയിലാണ് മുന്നോട്ടുപോകേണ്ടതെന്ന പാഠം നിരന്തരം ഓർമപ്പെടുത്താൻ ഉതകുന്നതായിരുന്നു വീട്ടിനുള്ളിലെ ചർച്ചകൾ, വായനകൾ, നിരീക്ഷണങ്ങൾ ഒക്കെ. വാളത്തുംഗൽ ഗവ. ബോയ്സ് ഹൈസ്കൂളിലെ വാർഷികത്തിനെത്തിയ കെ.ആർ. ഗൗരിയമ്മയോടൊപ്പം ചെലവിട്ട നിമിഷങ്ങൾ, ഒരു മൂന്നുവയസുകാരിയുടെ ഉള്ളിൽ ഉണ്ടാക്കിയ ഊർജപ്രസരം പിന്നീടെപ്പോഴൊക്കെയോ തിരിച്ചറിഞ്ഞിട്ടുണ്ട്. പുസ്തകങ്ങൾ തുറന്നുതന്ന വിശാലലോകം ആൺ-പെൺ വേർതിരിവുകളുള്ള ചിന്തകളിൽനിന്നും മനസ്സിനെയും മസ്തിഷ്കത്തെയും വ്യതിചലിപ്പിച്ചുകൊണ്ടേയിരുന്നു. ഒരു പെൺകുട്ടിയായി എന്നു ശരീരശാസ്ത്രം വെളിപ്പെടുത്തിയിട്ടും പെൺജീവിതത്തിന്റെ പരിമിതികൾ അലോസരപ്പെടുത്തിയതേയില്ല. പുരോഗമന ചിന്തയോടൊപ്പം വളരുന്ന മറ്റേതൊരു പെൺകുട്ടിയേയും പോലെ അറിവിന്റെ അത്ഭുതലോകത്തെക്കുറിച്ചുമാത്രം സദാ പറഞ്ഞും വായിച്ചും ചിന്തിച്ചും നടക്കുന്ന സ്വതന്ത്രകാലം. പക്ഷെ അതിന് ആയുർദൈർഘ്യം പോരായിരുന്നു.

പിന്നീടങ്ങോട്ട് പുറംലോകം നിർദയമായും അകംലോകം നിസ്സഹായമായും പെൺനിർവചനങ്ങളാൽ നിർമിക്കപ്പെടുകയായിരുന്നു. ഈ ഭൂമിയിൽത്തന്നെ ഒരു പെണ്ണുലകം ഉണ്ടായിരുന്നുവെങ്കിൽ എന്ന് വ്യാമോഹിച്ചകാലം. വൈകാരിക വിക്ഷുബ്ധതകളുടെ ഒരു പെൺകാലം. ഭൂമിക്കു പുറത്തൊരു സ്ഥലം കാട്ടിക്കൊടുക്കാമെങ്കിൽ താൻ ഈ ഭൂമിയെ ഉയർത്താമെന്നു പറഞ്ഞ ഒരു ശാസ്ത്രജ്ഞനെപ്പോലെ ഭൂമിക്കുപുറത്തൊരു ലോകം ഉണ്ടാകട്ടെയെന്നു വെറുതെ വ്യാമോഹിക്കുന്ന കാലം. പക്ഷെ അപ്പോഴേക്കും അകത്തും പുറത്തും കലഹിക്കാനൊരു മനസ്സു രൂപപ്പെട്ടുകഴിഞ്ഞിരുന്നു. വായനയും ചിന്തയും ഗൗരവപ്പെട്ടതോടെ സ്ത്രീയവസ്ഥയെ വസ്തുനിഷ്ഠയാഥാർഥ്യമായി സ്വീകരിക്കുകയും സ്വയംവിശകലനത്തിനുള്ള ഒരുപാധിയും അന്യമാകാതെ സൂക്ഷിക്കുവാനും പഠിച്ചുതുടങ്ങി. ഇതിനിടയിലെ ജീവിതയാത്രയിലെവിടെയൊക്കെ വീണും മുറിഞ്ഞും മുറിവുകളിൽ മരുന്നുപുരട്ടിയും മുറിവുണക്കിയും യാത്ര പിന്നെയും നീണ്ടു നീണ്ടങ്ങനെ....

വൈയക്തികമായതെല്ലാം രാഷ്ട്രീയംതന്നെയെന്നു ബോധ്യമായതോടെ, വ്യവഹാരങ്ങൾ കല്പിച്ചുകൊടുത്ത പെൺജീവിതമെന്ന ആഖ്യാനത്തെ വിശദമായി പഠിക്കാൻ തുടങ്ങി. പൂർവനിർണീതമായ ഒരു വ്യവഹാരമണ്ഡലത്തിനകത്ത് അനേകം ജന്മങ്ങൾ അഥവാ വ്യത്യസ്ത അവതാരങ്ങളായി ജീവിക്കുക/ജീവിക്കപ്പെടുക മാത്രമേ പെണ്ണിനാവുള്ളൂ എന്ന യാഥാർഥ്യം ഉൾക്കൊണ്ടു Casting of role പലപ്പോഴും നേരത്തേതന്നെ നിശ്ചയിക്കപ്പെടുന്നു. അതു സ്വീകരിക്കുകയും അതേസമയം കലഹിക്കുകയും ചെയ്യേണ്ടിവരുന്ന ദ്വന്ദ്വാവസ്ഥകുറഞ്ഞപക്ഷം സ്വീകരിച്ചുവെന്നു നടിക്കുകയെങ്കിലും ചെയ്യേണ്ടിവരുന്ന നിസഹായത. വൈയക്തികതപോലും ചാർത്തിക്കൊടുക്കപ്പെട്ടതാണെന്ന യാഥാർഥ്യം. വ്യവഹാരമായ വ്യക്തിത്വം പോലും സ്വന്തമില്ലാത്ത അവസ്ഥ. ഈ അവസ്ഥ തിരിച്ചറിയുകയെന്നതാണ് ഒരുവളുടെ രാഷ്ട്രീയബോധത്തിന്റെ ആദ്യപടി. അത്തരമൊരു തിരിച്ചറിവിൽപോലും പ്രവേശിക്കാത്തതുകൊണ്ടാണ് ചിലരെങ്കിലും ഞങ്ങൾ സ്വതന്ത്രകളാണെന്ന മിഥ്യായാഥാർഥ്യത്തിൽ അഭിരമിക്കുന്നത്. കല്പിച്ചുകിട്ടിയ ഓരോ ആഖ്യാനവും ഓരോ കർതൃത്വത്തെ ഉല്പാദിപ്പിക്കുന്നുവെന്ന വസ്തുതായാഥാർഥ്യത്തെ ഉൾക്കൊള്ളുമ്പോൾ മാത്രമാണ് ഒരുവൾ ഒരു രാഷ്ട്രീയജീവിയായി പരിണമിക്കുന്നത്. ഈ രാഷ്ട്രീയ ബോധം ഒരുപരിധിവരെ വ്യക്തിസത്തയെ ചുറ്റിപ്പറ്റിത്തന്നെ നിലനിൽക്കുമെങ്കിലും വ്യക്തിപരതയുടെ രാഷ്ട്രീയപരിതോവസ്ഥ തിരിച്ചറിയപ്പെടുന്നതോടെ അവൾ സാമൂഹ്യസത്തയുടെയും വർഗസത്തയുടെയും ആശയങ്ങളെ സ്വാംശീകരിക്കാൻ ആരംഭിക്കും. അത്തരമൊരു രാഷ്ട്രീയ സ്ഥലിയിൽ എത്തിച്ചേരുമ്പോൾ വൈയക്തികമായതെല്ലാം രാഷ്ട്രീയമായി മാറും. അവിടെയാണ് ഇപ്പോൾ ഞാനെന്ന രാഷ്ട്രീയജീവി ജനിക്കുന്നത്, ജീവിക്കുന്നത്. ■

■ ഡോ. ബീന വേണുഗോപാൽ

# ഗോതമ്പ്

**ലോകമെമ്പാടും** കൃഷി ചെയ്യുന്ന ഒരു ധാന്യവിളയാണ് ഗോതമ്പ്. അരിയും ചോളവും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉത്പാദനം ഗോതമ്പിനാണ്. പല പ്രദേശങ്ങളിലും ഇത് ഒരു പ്രധാനാഹാരമാണ്. പ്രധാന ധാന്യങ്ങളായ അരി, ചോളം, ഗോതമ്പ് ആദിയായവയിൽ ഏറ്റവും കൂടുതൽ പ്രോട്ടീനുള്ളത് ഗോതമ്പിലാണ്. ആഗോള വ്യാപകമായി സസ്യപ്രോട്ടീനിന്റെ നല്ല സ്രോതസ്സായി കാണുന്നത് ഗോതമ്പിനെയാണ്.

ഇതൊരു പുൽച്ചെടിയാണ്. ജാനുസ്, ട്രിറഅറിക്കം തുടങ്ങിയ ഇരുപതോളം ഗോതമ്പിനങ്ങളുണ്ട്. വീറ്റ് എന്നാണ് ഇംഗ്ലീഷിൽ പേര്. കുടുംബം പോയേസീ. ഗോതമ്പ് ഉൽപാദിപ്പിക്കുകയും ഭക്ഷണമായുപയോഗിക്കുകയും ചെയ്യുന്ന ഒരു പ്രധാന രാജ്യമാണ് ഇന്ത്യ. കാർബൺ 14 ഡേറ്റിംഗ് പഠനങ്ങളിൽ നിന്നും ഇതിന്റെ ജന്മദേശം തെക്കുകിഴക്കൻ തുർക്കി എന്ന് മനസ്സിലാക്കിയിട്ടുണ്ട്. അതിപുരാതന കാലം മുതൽക്കേ ഗോതമ്പിനെ ഒരു പ്രധാനാഹാരമായി കരുതിയിരുന്നു. ബാബിലോണിലെ ചക്രവർത്തിമാർവരെ ഗോതമ്പിനെ പ്രകീർത്തിച്ചവരിൽപ്പെടുന്നു. പുരാതന കാലം മുതൽക്കേ ഇത് കൃഷി ചെയ്തിരുന്നതായി ചരിത്ര രേഖകളിൽ കാണാം. നൈൽ നദീതടം, സിറിയ, തുർക്കി, ഇസ്രയേൽ, ഈജിപ്ത് എന്നിവിടങ്ങളിൽ ഗോതമ്പ് കൃഷി നടന്നിരുന്നു. ബി.സി. 2000ന് മുമ്പ് ഗോതമ്പ് ഭക്ഷണമായുപയോഗിച്ചിരുന്നു. അങ്ങനെയാണെങ്കിൽ അന്ന് ഗോതമ്പ് കൃഷി ചെയ്തിരിക്കണമല്ലോ. ഇതിനേക്കാൾ പഴക്കമാണ് ബാർലിക്ക് അവകാശപ്പെടാനുള്ളത്. ബി.സി. 3000 ൽ ഇംഗ്ലണ്ടിലും സ്കാൻഡിനേവിയയിലും പിന്നെ ചൈനയിലും ഗോതമ്പെത്തി.

ഗോതമ്പ് ഒരു പ്രധാന ഭക്ഷണമായതിനും ചില കാരണങ്ങൾ കണ്ടെത്താനാവും. ഗോതമ്പ് കഴിക്കുന്നത് ഒരഭിമാനമായി പുരവാസികൾ കരുതിയിരുന്നു. ഗോതമ്പ് സൂക്ഷിയ്ക്കാനും ഭക്ഷണമായി രൂപപ്പെടുത്താനും കൂടുതൽ എളുപ്പത്തിൽ വിഭവങ്ങൾ ഉണ്ടാക്കാനും കഴിയുന്നു. ഗോതമ്പു കഞ്ഞി, റൊട്ടി, ചപ്പാത്തി എന്നിവയ്ക്ക് പുറമേ ബ്രഡ്, ബിസ്കറ്റ്, കേക്ക്, ന്യൂഡിൽസ് തുടങ്ങി എത്രയെത്ര വിഭവങ്ങൾ. പുളിപ്പിച്ച് ബീയർ തുടങ്ങി മദ്യങ്ങൾ വരെ ഉൽപാദിപ്പിക്കുന്നു.

100 ഗ്രാം ഗോതമ്പിൽ 360 കിലോ കാലറി (1506 കെ ജി) ഊർജ്ജമുണ്ട്. ഇതിൽ കാർബോ ഹൈഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീൻ, നാരുഘടകം തയമീൻ (ജീവകം ബി.1), റൈബോഫ്ളാവിൻ (ജീവകം ബി.2) നിയാസിൻ (ജീവകം. ബി.3), പാൻറോതെനിക് അമ്ലം (ജീവകം. ബി.5), ജീവകം ബി.6, ജീവകം ബി.9, കാൽസ്യം, അയെൺ, മഗ്നീഷ്യം, ഫോസ്ഫറസ്, പൊട്ടാസിയം, സിങ്ക്, മാംഗനീസ് എന്നിവ അടങ്ങിയിരിക്കുന്നു. ഓരോതരം ഗോതമ്പിലും പ്രോട്ടീനിന്റെ അളവ് വ്യത്യസ്തമായിരിക്കും. ഗോതമ്പ് കച്ചി കാലികൾക്കാഹാരമാണ്. വീടുമേയാനും ഉപയോഗിക്കുന്നു. ■



■ ഫോട്ടോ : പ്രശാന്ത് വെമ്പായം



# അഡീനിയം

## ശാസ്ത്രനാമം – Adenium Obesum

പല നിറങ്ങളിലായി വർഷം മുഴുവനും പൂത്തുവിരിയുന്ന അലങ്കാര സസ്യമാണ് അഡീനിയം. കൂടാതെ ഇവയെ ബോൺസായി രൂപത്തിൽ മാറ്റാൻ കഴിയും.

കോളാമ്പിപ്പൂവിന്റെ ആകൃതിയിൽ മധ്യഭാഗത്ത് വെള്ളനിറത്തിലും തുടർന്ന് ഇതിന്റെ അരികു ഭാഗത്ത് കടും പിങ്ക് നിറത്തോടും കൂടി കാണപ്പെടുന്നു.

വിത്ത്, ചെടിത്തണ്ട്, ഗ്രാഫ്റ്റിങ് രീതികളിൽ തൈകൾ ഉത്പാദിപ്പിക്കാവുന്നതാണ്. ■

■ പി.സി. വിജയൻ

## ചരിത്രത്തിലൂടെ : നവംബർ 2012

**1**
- കേരളപ്പിറവി ദിനം (1956)
- ഗുരുവായൂർ സത്യാഗ്രഹം നടന്നു (1931)
- മലയാളഭാഷയിലെ ആദ്യ ആനുകാലികം ജ്ഞാനക്ഷേപം പുറത്തിറങ്ങി (1948)

**2**
- ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞൻ ജോർജ്ബൂൾ ജന്മദിനം (1815 - 1865). ബൂളിന്റെ ബൂളിയൻ ആൽജിബ്ര അടിസ്ഥാനമാക്കിയാണ് ഡിജിറ്റൽ കംപ്യൂട്ടർ സർക്യൂട്ട് ഡിസൈൻ ചെയ്തത്.
- അഗാഖാൻ മൂന്നാമൻ ജന്മദിനം (1877 - 1957). മുസ്‌ലീം ലീഗിന്റെ പ്രസിഡന്റായിരുന്നു.

**3**
- ലെയ്ക്ക എന്ന നായ ബഹിരാകാശത്തെത്തി (1957).
- നരേന്ദ്രപ്രസാദ് ചരമദിനം (1946 - 2003)



- പർവേസ് മുഷറഫ് പാക്കിസ്ഥാനിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു (2007)

**4**
- രഞ്ജിട്രോഫി ക്രിക്കറ്റ് ടൂർണമെന്റ് ആരംഭിച്ചു (1934)
- തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ ആദ്യമായി തീവണ്ടിയെത്തി (1931)

**5**
- ഇന്തോനേഷ്യയിൽ മെറാപി അഗ്നിപർവതം പൊട്ടിത്തെറിച്ചു (2010). 304 മരണം
- പ്രശസ്ത സംഗീതജ്ഞൻ ഭൂപൻ ഹസാരിക അന്തരിച്ചു (1926 - 2011)
- ബറാക് ഒബാമ അമേരിക്കൻ പ്രസിഡന്റായി (2008)



**6**



- സിദ്ധാർഥ ശങ്കർ റേ അന്തരിച്ചു (1920 - 2010). പ്രശസ്ത നിയമജ്ഞനായ റേ ബംഗാൾ മുഖ്യമന്ത്രിയായിരുന്നു
- ജ്യോതിബസു മുഖ്യമന്ത്രി സ്ഥാനമൊഴിഞ്ഞു (2000)

**7**
- ദേശീയ കാൻസർ ബോധവത്കരണ ദിനം

**8**
- ഉത്തരാഞ്ചൽ സംസ്ഥാനം നിലവിൽവന്നു (2000)
- ബ്രാംസ്റ്റോക്കർ ജന്മദിനം (1847 - 1912). ഡ്രാക്കുള നോവൽ പ്രശസ്തം



**9**
- തിരുവനന്തപുരം അമ്പൂരി പൂച്ചമുക്ക് കുരിശുമലയിൽ ഉരുൾപൊട്ടി (2001) 38 പേർ മരിച്ചു
- നിയമസാക്ഷരതാ ദിനം

**10**
- മലബാർ കലാപത്തിനു തുടർച്ചയായി വാഗൺ ട്രാജഡി നടന്നു (1921)
- ഡീഗോ മറഡോണ വിടവാങ്ങൽ മത്സരം കളിച്ചു (2001). ബ്യൂണസ് ഐറിസിലെ ബോംബോണേറ സ്റ്റേഡിയമായിരുന്നു വേദി.



**11**
- കേരളത്തിലെ ഏഴു ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി ഉയർത്തി (2009). തൃക്കാക്കര, ഏലൂർ, മരട്, കരുനാഗപ്പള്ളി, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം
- വിദ്യാഭ്യാസ ദിനം

**12**
- ദേശീയ പക്ഷി നിരീക്ഷണ ദിനം.



**13**
- മ്യാൻമർ ജനാധിപത്യപോരാട്ട നായിക ഓങ്സാൻ സൂചി 21 വർഷത്തെ വീട്ടുതടങ്കലിൽനിന്നും മോചിതയായി (2010)
- കഥകളി ഗായകൻ ശങ്കരൻ എമ്പ്രാന്തിരി ചരമദിനം (1944 - 2007)

**14**
- കേരളത്തിൽ നടന്ന പക്ഷി സർവേയിൽ 280 ഇനങ്ങളെ കണ്ടെത്തി (2010).
- യേശുദാസ് ആദ്യ ചലച്ചിത്രഗാനം ആലപിച്ചു (1961)
- ശിശുദിനം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജന്മദിനം (1889 - 1964)



**15**
- മൂവായിരം കി.മീ. ദൂരപരിധിയും അണ്വായുധ വാഹകശേഷിയുമുള്ള അഗ്നി - 4 മിസൈൽ പരീക്ഷിച്ചു (2011)
- നാഥുറാം വിനായക് ഗോഡ്സെയെ തൂക്കിക്കൊന്നു (1949)

**16**
- നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് ഓടിത്തുടങ്ങി (2011)

**17**
- വ്യാഴത്തിന്റെ ഉപഗ്രഹമായ യൂറോപ്പയുടെ അടിത്തട്ടിൽ അമേരിക്കയുടെ ജലാശയങ്ങൾക്കു സമാനമായി ജലാശയമുണ്ടെന്ന് കണ്ടെത്തി (2011)
- കായംകുളം താപവൈദ്യുത നിലയം പ്രധാനമന്ത്രി വാജ്പേയി രാഷ്ട്രത്തിനു സമർപ്പിച്ചു (1999)

**18**
- ഇറാഖിൽ ഒമ്പതു വർഷത്തോളം നീണ്ട യു.എസ്. അധിനിവേശം അവസാനിച്ചു (2011)
- അമേരിക്കയിൽ ജോൺ സ്റ്റോൺ കൂട്ടക്കൊല നടന്നു (1978).
- ആറ്റത്തിന്റെ ഘടന അവതരിപ്പിച്ച നീൽസ്ബോർ അന്തരിച്ചു (1885 - 1962)

**19**
- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരവും തൊഴിൽ പരിശീലനവും നൽകാനുള്ള സബല പദ്ധതി തുടങ്ങി(2010). ഇന്ദിരാഗാന്ധിയുടെ ജന്മദിനത്തോടനുബന്ധിച്ചാണ് ഇത് നടപ്പിലാക്കിയത്.
- അപകടകാരിയായ കീടനാശിനി എൻഡോസൾഫാൻ കേരളത്തിൽ നിരോധിച്ചു (2010)

**20**
- കുട്ടികളുടെ വൈകാരിക പ്രശ്നങ്ങളും വ്യക്തി പ്രശ്നങ്ങളും പരിഗണിക്കാനുതകുന്നതരത്തിൽ സംസ്ഥാനത്ത് കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഹെൽപ് ഡെസ്ക് നിലവിൽവന്നു (2010)

**21**
- ശാസ്ത്രീയ നരവംശ ശാസ്ത്ര പഠനത്തിന്റെ സ്ഥാപകൻ ലൂയിസ് ഹെന്റി മോർഗൻ ജനിച്ചു (1818 - 1881)
- വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് അന്തരിച്ചു (1920 - 2010)
- ആഗോള ശിശുദിനം

**22**
- കേരള ലളിതകലാ അക്കാദമി പ്രവർത്തനമാരംഭിച്ചു (1962)
- സഞ്ചാരശാസ്ത്രത്തെ ശാസ്ത്രീയമായി ക്രമപ്പെടുത്തിയ തോമസ് കുക്ക് ജന്മദിനം (1808 - 1892)
- ബ്രിട്ടീഷ് അഡ്മിനിസ്ട്രേറ്റർ റോബർട്ട് ക്ലൈവ് 49 ാം വയസിൽ സ്വയം ഹത്യ നടത്തി (1774)

**23**
- ഐക്യരാഷ്ട്രസഭയുടെ സംയുക്ത പരിശോധനാവിഭാഗത്തിലെ ഒഴിവിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ഇന്ത്യ വിജയിച്ചു (2011)
- ഇന്ത്യയിൽ ഷിപ്പ്യാഡും എയർ ക്രാഫ്റ്റ് ഫാക്ടറിയും കാർപ്ലാന്റും സ്ഥാപിച്ച വാൽചന്ദ് ഹീരാചന്ദ്ജോഷി ജനിച്ചു (1882 - 1953)
- നീരദ് സി ചൗധരി ജന്മദിനം (1897 - 1999)

**24**
- ചാൾസ് ഡാർവിന്റെ ഓൺ ദി ഒറിജിൻ ഓഫ് സ്പിഷീസ് എന്ന ഗ്രന്ഥത്തിന്റെ ആദ്യ പതിപ്പ് 1,03,250 പൗണ്ടിന് (78 ലക്ഷം രൂപ) ലേലം ചെയ്തു (2009). 1859 ൽ ഇതേ ദിവസമാണ് ഈ പുസ്തകം പുറത്തിറങ്ങിയത്
- ആർ.കെ. ലക്ഷ്മൺ ജന്മദിനം (1924). പ്രശസ്ത എഴുത്തുകാരൻ ആർ.കെ. നാരായണിന്റെ സഹോദരനാണ് ഈ കാർട്ടൂണിസ്റ്റ്

**25**
- ജാപ്പനീസ് എഴുത്തുകാരൻ യുക്കിയോ മിഷിമ ഹിരാക്കിരിയ ആത്മഹത്യചെയ്തു (1925 - 1970)
- ടി.വി. കൊച്ചുബാവ അന്തരിച്ചു (1955 - 1999)


**26**
- ചൊവ്വയിൽ ജീവന്റെ തുടിപ്പുതേടി നാസയുടെ പേടകം ക്യൂരിയോസിറ്റി യാത്രതിരിച്ചു (2011)
- മുംബെയിൽ താജ്, ഒബ്റോയി, സി.എസ്.ടി, നരിമാൻ പോയിന്റ് എന്നിവിടങ്ങളിൽ ഭീകരാക്രമണം (2008). 170 മരണം
- ഭരണഘടന നിർമാണസഭ ഇന്ത്യൻ ഭരണഘടന അംഗീകരിച്ചു (1949)

**27**
- ഇന്ത്യയിലെ 20 ാമത് ആണവോർജ പ്ലാന്റ് കർണാടകയിലെ കൈഗ അണുശക്തി നിലയത്തിൽ പ്രവർത്തനമാരംഭിച്ചു (2010)
- സാരംഗി വിദ്വാൻ ഉസ്താദ് സുൽത്താൻഖാൻ മുംബെയിൽ അന്തരിച്ചു (1940 - 2011)

**28**
- പോസ്റ്റ് ഓഫീസുകളിൽ മണിഗ്രാം സംവിധാനം നിലവിൽവന്നു (2011).
- ഇംഗ്ലീഷ് നിരൂപകനും ഡിക്ഷണറി ഓഫ് നാഷണൽ ബയോഗ്രഫിയുടെ പ്രഥമ എഡിറ്ററുമായ സർ ലെസ്ലി സ്റ്റീഫൻ ജനിച്ചു (1832 - 1904)

**29**
- തെർമിയോണിക് വാൽവ് കണ്ടുപിടിച്ച സർ ജോൺ അംബ്രോസ് ഫ്ളെമിങ് ജനിച്ചു (1849 - 1945)
- ഹാലാസ്യ മഹാത്മ്യം രചിച്ച ചാത്തുക്കുട്ടി മന്നാടിയാർ അന്തരിച്ചു (1857 - 1904)
- ഇന്ത്യയുടെ മൈക്കിൾ ഫെരേര മൂന്നു ബില്യാർഡ് ചാമ്പ്യൻഷിപ്പുകൾ നേടി


**30**
- ജഗദീഷ് ചന്ദ്രബോസ് ജന്മദിനം (1858). വൈദ്യുത തരംഗങ്ങൾ റേഡിയേറ്ററിൽനിന്ന് അകലേക്കു പ്രവഹിക്കുന്നുവെന്ന് കണ്ടെത്തിയത് ബോസാണ്.
- മാർക് ട്വൈയ്ൻ ജന്മദിനം (1835 - 1910)





■ എസ്. പി.

# യൂറോപ്യൻ യൂണിയനും മൊ യെനിനും നൊബേൽ പുരസ്കാരം



2012 ലെ നൊബേൽ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം യൂറോപ്യൻ യൂണിയനാണ്. നൂറ്റാണ്ടുകളോളം യുദ്ധഭൂമിയായിരുന്ന യൂറോപ്പിനെ സമാധാനത്തിന്റെ ഭൂഖണ്ഡമാക്കിമാറ്റിയതിൽ യൂറോപ്യൻ യൂണിയൻ വഹിച്ച പങ്ക് നിർണായകമായിരുന്നു. നോർവെയുടെ പാർലമെന്റ് നിയോഗിച്ച അഞ്ചംഗ കമ്മിറ്റിയാണ് ഈ പുരസ്കാരം നിർണയിച്ചത്. നൊബേൽ ശ്രേണിയിലെ മറ്റു പുരസ്കാരങ്ങൾ സ്വീഡനിലാണ് നിശ്ചയിക്കുന്നത്. ഐന്ദ്രജാലിക യാഥാർഥ്യങ്ങളും അഗാധമായ ചരിത്രബോധവും ഇടകലർന്ന നോവലുകളിലൂടെയും ചെറുകഥകളിലൂടെയും ലോകമെങ്ങും ആരാധകരെ സൃഷ്ടിച്ച ചൈനീസ് എഴുത്തുകാരൻ മോ യെൻ (57) ആണ് ഈ വർഷത്തെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനത്തിന് അർഹനായത്. നാടോടിക്കഥകളെയും ചരിത്രത്തെയും സമകാലീനതയേയും സമന്വയിപ്പിക്കുന്ന വിഭ്രാത്മക യാഥാർഥ്യമാണ് യെന്നിന്റെ രചനകളെന്ന് സ്വീഡിഷ് അക്കാദമി വിലയിരുത്തിയത്.




മനുഷ്യശരീരത്തിലെ കോടാനുകോടി വരുന്ന കോശങ്ങൾ ചുറ്റുപാടുകളിൽനിന്നുള്ള സംവേദനം ഏറ്റുവാങ്ങുന്നത് എങ്ങനെയെന്നു കാണിച്ചുതന്ന യു.എസ്. ഗവേഷകരായ റോബാർട്ട് ലഫ്കോവിറ്റ്സും ബ്രയാൻ കോബിൽക്കയും രസതന്ത്രത്തിനുള്ള ഈ വർഷത്തെ നൊബേൽ സമ്മാനം കരസ്ഥമാക്കി.


ധനതത്ത്വശാസ്ത്രത്തിനുള്ള ഇക്കൊല്ലത്തെ നൊബേൽ പുരസ്കാരം അമേരിക്കക്കാരായ ആൽവിൻ റോത്തും ലോയിഡ് ഷേപ്‌ലിയും പങ്കുവെച്ചു. കോളേജ് പ്രവേശനത്തിനുള്ള ഏകജാലക സംവിധാനവും മറ്റും ഫലപ്രദമാകുന്നതിലേക്കു നയിച്ച പഠനങ്ങളുടെ പേരിലാണ് ഇവർക്ക് പുരസ്കാരം ലഭിച്ചത്.

## ഹിലരി മാന്റലിന് രണ്ടാമതും ബുക്കർ

ഇക്കൊല്ലത്തെ ബുക്കർ പുരസ്കാരത്തിന് വിശ്രുത ബ്രിട്ടീഷ് സാഹിത്യകാരി ഹിലരി മാന്റൽ അർഹയായി. രണ്ടാം തവണയാണ് ഈ അംഗീകാരം അവരെത്തേടിയെത്തുന്നത്. ക്രോംവെല്ലിന്റെ കാലഘട്ടത്തിലെ ചോരയുടെയും കണ്ണീരിന്റെയും നനവുപുരണ്ട ഹൃദയസ്പർശിയായ ചരിത്രകഥ ചിത്രീകരിച്ച *ബ്രിങ് അപ് ദ ബോഡീസി*നാണ് പുരസ്കാരം. ചരിത്രത്തിൽ ആദ്യമായാണ് വനിതയും ബ്രിട്ടീഷ് നോവലിസ്റ്റുമായ ഒരാൾ രണ്ടാം തവണയും ബുക്കർ പുരസ്കാരത്തിന് അർഹയാകുന്നത്. 2009 ൽ ഹിലരിയുടെ *വുൾഫ് ഹാൾ* എന്ന ഗ്രന്ഥം ബുക്കർ സമ്മാനം നേടിയിരുന്നു. 50000 പൗണ്ടാണ് (43 ലക്ഷം രൂപ) സമ്മാനത്തുക.





## ചൊവ്വയിലും ഉരുളൻ കല്ലുകൾ



ഭൂമിയിൽ അഗ്നിപർവതപ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്ന കല്ലുകളോട് സാദൃശ്യമുള്ളവ ചൊവ്വയിൽ കണ്ടെത്തി. ചൊവ്വ പര്യവേഷണം നടത്തുന്ന ക്യൂരിയോസിറ്റി ബഹിരാകാശ വാഹനമാണ് ഈ ഉരുളൻ കല്ലുകൾ കണ്ടെത്തിയത്. ലേസർ തരംഗങ്ങളുപയോഗിച്ചുള്ള പരീക്ഷണത്തിനായി തിരഞ്ഞെടുത്ത കല്ലിലൂടെയാണ് ഈ സാമ്യം തിരിച്ചറിഞ്ഞത്.

ഹവായ്, സെന്റ് ഹെലേന തുടങ്ങിയ ദ്വീപുകളിലും യു.എസ്സിലെ കൊളറാഡോ മുതൽ മെക്സിക്കോയിലെ ചിഹുവാഹുവ വരെ നീണ്ടുനിൽക്കുന്ന റിയോ ഗ്രാൻഡെ മേഖലയിലും കാണപ്പെടുന്ന കല്ലുകളുടെ രാസഘടനയാണ് ഇതിനുള്ളത്. ഇതിനു മുമ്പ് ചൊവ്വയിലെത്തിയ സ്പിരിറ്റ്, ഓപ്പർച്യൂണിറ്റി എന്നീ ബഹിരാകാശ വാഹനങ്ങൾ കണ്ടെത്തിയ ജേക് എന്നപേരിലുള്ള കല്ലുകളിൽനിന്ന് തികച്ചും വ്യത്യസ്തമാണിവ.



# കേരളവും ഭാഷയും

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല യാഥാർഥ്യമായി. എല്ലാ മലയാളികളുടെയും ചിരകാല സ്വപ്നമാണ് പൂവണിഞ്ഞത്. ഭാഷാപിതാവിന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ജന്മനാട്ടിൽത്തന്നെ ഉചിതമായ ഒരു ഭാഷാസ്മാരകം സ്ഥാപിക്കുവാൻ കഴിഞ്ഞതിൽ നമുക്കഭിമാനിക്കാം.

മലയാള സർവകലാശാലയിൽ എന്തൊക്കെ പഠിപ്പിക്കണമെന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. മലയാള ഭാഷയും സാഹിത്യവും സംസ്കാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ മനസിലാക്കുന്നതിനും ഗവേഷണം നടത്തുന്നതിനുമുള്ള സ്ഥാപനമായിരിക്കണമെന്നാണ് ഒരു വിഭാഗം പറയുന്നത്. കംപ്യൂട്ടർ സയൻസ്, മറ്റു ശാസ്ത്രവിഷയങ്ങൾ ഒന്നുംതന്നെ ഈ സർവകലാശാലയിൽ പഠിപ്പിക്കരുതെന്ന് ചിലർ പറയുന്നു. മാനവിക വിഷയങ്ങൾക്കുപുറമേ മെഡിക്കൽ, എൻജിനീയറിങ്, നിയമം, കംപ്യൂട്ടർ തുടങ്ങിയ വിഷയങ്ങളും മലയാളത്തിൽ പഠിച്ച് ബിരുദമെടുക്കുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നാണ് മറ്റുചിലർ വാദിക്കുന്നത്. ഉചിതമായ തീരുമാനമെടുക്കാൻ പറ്റിയ നേതൃത്വം ഇന്നു മലയാള സർവകലാശാലയ്ക്കുണ്ട്.

ഒരു കാര്യം വ്യക്തമാണ്. നമുക്ക് ഭാഷാ ഭ്രാന്തില്ല. മറിച്ച് നമുക്ക് ഭാഷയോടും നമ്മുടെ സംസ്കാരത്തോടും അഗാധമായ സ്നേഹമാണുള്ളത്. തീവ്രമായ നിലപാടുകളില്ല. നാം ഉപയോഗാധിഷ്ഠിതമായാണ് ഭാഷയെ കാണുന്നത്.

ലോകത്തിന്ന് 6000-7000 നുമിടയിൽ ഭാഷകളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നൂറു വർഷം കഴിയുമ്പോഴേക്കും ഇതിൽത്തന്നെ പകുതിയിലധികം ഭാഷകൾ അപ്രത്യക്ഷമാകുമെന്നും പഠനങ്ങൾ പറയുന്നു. നമ്മുടെ ഭാഷ പലതരം പരിണാമങ്ങളിലൂടെയാണല്ലോ ഇന്നത്തെ മലയാളമായി തീർന്നത്. ഇത് ഇനിയും പരിണമിക്കാം. പുതിയ വാക്കുകളും പ്രയോഗങ്ങളും സങ്കല്പങ്ങളുമൊക്കെ ഉരുത്തിരിഞ്ഞുവരാം. സാങ്കേതിക വിദ്യയുടെ കാലമാണല്ലോ. അതിർത്തികൾ മായ്ച്ചുകളഞ്ഞ് മലയാള ഭാഷ പുതിയ ഒരു ആഗോള സാന്നിധ്യമായി മാറില്ലെന്ന് ആരു കണ്ടു. നമ്മുടെ പ്രവാസി സമൂഹം സജീവമായി മലയാള ഭാഷയുടെ ഉണർവിനായി പരിശ്രമിച്ചാൽ അതും സാധ്യമാകും. ഇപ്പോൾത്തന്നെ ഭാഷയിൽ അവർ നടത്തുന്ന സജീവമായ ഇടപെടൽ ഭാഷയെ ഇന്റർനെറ്റിന്റെ ഭാഗമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കേരളപ്പിറവിദിനത്തിൽതന്നെ നമ്മുടെ ഭാഷയ്ക്ക് ഉചിതമായ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് നമുക്കു കഴിഞ്ഞു. അടുത്ത ശ്രമം ശ്രേഷ്ഠപദവിയാണ്. അതിന് സർക്കാരും ഭാഷാസ്നേഹികളും ഉണർന്നു പ്രവർത്തിക്കുന്നുണ്ട്. മലയാളം നമ്മുടെ അമ്മയാണ്. അമ്മയെ സ്നേഹിക്കുന്നതുപോലെ നമുക്ക് ഭാഷയെയും സ്നേഹിക്കാം. ■